"No, really, I did not," said Sue. "I never knew who this lawyer in the city was. You know, the only letters I have ever had from you came from that town near the sea and I had no idea that your father was in the city. You did not write to me this time. A letter I wrote to you did not bring any reply. I thought, you had finally submitted to your father's orders. When this proposal came for me, I told my parents that I did not wish to be married. But with you gone, I could not resist my mother's entreaties for long. However, all's well that ends well. Isn't it, dearest? No one will take you away from me hereafter."

There is no need to describe what followed. Suffice it to say that John's heart was so full of happiness that he could not be angry even with his step-mother when she threw into his lap the letter from Sue which she had intercepted some weeks before.

---

# COLLEGE SOCIETIES

## 1. The College Union

Office-bearers:

Mr. P. V. George (*President*)
Mr. Abraham Thomas (*Secretary*)
Miss K. P. Suseela (*Women Students' Representative*)
Mr. P. T. Varughese, (*IV Class Representative*)
" Cherian K. Mathews, (*III* " ")
" Abraham Kurien (*II* " ")
" Koshy Stephanos (*I* " ")
The Rev. Dr. K. C. Joseph (*Treasurer*)

Mr. P. V. George fell ill in the second term and had to leave the College. We are glad to learn that he is well on the way to recovery. Mr. P. A. Thomas was elected as the Acting President.

The inaugural meeting was held on the 24th of July 1953. Mr. K. P. Kesava Menon, Editor, Mathrubhoomi, gave the inaugural address.

Nine meetings were held in the course of the academic year. Some of the subjects debated at these meetings are given below:

(1) The standard of University Education in India can never be improved unless the syllabuses are less crowded than they are at present.

(2) Dowry system will do harm to society.

(3) [illegible]

(4) [illegible]

(5) English should not continue to be the medium of instruction in our Universities.

One parlimentary debate was conducted

this year. Mr. C. P. Mathew M. A., M. P. was the Speaker.

Mr. Anantasayanam Ayyangar, Deputy Speaker of the House of the People, addressed the Union on the 11th January 1954.

A special meeting was held in the first term to bid farwell to Mr. P. M. Mathai, M. Sc, who left for Canada for higher studies.

The valedictory meeting of the College Union took place on the 1st of March 1954. Mr. A. Chandrahasan M. A. gave the valedictory address.

The usual competitions for the members of the Union were conducted this year also.

### 2. The Student Christian Fellowship

The Student Christian Fellowship of the College is affiliated to the Student Christian Movement of India, Pakistan and Ceylon. The Fellowship had about 200 regular members this year. Corporate Worship, Bible Circles, Prayer Groups, Lectures by the members of the staff and other senior friends, and Sunday Schools were some of the activities of the S. C. F. Bibles, Bible Reading notes and religious books were, as in former years, distributed among the students. In the four Sunday Schools run by the S. C. F. there were in all 250 children. Thirty students taught in these Sunday Schools.

A new feature of the work of the S. C. F. this year is the publication of the weekly leaflet 'Thought for the Week.' We are glad it has been warmly welcomed by staff and students.

The Student Missionary Union of the S. C. F. continued with enthusiasm its evangelistic activities. During the second term, the Union sent a mission consisting of thirteen members to the coastal areas of Alleppey. This proved to be a very useful mission.

The S. C. F. Library consisting of about 300 religious books was made very good use of by the members.

### 3. The College Social Service League

The League has had another year of useful work. The most important of its activities is the Economic Relief afforded to poor neighbours. The allotment for this work



## RABINDRANATH TAGORE

By M. P. Joseph

was Rs. 500/- and nearly all of it has already been spent. Poor patients were sent to hospitals and sanatoria for treatment. Student volunteers thatched ten huts belonging to people who did not have the health and strength to do the work themselves. Financial assistance was afforded for thatching twenty other huts. Early in the year, in co-operation with the Alwaye Settlement the League distributed about two kandies of tapioca to victims of the flood in the neighbourhood.

The League arranged to give midday meals to 32 children of the local primary school on all working days in the year. The funds for this were provided by contributions from hostel messes. The total cost on this item amounted to Rs. 600/- this year. The Women's Social Service League continued to assist us by preparing and serving the food.

This year also the League organised games for the servants of the College messes and for the poor young folk in the neighbourhood. Two dailies were subscribed for the benefit of the servants of the messes and a night school was run by student volunteers

for the sake of the illiterate adults of the locality.

The annual variety entertainment in aid of the League was held on two nights early in October. This year we had a record collection of Rs. 750/-.

The Committee expresses its gratitude to all those friends—students and non-students whose co-operation and generous help have contributed so largely to the good work of the League.

# ATHLETIC ASSOCIATION

From the beginning of the year, all the clubs began to be very active and the captains spared no pains to give regular training and coaching. Inspite of inclement weather, there were weekly matches with local and outside teams. Perhaps this year we had the greatest number of matches with outside teams. But the women's teams could not arrange many friendly fixtures.

Towards the end of the First Term the Inter Class Sports Meet for Men and Women was held. The Senior Intermediate Class secured the Championship. This was an opportunity to find the new sports enthusiasts and it served as a good practice to all the athletes.

The Second Term, as usual, was the busiest, when most of the friendly matches were played. These matches helped us considerably in selecting players for the Inter-Collegiate tournaments. Inspite of all our sincere and hard work, we were not able to earn a decisive victory in any game in the University Inter collegiate series. In Football, Basketball and Volleyball, we were singularly unfortunate in losing in the zone finals. In Hockey and Cricket we were thrown out in the second round. We have only a very average standard in Tennis and hence for the last few years we have not been competing in the Tennis Tournament. We had high hopes of the Sports team, but we stood only third out of the twenty-three colleges that competed in the University athletic meet. Netball was the favourite game of our women students and we retained the Net-ball cup for the last three consecutive years, but this year that was snatched away from us by a neighbouring college.

The Kunnathunad Chalakudy Community Project held an open sports meet in our grounds during the first week of November. The Indian Navy at Venduruthy, Thevara College, St. Albert's College, St. Thomas College, S. D. College, Young Mens' Club, Trichur, Grades Club, Alleppy, Athletic club Palai, Union Christian College were some of the teams that competed for Men's items. We are happy to mention that we secured the Championship very easily and Messrs, P. C. George and B Vidyasagara Menon of our College were bracketed for the individual championship. For Women's items Maharaja's College, St. Teresa's College, Union Christian College and Mahilalayam High School were the only four teams. St. Teresa's College secured the championship. The Individual Championship was also annexed by a student of St. Teresa's College.

On the 14th and 16th of January the College Annual Sports were held. There was very keen competition between six units for Men. Holland hostel with its hefty stalwarts managed to get the Rolling trophy and Sri B. Vidyasagara Menon of the Junior Day Scholars' Association achieved the distinction of becoming the College Champion for the year 1953-'54. For the Women's items the Day Scholars were no match to the Hostellers and Miss Thankamma Oommen of the Hostel secured Individual Championship.

The greatest honour of the year is our winning the Rama Varma Rolling cup in the recent Cochin Games and Sri P. C. George of our college came out as the Champion by securing four first places.

The Inter-hostel tournaments in all games are really the most lively items in our athletic life. "*Citius Altius Fortius*" is the motto of all our competitors. All the tournaments were very well contested. The teams and their supporters have to be congratulated on the excellent sportsmanship they evinced throughout the tournament. They all fully believed in the advice given by our Sports-

man Principal "A Sportsman plays the game for the game's sake and as a spectator applauds good play on both sides" Chacko Hostel won in Tennis and Volleyball, Holland Hostel in Football, Junior Day Scholars in Cricket, and Basket ball and Senior Day-Scholars in Badminton. Chacko Hostel and Holland Hostel, after three goal-less draws, were bracketed as winners in Hockey.

Looking back on the activities of the year, one is happy to find that all our students have imbibed the spirit of true sportsmanship and that they have participated in all games in large numbers with real zest. The Presidents and Captains deserve to be congratulated on the excellent work they have done during the year under review.

---

# COLLEGE NOTES

## University Examination Results, March/April 1953.

### B. A. / B. Sc. Degree Examinations

| *Subject* | *No. presented* | *No. passed* *I Cl.* | *II. Cl.* | *III Cl.* | *Total* | *Percentage* | *Percentage in 1952* |
|---|---|---|---|---|---|---|---|
| English | 124 | | 4 | 71 | 75 | 60·5 | 68·9 |
| Malayalam | 116 | | 3 | 99 | 102 | 87·9 | 81·4 |
| Hindi | 11 | | 3 | 7 | 10 | 90·9 | 50·0 |
| Syriac | 1 | | 1 | | 1 | 100 | .. |
| B. A. Philosophy | 11 | 2 | 4 | 5 | 11 | 100 | 100·0 |
| B. A. Economics | 58 | | 7 | 47 | 54 | 93·1 | 75·8 |
| B. Sc. Mathematics | 14 | 1 | 1 | 4 | 6 | 42·8 | 77 |
| " Physics (with Maths.) | 23 | 3 | 2 | 18 | 23 | 100 | 67·7 |
| " " (with Chem) | 8 | 2 | 3 | 3 | 8 | 100 | 85·7 |

### Intermediate Examination

| | |
|---|---|
| Number presented | 201 |
| Number of complete passes | 91 |
| Number of First Class passes | 34 |
| Percentage of passes | 45·2 |

### Staff

Mr. V. K. Alexander, who is on Study Leave, has finished a year's' course in Religious Education in the Princeton University. He is now doing research in Clinical Psychology in Clark University, Worcester, Massachussetes.

Mr P. M. Mathai left for Toronto in August on Study Leave. He has registered for the Ph. D. degree in Physics of the University of Toronto. He has made a very good beginning in his work. He has been enabled to go for this course through the financial help given to him by some friends of Dr. K. C. Joseph in the S C M in Toronto. He is also the recipient of a Research Scholarship from the University of Travancore.

Mr. Ninan Abraham has returned from Oxford after a three-year course in Philosophy. His interests are now mainly in Philosophy and he did not desire to continue teaching English in this College. He resigned from the service of the College towards the end of the first term of this year. He has now been appointed on the Staff of Hislop College, Nagpur. We congratulate Mr. Ninan Abraham on his brilliant academic career in Oxford and wish him all success in his new sphere of work.

## HOLLAND HOSTEL DRAMATIC CLUB (1953-'54)

"ആരുടെ കുററം" By V. I. Alexander.



*Sitting:*—(*Left to Right*) Messrs Koshy Inchakalody, T. A. Abraham, Abraham Varughese M. A. (*Warden*), A. K. Mathews, C. K. Jacob (*Convener*), V. I. Alexander (*Director*).

*Standing:*—Messrs P. O. Mathews, K. M. Pathrose, P. T. Varughese (*Secretary*), K. V. Varughese, P. T. Paulose, V. A. Thomas, M. P. George, Joseph Alexander.

## THE COLLEGE VOLLEYBALL TEAM (1953-'54)



*Sitting* :—Messrs. C. P. Andrews B. A. (Physical Director), T. B. Ninan M. A. (Principal), V. M. Ittyerah M. A. B. Litt. (Oxon) (President), P. C. George (Captain).

*Standing 1st row* :—Messrs. V. J. Oommen, Joseph Charlie Augustine, P. V. Chacko, P. K. Koshy.

*Standing 2nd row* :—Messrs. Muhammed (Game's Boy), Alex Cherian, M. C. Thomas, C. P. Peter.

The following members of the Staff left the service of the College at the end of the last academic year.

1. Mr. K. M. John, B. Sc. — Tutor in English.
2. Miss. K. Anandavally Amma, B. Sc. — Demonstrator in Physics.
3. Mr. V. K. Yohannan, M. Sc. — " Chemistry.
4. Miss. K. J. Mary, B. A — " Biology.
5. Mr. V. Appukutta Menon, B. A. — Tutor in Malayalam.
6. Mr. K. Dayanandan, B. A. — "

## New Appointments

The Rev. Dr. K. C. Joseph fell ill at the beginning of the second term and had to be absent from the College for nearly two months. We are thankful that he has returned to the College from the Christian Medical College Hospital, Vellore, restored in health. According to the advice of the doctors he is doing only part time work this term.

In the emergency caused by Dr. Joseph's illness Mrs. R. G. Thomas was appointed as lecturer in English.

Other new appointments are :—

1. Miss Elizabeth George, M. A. — Tutor in English.
2. Mr. Varughese Ittyerah, B. A. — Tutor in Malayalam.
3. Mr. P. K. Balakrishnan Nair, B. A. — "
4. Mr. K. M. Punnose, M. Sc. — Lecturer in Physics.
5. Mr. V. Gopalakrishnan, M. Sc. — "
6. Mr. O. M. Mathen, M. Sc. — Lecturer in Biology.
7. Mrs. Lizamma George, B. Sc. — Demonstrator in Biology.
8. Mr. C. G. Ramachandran, M. Sc. — Lecturer in Chemistry.
9. Miss Ammukutty Mathew, B. Sc. — Demonstrator in Chemistry.

## New Courses

Two new Degree Courses in Science were added this year. They are Chemistry (main) with Physics (subsidiary) and Botany (main) with Chemistry (subsidiary).

The old 'Economics Room' and the adjoining rooms and verandah have now become the new B. Sc. Chemistry Laboratory. The Biology Department is now housed in the new two-storeyed building situated between the College Chapel and the new Physics Building.

The strength of the College this year is 820. This is nearly 100 more than the strength last year. To meet the urgent need for class rooms a new building consisting of three fairly big rooms is being built near the Varki Memorial Assembly Hall.

## Grants and Donations

The Commonwealth Trust have once again come to the help of the College with a generous donation of Rs. 10,000 towards the construction of the New Biology building which costs Rs. 56,000. It will be recalled that they made a contribution of Rs. 10,000 a few years ago to the College Silver Jubilee Fund. We are deeply thankful to the Commonwealth Trust for the interest they have been showing in the work of this College.

The generous contributions from old students and other friends have brought the K. C. Chacko Memorial Fund to the figure Rs. 4000. The target is Rs. 12,000.

We are very happy to state that the University of Travancore has sanctioned a half grant for the Biology building. We express our deep gratitude to the University for this help.

## Distinguished Visitors

1. Mr. K. P. Kesava Menon, Editor, Mathrubhoomi, inaugurated the College Union on the 24th July 1953.

2. Mr. M. P. Manmadhan Nair, addressed the College on Independence Day 1953.

3. Dr. Nicholas Zernov, Principal, Catholicate College, Pathanamthitta, conducted a retreat in the College Chapel on 19th Sept. '53 under the auspices of the 'Fellowship House' in connection with the anniversary of Mr. K. C. Chacko's death.

4. Mr. Robert Meagher, American Student Leader, addressed the College on the 21st October, 1953.

5. Dr. Arnold Nash of the University of North Carolina gave a lecture to the staff on 'Religious Perspective in College Teaching'

6. The Rev. Selvaratnam of Christu Seva Ashram, Jaffna, conducted a retreat in the College on the 23rd and 24th of Oct. 1953.

7. Shri Sankar Rao Deo visited the College on his Bhoodan Tour and addressed the College on the 19th of Nov. 1953.

8. Miss Muriel Leister, Gandhiji's hostess in London, addressed the College on the 23rd of Nov. '53 on 'The Fellowship of Reconciliation.'

9. The Rt. Rev. Alexander Theophilus, an old student of this College, paid the first visit to the College after his consecration as Bishop and conducted a retreat for the College on 5th Dec. 1953.

10. Mr. Ananthasayanam Ayyangar, Deputy Speaker of the House of the People, gave a lecture at a meeting on the 11th of Jan. 1954 under the auspices of the College Union.

11. Mr. S. C. G. Bach of the British Council showed three films of educational interest—Cambridge University, British Schools, and Kew Gardens.

## COLLEGE HOCKEY TEAM (1953—'54)



*Standing* (*L. to R.*) :—Messrs. Varghese Mathew, Mathew Varghese, I. C. Philipose, Y. Cherian, Games Boy.

*Standing* (*Lower row*) *L to R* :—Messrs. C. K. Jacob, M. O. David, T. J. Joshua, C. M. Joseph, Jacob Peter, George Stephanose.

*Sitting* (*L. to R.*) :—Messrs. C. P. Andrews, B. A., (*Physical Director*), Y. Mathai, T. B. Ninan, M. A., (*Principal*), K. J. Oommen (*Captain*), George Zachariah M. A., (*President*).

*Sitting below* (*L. to R.*) :—Messrs A. T. George, K. R. Sugathan

## SKINNER HOSTEL DRAMATIC CLUB (1953—'54)

"പൊലിഞ്ഞ ദീപം"



*Sitting*:— (*L. to* R.) Messrs. V. Chandapillai Kuriakose P. J. Mathew, O. M. Mathen M. Sc., (*Warden*), A. M. Chacko, Dn. P. M. Thomas (*Hostel Secretary*), V. A. John.

*Standing*:—Messrs. K. A. Kurian, P. V. Samual, P. Stephen Thomas, Paul Jacob, C. P. Peter.

# പ്രകൃതിയെ നോക്കി

(വറുഗീസ് ഇട്ടിയവിരാ ബി. എ.)

(കേക)

ഹാ! പ്രകൃത്യംബേ, ത്വദ്ദർശനമെനിക്കു സം-
പൂർണ്ണമാം ഗുണങ്ങളിലിച്ഛയുണ്ടാക്കിടുന്നു.

കണ്മയക്കിടും ശാരദാഭ്രത്തിൻ നീലാഭമാം
നിർമ്മലത്വമെന്നന്തരാത്മാവിന്നുണ്ടായെങ്കിൽ!

ഉജ്ജ്വലം ശുഭ്രം പ്രഭാപൂരമിട്ടപനത്തിൽ
നിത്യവും വിതറുന്ന രവിതൻ പ്രസന്നത,

സുഖശീതളം കിരണാമൃതം തളിച്ചിട്ടും
ശശിതൻ സൗമ്യസ്നിഗ്ദ്ധ മധുരസ്വഭാവവും

വാസന്തസസ്യങ്ങൾ തൻ നവമാം ചൈതന്യവും
വാസം ചെയ്തിരുന്നെങ്കിലെന്റെ ഹൃത്തടം തന്നിൽ !

പുലർകാലത്തിൽപ്പുതുതായ് വിരിഞ്ഞിടും പൂവിൻ
പുതുമയെഴും കാന്തിയെനിക്കു ലഭിച്ചെങ്കിൽ

കമിഴ്ന്നലീലാലോലനായ്ക്കിടന്നണി വിരൽ
നുണയും വായിൽനിന്നും ലാലാതന്തുക്കൾ ചിന്നി

പ്രഫുല്ലനേത്രോല്പലത്താലെന്നെ വീക്ഷിച്ചുമം
ഹരിക്കും മന്ദഹാസം പൊഴിക്കും പൈതൽപോലെ,

നിഷ്കളങ്കനായ് നിരാതങ്കനായ്ത്തീർന്നെങ്കിൽ ഞാൻ
നിത്യവും! ശിശുതുല്യന്മാർക്കു താൻ മോക്ഷം ലഭ്യം.

മൃദുവായുവിൽ തലയാട്ടിയുല്ലസിച്ചെഴും
കളമാളികൾപോലെ ഹൃഷ്ടനായ്ത്തീർന്നെങ്കിൽ ഞാൻ !

ക്ഷണവും നില്ക്കാതെങ്ങും കൂലങ്ങൾ കുത്തിക്കുതി-
ച്ചതിവേഗത്തിൽ പായും നദിപോൽ ഞാനും സദാ

അവിരാമം വിഘ്നങ്ങൾ തട്ടിനീക്കിക്കൊണ്ടെന്നും
മമ ലക്ഷ്യത്തിൻനേർക്കു മുന്നോട്ടുകുതിച്ചെങ്കിൽ !

ചിന്തയാം ചക്രവാളസീമയ്ക്കുമതീതമായ്
സന്തതമാനന്ദോർമ്മിമാലയാൽച്ചലിതമായ്

അന്തമേലാതെയെങ്ങും പരന്നുലസിച്ചീടും
ശാന്തിവാരിധിയിൽ ഞാൻ നിത്യമായ് ലയിച്ചെങ്കിൽ !

# തകൎന്ന ജീവിതം

By M. J. DEVASIA, Class IV, *Econ.*

'ഗോപീ! എങ്കിലും സ്നേഹിതൻ ഇത്ര നല്ലോരു വിവാഹാലോചന നിരസിച്ചുകളഞ്ഞല്ലോ?'

'അതിനെന്താ?'

'നമ്മൾ ജോലി ചെയ്യുന്ന ഈ എസ്റ്റേററിന്റെ ഉടമസ്ഥന്റെ ഏകപുത്രിയല്ലേ അവൾ? അഴകും, ആഭിജാത്യവും, അന്തസ്സും ഉള്ള ഒരു യുവതിയല്ലേ അവൾ?'

'ആയിരിക്കാം,' നിരുത്സാഹനായി ഗോപി പറഞ്ഞു.

'നിങ്ങളെ ആത്മാൎത്ഥമായി സ്നേഹിക്കുകയും ആരാധിക്കുകയും ചെയ്യുന്ന ഒരു 'സ്ത്രീഹൃദയം' അല്ലേ അവളുടേത്?'

'സ്ത്രീഹൃദയം! ............ കണ്ണുനീരിന്റെ ആ കഥ ഓൎപ്പിക്കാതെ തോമസേ! അന്നേല്പിച്ച മുറിവുകളുടെ ഉണങ്ങാത്ത വ്രണങ്ങൾ ആണ് ഇന്നു എന്റെ ജീവിതത്തിൽ. ഏതാനും മാസത്തെ പരിചയമല്ലേ നമ്മൾതമ്മിലുള്ളു. ശോകമൂകമായ എന്റെ കഴിഞ്ഞകാലകഥകൾ നിങ്ങൾ അറിഞ്ഞിരിക്കുകയില്ല.'

'അതെന്താണു ഗോപീ?' തോമസിന്റെ മനസ്സിൽ ജിജ്ഞാസ ചൂണ്ടകൊളുത്തി.

'എന്റെ ജീവിതകഥ..........അതു വല്ലെനായുടെ മുമ്പിൽ തകൎന്നുവീണ ഒരു പ്രേമകഥയാണ്. വെറുമൊരു കെട്ടുകഥയല്ല. അനുഭവത്തിന്റെ തൂലികത്തുമ്പ്, യാഥാൎത്ഥ്യങ്ങളുടെ മഷിയിൽ മുക്കി, ഹൃദയത്തിന്റെ മാംസഭിത്തിയിൽ കുത്തിക്കുറിച്ച ഒരു ശോകകഥയാണത്! പ്രേമത്തിൽ ജനിച്ച്, കണ്ണുനീരിൽ അവസാനിച്ച ഒരു ശോകാന്തനാടകം!'

ഗോപി തുടൎന്നു:—

'സരസു' എന്റെ ബാല്യകാലസഖിയായിരുന്നവൾ. അഴകിൽ പൊതിഞ്ഞ ആകാരം! പാറിക്കളിക്കുന്ന ആ കുറുനിരകളും വിടൎന്ന കണ്ണുകളും ഇന്നും ഞാനോൎക്കുകയാണ്. ഞങ്ങൾ ഒരുമിച്ചാണു സ്കൂളിൽ പോകാറുള്ളതും, തിരിച്ചുവരുന്നതും. ഒന്നിച്ചു ഞങ്ങൾ ജീവിച്ചു, ഒന്നിച്ചുവളൎന്നു.

യൌവ്വനത്തിന്റെ മോഹനാരാമത്തിലേക്കു ഞങ്ങൾ കാലുവച്ചു. താരുണ്യത്തിന്റെ ഇടിമുഴക്കം കേട്ടു അവളുടെ മാറിടത്തിൽ നാണത്തിന്റെ കൂണുകൾ മുളച്ചു പൊങ്ങിയിരുന്നു. അവളുടെ യൌവനം ഒരു വിപ്ളവകാരിയെപ്പോലെ മുമ്പോട്ടു കുതിച്ചു.

സൌന്ദൎയ്യത്തിന്റെ സാക്ഷാത്കാരം. അവൾ എന്റെ ചിന്തകൾക്കു കാന്തിക്കൂട്ടി. എന്റെ ഭാവനകളിൽ സംഗീതം പകൎന്നു. കിനാവുകളിൽ കിക്കിളി വിതച്ചു.

എന്നെ കാണുമ്പോൾ ഒരു നേരിയ പുഞ്ചിരി, ആ ചെഞ്ചുണ്ടുകൾ വികസിക്കും. അതോടെ നൂറു നൂറു വികാരങ്ങൾ എന്റെ ഹൃദയത്തിൽ മിന്നിപ്പൊലിയും!.........ഒരിക്കിളി!...അപൂൎണ്ണമായ ഒരിക്കിളി!!......അതു പൂൎണ്ണതയ്ക്കുവേണ്ടി, വെമ്പിപ്പിടഞ്ഞ്, എന്റെ ഹൃദയത്തിലൂടെ ഓടിനടന്നു!

ദിവസങ്ങളുടെ ഇതളുകൾ കൊഴിഞ്ഞുകൊണ്ടിരുന്നു! പവിത്രമായ സ്നേഹത്തിന്റെ സുവൎണ്ണശൃംഖലയിൽ ഞങ്ങളുടെ ഹൃദയങ്ങൾ ബന്ധിക്കപ്പെട്ടു. അങ്ങനെ ഒട്ടിച്ചേൎന്ന രണ്ടു ജീവിതങ്ങൾ! പ്രേമത്തിന്റെ മുല്ലമാലയിൽ കൊരുക്കപ്പെട്ട രണ്ടു പൂക്കളായിരുന്നു ഞങ്ങൾ! മധുവും മലരുംപോലെ! അംബരം അമ്പിളിയുംപോലെ.!—ഒരേ ഞെട്ടിലെപ്പോലെ ഞങ്ങൾ വിടൎന്നു, തേനിൽ കുളിച്ചും, ആനന്ദത്തിൽ നൃത്തമാടിയും!!

പക്ഷേ! ഞങ്ങളുടെ പ്രേമനസ്സ്, വേഗം കാൎകൊണ്ടിരുണ്ടുപോയി. എനിക്ക് ഒരു വിവാഹാലോചന വന്നു. ഒരയൽ കുടുംബത്തിൽനിന്നും. എന്നാൽ എന്റെ ഹൃദയം ഞാൻ സരസുവിനുവേണ്ടി പ്രതിഷ്ഠിച്ചു കഴിഞ്ഞിരുന്നു. അച്ഛനെന്നെ ഉപദേശിച്ചു, നിൎബ്ബന്ധിച്ചു, ഞാനവളെ മറക്കുവാൻ. പ്രേമത്തിന്റെ ബലിക്കല്ലിൽ സരസുവിനുവേണ്ടി അവസാനത്തെ തുള്ളി രക്തംകൂടി ഒഴുക്കുവാൻ ഞാൻ തയാറായിരുന്നു. അങ്ങനെ

ആദ്യമായി അച്ഛന്റെയും എന്റെയും അഭിപ്രായഗതികൾ തമ്മിലിടഞ്ഞു. അഴിവും അയവും ഇല്ലാത്ത രണ്ടു വിപരീത ആശയങ്ങൾ തമ്മിൽ ഏറ്റുമുട്ടി.

'ഗോപീ—' അച്ഛനെന്നെ വിളിച്ചു.

നിശ്ശബ്ദനായി ഞാൻ നീങ്ങിനിന്നു.

'ഞാൻ നേരത്തെ പറഞ്ഞല്ലോ അവളെ അങ്ങു മറന്നേക്ക്.'

'ആത്മാർത്ഥമായി ഞാൻ സ്നേഹിച്ചു'......

'നിന്റെ ആത്മാർത്ഥത. അതൊക്കെ വെറും തോന്നലല്ലേ?....'

'വെറും തോന്നലോ?'......ഞാൻ അറിയാതെ പറഞ്ഞുപോയി.

'യുവത്വത്തിൽ ഇങ്ങനെയൊക്കെ തോന്നും! ജീവിതത്തിന്റെ യാഥാർത്ഥ്യങ്ങളിലേക്കു കടക്കുമ്പോഴാണ്........'

"അച്ഛാ! ഇക്കാര്യത്തിൽ ..."

'ഇക്കാര്യത്തിൽ നീ എന്നെ അനുസരിക്കണം.'

'അവളെ അല്ലാതെ ഞാൻ. ...'

'ങേ—ഏ—ങ്ങ'

എന്റെ തല പുകയുന്നതായി എനിക്കു തോന്നി. കരളിൽ കദനഭാരം കടിച്ചു ഉന്തി. ആശയുടെയും ആശങ്കയുടെയും മദ്ധ്യേ ഞാൻ തളർന്നു വീണു.

'ജീവിതം.'

'പ്രേമം.'

ഇവ എന്റെ ഹൃദയത്തിൽ ഒരു 'കാക്ടിൽ' പ്രശ്നം എറിഞ്ഞിട്ടു. ഞാൻ അവസാനം ഒന്നു തീരുമാനിച്ചു.

......നിശീഥിനിയുടെ നിശ്ശബ്ദതയിൽ മുൻ പറഞ്ഞിരുന്നതനുസരിച്ചു ആ വൃക്ഷച്ചുവട്ടിൽ ഞാൻ നേരത്തെ എത്തി. എന്റെ സരസ്സുവിനെയും കാത്തുകാത്തു ഞാനിരുന്നു. നിമിഷങ്ങളുടെ നൂലിൽ, പ്രതീക്ഷയുടെ പൂക്കളും കോർത്തുകൊണ്ട്.

അനന്തമായ ആകാശത്തിന്റെ അടിത്തട്ടിൽ തലചായ്ച്ചുകൊണ്ടു പൂർണ്ണചന്ദ്രൻ പുഞ്ചിരി തൂകി. വെൺനിലാവിന്റെ കുളിർസ്പർശമേറ്റു ഭൂമിയുടെ മാറിടം പുളകമണിഞ്ഞു. കൊച്ചുകൊച്ചു ചെടികളെ കിക്കിളി ഇട്ടുകൊണ്ടു് ഒരിളംതെന്നൽ അതിലെ ഒളിച്ചുകളിച്ചു. വസന്തം മാറിനിന്നു മന്ദഹസിച്ചപ്പോൾ പ്രണയപരിഭവത്തോടെ കൈതപ്പൂമലകൾ കവിൾ തുടുപ്പിച്ചു. വിശപ്പു കത്തുന്ന പറവകളെപ്പോലെ കൊച്ചു മുകിലുകൾ ചിറകടിച്ചു പറന്നു!

എന്റെ പ്രതീക്ഷകളെ സാക്ഷാത്കരിച്ചുകൊണ്ടു് അതാ! അവൾ വന്നുകഴിഞ്ഞു. ഒരു വനദേവതയെപ്പോലെ.

പലതും എനിക്കവളോടു പറയുവാനുണ്ടായിരുന്നു! എന്നാൽ! വികാരം വാക്കുകളെ തൊണ്ടയിൽ കുരുക്കിനിറുത്തി.

'എന്താണൊന്നും മിണ്ടാത്തതു്?'

'സരസൂ! അച്ഛനും അമ്മയും എന്നോടു വളരെ കോപിച്ചിരിക്കുകയാണ്.'

'ഞാനും അറിഞ്ഞു. കുറേയൊക്കെ.'

'ഞാൻ ഒന്നുറച്ചുകഴിഞ്ഞു, ഈ നാടു വിടാൻ.'

'എന്നിട്ടെവിടെ പോകാനാണു്?'

'ബോംബയിൽ എനിക്കൊരു ആത്മസുഹൃത്തുണ്ടു്. ഒരു വലിയ കമ്പനിമാനേജരുടെ പുത്രനാണയാൾ. തീർച്ചയായും എനിക്കവിടെ എന്തെങ്കിലും ഒരു ജോലി കിട്ടാതിരിക്കയില്ല.'

മൂകമായ അന്തരീക്ഷത്തിൽ, മധുരശബ്ദമുതിർത്തുകൊണ്ടു് പൂങ്കുയിലുകൾ പാട്ടുപാടി. ഉപമാരുതൻ ലതികകളെ തഴുകിപ്പുണർന്നു! പാതിരാപ്പൂക്കൾ, നിന്നിമേഷരായി ഞങ്ങളെ നോക്കി നിന്നു. അങ്ങു വിദൂരതയിൽ രണ്ടു രാക്കിളികൾ വട്ടമിട്ടു പറന്നു!!...... അംബരപ്പരപ്പിൽ. താരകകന്യകമാർ, മേഘാവരണംകൊണ്ടു മുഖം മറച്ചു. വെള്ളിമേഘങ്ങൾ ചിരിയടക്കിക്കൊണ്ടു ഓടിപ്പോയി. നിശ്ശബ്ദതയെ പൊട്ടിച്ചെറിഞ്ഞുകൊണ്ടു് അവൾ ചോദിച്ചു.

'ഞാനുംകൂടെ പോരട്ടേ!......അങ്ങയുടെ കൂടെ...'

'നിരവധി പ്രയാസങ്ങൾ! പട്ടിണികൂടിയും സഹിക്കാമെന്നാണെങ്കിലേ........'

'അതിനുള്ള കഴിവു്......ഈശ്വരനെനിക്കു തന്നിട്ടുണ്ട്.'

'എങ്കിലും ..............'

'സാരമില്ല......ഞാനുംകൂടി......'

X X X X

ഞങ്ങൾ ബോംബെയിൽ എത്തി. രവിയെ കണ്ടു. അയാളുടെ അമ്മാവന്റെ കമ്പനിയിൽ തന്നെ എനിക്കൊരു ജോലി കിട്ടി. ചെറിയ ഒരു വീടു ഞങ്ങൾ വാടകയ്ക്കെടുത്തു. ജീവിതത്തെ നേരിടാൻ, ലോകത്തിന്റെ രണഭൂമിയിലേക്കു ഞങ്ങൾ ധൈര്യത്തോടെ ഇറങ്ങിക്കഴിഞ്ഞു.

സരസുവിന്റെ സാന്നിധ്യത്തിൽ ലോകം മുഴുവൻ എനിക്കു ആനന്ദമയമായിത്തോന്നി. പ്രേമത്തിന്റെ കായൽപ്പരപ്പിലൂടെ, ഞങ്ങളുടെ ജീവിതനൗക തിരകളെ മുറിച്ചു പാറിപ്പറന്നു.

സുന്ദരിയും സുശീലയും ആയ എന്റെ ജീവിതസഖിയിൽ ഞാൻ ആത്മാർത്ഥമായി അഭിമാനംകൊണ്ടു. പ്രേമത്തിന്റെ പൊന്നൂഞ്ഞാലിൽ കയറി ആനന്ദത്തിന്റെ അപാരതയിലേക്ക അനേക കാതം ഞങ്ങൾ ആടി ഉയർന്നു.! നിർവൃതിയുടെ കൈവരിയിന്മേൽ പിടിച്ചുകൊണ്ടു നാകത്തിന്റെ നടകളും ഞങ്ങൾ നടന്നു കയറി.

മധുമാസത്തിന്റെ മനോഹാരിതയിൽ അവളുടെ സൗന്ദര്യം പ്രതിഫലിച്ചിരിക്കുന്നതായി ഞാൻ കണ്ടു. പൂക്കളിൽ അവളുടെ നൈർമ്മല്യവും ചന്ദ്രികയിൽ അവളുടെ വെണ്മയും ഞാൻ ദർശിച്ചു.

ആ മടിയിൽ ഞാൻ വിശ്രമിക്കുമ്പോൾ പർവ്വതങ്ങളേയും പാരാവാരങ്ങളേയും ഞാൻ ശാസിച്ചടക്കും. ആത്മാവിൽ ആത്മാവിന്റെ ബന്ധം തൊട്ടറിഞ്ഞു ഞാൻ എന്നെത്തന്നെ പൂർണ്ണമായി വിസ്മരിക്കും. അവളുടെ സാന്നിധ്യത്തിൽ ഞാൻ മേഘങ്ങളുമായി സംസാരിക്കും. പക്ഷികളുമൊത്തു പാട്ടുപാടും. അവൾ ഉണ്ടെങ്കിൽ, കാതങ്ങൾ എനിക്കു വെറും കാൽച്ചുവടുകൾ മാത്രമാണ്. ശ്മശാന മൗനം മധുരതരമാണ്. രാത്രിയുടെ നതയുടെ ഏകാന്തങ്ങളിലൂടെ ഞങ്ങൾ പ്രേമ പരിവേഷങ്ങൾ പകരും.

കടകം നിറഞ്ഞ മാസങ്ങൾ ചിലതു കൊഴിഞ്ഞുപോയി.

സരസു! അവൾ തന്റെ ആവശ്യങ്ങളുടേയും അഭിലാഷങ്ങളുടേയും അതിരുവേലികൾ പൊളിച്ച് അകത്തി അകത്തി കെട്ടിത്തുടങ്ങി. വീട്ടുചെലവുകളും ക്രമേണ വർദ്ധിച്ചു വർദ്ധിച്ചു വന്നു. പരിമിതമായ എന്റെ വരവും പരിധിയില്ലാത്ത ഈ ചെലവുകളും തമ്മിൽ ഒരിക്കലും കൂട്ടിമുട്ടാത്ത രണ്ടു സമാന്തര രേഖകളെപ്പോലെ നിരങ്ങി നീങ്ങിക്കൊണ്ടിരുന്നു. നിവൃത്തിയില്ലാതെ വാങ്ങിച്ചുകൂട്ടിയ ചില കടങ്ങളും ദുഷ്ടു നിറഞ്ഞ വ്രണംപോലെ അവിടവിടെ വിങ്ങി വീർത്തുകൊണ്ടിരുന്നു. ജീവിതത്തിന്റെ കാൽവരിമല, ഏകനായി ഞാൻ നടന്നു കയറുകയായിരുന്നു.

രവി—എന്റെ സ്നേഹിതനായിരുന്നല്ലോ ആപത്തിൽ എന്നെ സഹായിച്ച ആത്മാർത്ഥസ്നേഹിതൻ. അയാൾ സാധാരണ വീട്ടിൽ വരാറുണ്ടായിരുന്നു. പണവും പ്രതാപവും ഉള്ള യുവാവ്. അയാളെ സൽക്കരിക്കുന്നതിൽ സരസുവിനു അതിയായ താല്പര്യമാണ്. എന്റെ മനസ്സു വല്ലാത്ത ചില സംശയങ്ങളെ കുത്തിക്കുറിച്ചു. ഹൃദയമതു മായിച്ചു കളഞ്ഞു. ഛേ! എന്റെ ആത്മസഖി എന്നെ വഞ്ചിക്കുകയോ!

എന്നാൽ! സരസുവിനു എന്നോടുള്ള പെരുമാററത്തിലും ചില വ്യതിയാനങ്ങൾ കണ്ടുതുടങ്ങി. ആഫീസിൽനിന്നും എന്റെ വരവും പ്രതീക്ഷിച്ചു കാത്തുകാത്തിരിക്കാറുള്ള എന്റെ സരസു, ഒരു മാലസയെപ്പോലെ ശയ്യയിൽ വീണു കിടക്കുന്നതു കാണാം. സദാ പുഞ്ചിരി മൊട്ടിട്ടുനില്ക്കാറുള്ള ആ ഓമന മുഖത്ത്, അലസതയുടേയോ, അനാദരവിന്റെയോ മായാത്ത നിഴലുകളാണ് തളം കെട്ടി നില്ക്കുന്നത്!

അന്നു ഒരു വെള്ളിയാഴ്ചയായിരുന്നു! നാലു മാസത്തെ വാടക കൊടുത്തു തീർക്കാനുണ്ട്. അന്നു കൊടുത്തില്ലെങ്കിൽ ഇറക്കിവിടുമെന്ന അവസാന താക്കീതും ലഭിച്ചു കഴിഞ്ഞിരിക്കുകയാണ്. പണമില്ലാതെ ഞാൻ പരക്കം പാഞ്ഞു. ശമ്പളം പകുതിയലധികം പററിക്കഴിഞ്ഞിരുന്നു. എന്റെ ഹൃദയത്തിൽ ഇരുട്ടു കയറുന്നുണ്ടായിരുന്നു. ചിന്തകൾ പൊട്ടിത്തെറിച്ചു! ആശകൾ ചതഞ്ഞരഞ്ഞു!

നീറുന്ന ഹൃദയത്തോടെ ആഫീസിൽനിന്നും ഞാൻ തിരിച്ചു വന്നു!

അവൾ അവിടെയില്ല. എവിടെപ്പോയിരിക്കും? നാലു മണിക്ക് ഒരിക്കലും അവൾ

## HOLLAND HOSTEL SPORTS TEAM (1953-'54)

(*Winners of the College Annual Sports*)



*Ground:*—(*Left to right*) Messrs. M. O. Oommen, K. V. Varughese.

*Sitting* :—Messrs. T P. Gheevarughese, K. J. Oommen, Abraham Varughese M. A. (*Warden*), V. M. Ittyerah M. A. B. Litt (*Oxon*) (*Warden*), A. K. Mathews, (*Secretary*), Mathew C. Eraly (*Captain*), V. J. Oommen.

*Standing 1st row* :—V. I. Gheevarughese, C. Cherian, Jacob Philipose, A. I. Joseph Maccar (*Hostel Boy*).

*Standing 2nd row* :—Messrs. Koshy Inchakalody, V. V. Kuriakose, C. M. Joseph. K. M. Pathrose.

THE COLLEGE ATHLETIC CHAMPION
(MEN'S SECTION) (1953–'54)



B. Vidhyasagar Menon

THE COLLEGE ATHLETIC
CHAMPION (WOMEN'S SECTION)



Thankamma Oommen

അവിടെ കാണാതിരിക്കയില്ല. അപ്പോൾ ഒരു തോന്നൽ, അവളുടെ പെട്ടി ഒന്നു പരിശോധിച്ചാൽ കൊള്ളാമെന്ന്.

പെട്ടിതുറന്ന്, ഓരോന്നു ഞാൻ എടുത്തു മാററിക്കൊണ്ടിരുന്നു. മൂന്നു പുതിയ സാരികൾ. എന്നു വാങ്ങി, എങ്ങനെ വാങ്ങി, ഞാനറിഞ്ഞില്ല. അതിനിടയിൽ എന്ത്? നൂറിന്റെ നാലു നോട്ടുകൾ!! എന്റെ കൈ പൊള്ളുന്നുണ്ടായിരുന്നു. തല കറങ്ങുന്നതു പോലെ!

"ആരു പറഞ്ഞു എന്റെ പെട്ടിതുറക്കാൻ?—" ശബ്ദം കേട്ടു ഞാൻ തിരിഞ്ഞു നോക്കി.

"നീയിതുവരെ എവിടെപ്പോയിരുന്നു?"

"കോപിച്ചാലെന്നു തോന്നുന്നല്ലോ."

"അതേ! കോപിച്ചുതന്നെയാ! നിന്റെ കൈയിലിരിക്കുന്നതെന്താ?"

"അറിഞ്ഞിട്ടുകാര്യം"

വേണ്ട! എനിക്കറിയണ്ടാ! അച്ഛൻ അന്നു പറഞ്ഞ വാക്കുകൾ ഞാൻ ഓർത്തു. എന്റെ ജീവിതത്തിന്റെ നെല്ലിപ്പലകയിൽ ചില വിള്ളലുകളും വിടവുകളും ഉണ്ടായി.

എന്നും ഒൻപതുമണിക്കു ഞാൻ ആഫീസിലേക്കു പോയാൽ നാലുമണി കഴിഞ്ഞാണു തിരിച്ചു വരാറുള്ളത്. അന്നു ഞാൻ ആഫീസിലേക്കല്ല പോയത്. എനിക്കു ചിലതറിയേണം! ഭീകരമായ സംശയങ്ങൾ എന്റെ ഹൃദയത്തെ വേദനിപ്പിച്ചുകൊണ്ടിരുന്നു.

കൃത്യം രണ്ടു മണിക്കു ഞാൻ വീട്ടിലെത്തി. വളരെ സാവധാനത്തിൽ ഞാൻ കയറിച്ചെന്നു. എന്റെ ഹൃദയം തുടിക്കുന്നുണ്ടായിരുന്നു. എന്റെ ഹൃദയം ഒരു ബലൂൺപോലെ പിളർന്നു പൊട്ടിപ്പോകുമോ എന്നെനിക്കു തോന്നി. സരസുവിന്റെ മുറിയിൽ നിന്നും നേരിയ ഒരു സംഭാഷണം ഒഴുകി വന്നു. ഞാൻ ചെവിയോർത്തു.

"രമേനേ! അയാളൊരു പ്രതിബന്ധമാണല്ലോ."

"ഓ...അയാൾ...പോകാൻ പറയണം."

വേണ്ട എനിക്കു കേൾക്കേണ്ടാ! എന്റെ ഹൃദയത്തുടിപ്പുകൾക്ക് ഒന്നും കൂടി കൂടി വന്നു. ശരീരം വിറയ്ക്കുന്നുണ്ടായിരുന്നു. സിരകളിൽ രക്തം തിളച്ചു പൊങ്ങി. ഞാൻ ജനൽ വഴി ഒന്നു നോക്കി. രമയുടെ കരവലയത്തിൽ അവൾ അമരുകയാണ്. വേണ്ട! എനിക്കു കാണേണ്ട. അലമാരിയിൽ തൂക്കിയിരുന്ന കഠാരി ഞാൻ വലിച്ചൂരി. രണ്ടു ആത്മാക്കളെ കൊണ്ടുപോകാൻ യമദൂതന്മാർ പാഞ്ഞുവരുന്നതു ഞാൻ കണ്ടു.

അല്ലെങ്കിൽ എന്തിനു ഞാൻ അവരെ വധിക്കണം! അവർ സുഖിക്കട്ടെ. എന്റെ ജീവിതം എന്തായാലും നശിച്ചു കഴിഞ്ഞു. പൊട്ടിയൊലിഞ്ഞ ഒരു പാനക്കുററിപോലെ. ഞാൻ എവിടേക്കോ ഓടിപ്പോയി.

തോമസ്സു ചോദിച്ചു "അപ്പോൾ സ്നേഹിതാ! സ്ത്രീകളെപ്പററി, നിങ്ങളുടെ അഭിപ്രായമെന്താണ്?"

"പുഞ്ചിരിയുടെ പൂനിലാവിൽപ്പൊതിഞ്ഞ വഞ്ചനയുടെ കരിക്കട്ടയാണ് "സ്ത്രീ."

---

## ത്യാഗഗീതി

(പി. കെ. ജി. നായർ, ബി. എ.)

നാകഭാഗ്യങ്ങൾ തേടി നീ പിന്നിൽ
രാഗഗീതികൾ പാടി നീ മന്നിൽ
ലോക ജീവിതത്താഴ്വരത്തിൽ
ശോക മഗ്നരാമഴകൾ മുന്നിൽ
വീണവായന വ്യർത്ഥമിയന്നും
ശോണിതം തുടയ്ക്കാനിനിയുക്തം
ചെററയിൽ ജീവരക്തവുംകൂടി
ചെററഭൂമിയിലർപ്പണം ചെയ്തു

ജീവിതാഹവ പദ്ധവിൻക്ഷതത്താ-
ലാവിലമൃതുള്ളപ്പരിതാഴർ
വീണടിഞ്ഞു കിടക്കുമീ മണ്ണിൽ
വീണവായനയാണെനിൻ കണ്ണിൽ
ചെററ ജീവിച്ചു ചത്തടിഞ്ഞിട്ടും
മററു ജീവിതം പോലെയെപ്പോഴും
ജന്മ ധർമ്മ കൃതാർത്ഥനാണെന്നാൽ
എന്തു ഭേദമീ നായും നരനും

വാനവനും കൊതിക്കുമീരമ്യ
പാനഭാജനം ജീവിതം ധന്യം
ക്ഷിപ്ര ഭോഗസുഖങ്ങളിൽ മുങ്ങി
നിഷ്ഫലം സഖേ ! നീ തകർക്കൊല്ല

വീര സോദരാ പോർക്കളം തന്നിൽ
ധീരധീരമാമൃത്യു തൻ മുന്നിൽ
ത്യാഗവേദിയിൽ ജീവിത സൂനം
നീയണച്ചാവൂ ധന്യമായ് ജന്മം.

---

# ഭൂദാനയജ്ഞം

P. KUTTAPPAN, JUNIOR B. A.

“ആവശ്യം സൃഷ്ടിയുടെ മാതാവാണ്.” സകല ജീവജാലങ്ങളെയും സംബന്ധിക്കുന്ന ഒരു യാഥാർത്ഥ്യമാണിത്. കേവലം വന്യമൃഗങ്ങളെപ്പോലെ ജീവിച്ച ആദിമമനുഷ്യന്റെ കാലം മുതൽ ഇതു പര്യന്തമുള്ള അവന്റെ ക്രമാനുഗതമായ വളർച്ചയുടെ വെളിച്ചത്തിൽ ഈ തത്വത്തെ പരിചിന്തനം ചെയ്യുക രസാവഹമായ ഒരു കാര്യമാണ്. ആഹാരം, പ്രാകൃതമനുഷ്യന്റെ ഏററവും വലിയ ആവശ്യം അതായിരുന്നു. ഇന്നും അതിനു മാററമുണ്ടായിട്ടില്ല. കാലത്തിന്റെ പോക്കിൽ ചില വ്യതിയാനങ്ങൾ അതിന്റെ സമ്പാദനത്തിലും പാചനക്രമത്തിലും വരുത്തിയിട്ടുണ്ടെന്നുമാത്രം. അന്ന്, ആ പുരാതനകാലത്ത് ജീവിതം ഒരു വലിയ പ്രശ്നമായിരുന്നില്ല. ആവശ്യങ്ങൾ പരിമിതങ്ങളും അവയുടെ സമ്പാദനസംസ്കരണരീതികൾ അപരിഷ്കൃതങ്ങളെങ്കിലും സുസാദ്ധ്യങ്ങളുമായിരുന്നു. ആ ആദിമ മനുഷ്യന് ഒരു പ്രശ്നമായിരുന്നത് ശത്രുക്കളിൽ നിന്നും രക്ഷനേടുക എന്നതുമാത്രമായിരുന്നു. ശതാബ്ദങ്ങൾ കൊണ്ട് അവൻ വളർന്നുവളർന്നു— സംസ്കാരത്തിന്റെയും പരിഷ്കാരത്തിന്റെയും പല പടികളും കടന്ന്; അങ്ങനെ ആ ശിലായുഗത്തിൽ നിന്നും ഇന്ന് ഒരു അണുകയുഗത്തിൽ എത്തിയിരിക്കുകയാണ്.

ഇന്ന് ജീവിതം സങ്കീർണ്ണമാണ്. വൈരുദ്ധ്യങ്ങളുമായുള്ള കൂട്ടിമുട്ടലാണു എവിടെയും എപ്പോഴും. അനുദിനമെന്നോണം വർദ്ധിച്ചു വരുന്ന ജനസംഖ്യയുടെ വർദ്ധനവും, ധനികനിർദ്ധനഭേദവും, ഉച്ചനീചത്വവും, ഉല്പാദനസംസ്കരണ ക്രമങ്ങളുടെ—വൈവിദ്ധ്യങ്ങളും മററും മററുമാണ് ഈ സങ്കീർണ്ണതയ്ക്കും വൈവിദ്ധ്യങ്ങൾക്കുമെല്ലാം കാരണം. ഇന്ന് ഏററവും വലിയ പ്രശ്നം ഭക്ഷ്യപ്രശ്നമാണ്. ഈ പ്രശ്നത്തിന് ഒരു പരിഹാരം കണ്ടെത്താതെ സമാധാനമുണ്ടാകാൻ പോകുന്നില്ല. ഇന്നത്തെ രാഷ്ട്രീയമോ സാമ്പത്തികമോ ആയ സകല അസമാധാനങ്ങൾക്കും കാരണം ഇതാണ്. ജീവിക്കണം. സകലർക്കും ജീവിക്കണം. അവിടെ ഉള്ളവനെന്നോ ഇല്ലാത്തവനെന്നോ ഉള്ള ഭേദം കല്പിക്കുക സാദ്ധ്യമല്ല. പ്രയത്നിച്ചാൽ ഏതു പ്രശ്നത്തിനും പരിഹാരമുണ്ടാകും. പക്ഷേ പ്രയത്നിക്കുവാൻ കഴിവുള്ള അനേക ലക്ഷത്തിന്റെ മുമ്പിലാണ് ഈ പ്രശ്നം നിലകൊള്ളുന്നത്. അപ്പോൾ ഈ വൈരുദ്ധ്യത്തിനു കാരണം? പ്രയത്നിക്കുവാനുള്ള കഴിവിനെ പ്രായോഗികമാക്കുവാനുള്ള അസാദ്ധ്യതകളാണ് ഇതിനു കാരണം. ഈ അസാദ്ധ്യതകൾക്കുള്ള കാരണം ആരായേണ്ടിയിരിക്കുന്നു. ജനസംഖ്യാനുപാതികമായി ഭൂമി (Land or resources) വളരുന്നില്ല; അഥവാ മനുഷ്യപ്രയത്നം മുടക്കി മുതലെടുക്കുവാനുള്ള ഉല്പാദനസ്ഥലത്തിന്റെ വ്യാപ്തിക്കു

വർദ്ധനവുണ്ടാകുന്നില്ലെന്നുള്ളതാണ് ഇതിനു കാരണമെന്നു വരുന്നു. അപ്പോൾ ഈ പ്രശ്നത്തെ നാം എങ്ങനെ പരിഹരിക്കും?

ജനസംഖ്യയിൽ ഇൻഡ്യ മറ്റെല്ലാ രാജ്യത്തെയും അതിക്രമിച്ചിരിക്കുന്നു. അതേ കാരണംകൊണ്ടു തന്നെയാണു മറ്റെല്ലാ രാജ്യത്തെയും അപേക്ഷിച്ച് ഭക്ഷ്യപ്രശ്നം ഈ രാജ്യത്തെ അധികം അലട്ടുന്നതും. കൃഷിഭൂമിയിൽ കൂടി മാത്രമേ ഇൻഡ്യയെപ്പോലെയുള്ള ഒരു രാജ്യത്തിനു ഭക്ഷ്യസ്വയംപര്യാപ്തത കൈവരിക്കുവാൻ സാധ്യമാകയുള്ളു. കൃഷിക്കുപയുക്തമായതും ആക്കാവുന്നതുമായ അനേകായിരം ഏക്കർ ഭൂമി നമുക്കുണ്ട്. അതു ഫലഭൂയിഷ്ഠതയിൽ ഒട്ടും പിന്നോക്കവുമല്ല. എന്നാൽ വേണ്ടതരത്തിൽ കൃഷിചെയ്യാതെയോ, തരിശായിത്തന്നെയുമോ, ആയിട്ടാണ് അതിൽ നല്ല ഒരു ഭാഗം ഇന്നും സ്ഥിതിചെയ്യുന്നത്. പ്രയത്നിക്കുവാൻ കഴിവുള്ള അനേകംകോടി ആളുകൾ അധിവസിക്കുന്ന ഒരു രാജ്യത്ത് ഈ കുഴപ്പത്തിന് ശരിയായ കാരണം ഉണ്ടായിരിക്കുമെന്നത് തീർച്ചയാണ്. ഭൂവുടമ സമ്പ്രദായത്തിലുള്ള വൈകല്യങ്ങളാണ് ഈ വൈരുദ്ധ്യത്തിനു കാരണമെന്നു കാണാൻ വിഷമമില്ല. നിരവധി ജനങ്ങൾ കിടക്കാൻ കിടപ്പിടം പോലുമില്ലാതെ തെരുവിൽ അലഞ്ഞുതിരിയുമ്പോൾ ആയിരമായിരം ഏക്കർ ഭൂമി കൈവശം വച്ചുകൊണ്ടു സുഖലോലുപന്മാരായി കഴിയുന്ന ഒരു വർഗ്ഗം ആളുകളും നമ്മുടെ ഇടയിൽ തന്നെ ഉണ്ടെന്നുള്ളത് ഒരു പരമാർത്ഥമാണ്. ഇക്കൂട്ടർ യഥാർത്ഥകർഷകരെ നിരുത്സാഹപ്പെടുത്തുകതന്നെയും ചെയ്യുകയാണ് 'വിളവെടുപ്പി'ൽകൂടിയും 'കുടിയിറക്ക'ലിൽ കൂടിയും. ഈ അസമത്വവ്യവസ്ഥിതിക്ക് ക്രമാനുഗതമായിട്ടെങ്കിലും ഒരു പരിവർത്തനം വരുത്താതെ ഇന്നത്തെ ദുഃസ്ഥിതിക്ക് പരിഹാരമുണ്ടാകുക വിഷമമാണ്. ഭൂവുടമ സാവധാനത്തിലെങ്കിലും കഴിവുള്ള കർഷകനിലേക്ക് കൈമാറ്റം ചെയ്താൽ മാത്രമേ തൊഴിലില്ലായ്മയും ഭക്ഷ്യപ്രശ്നവും ക്രമത്തിൽ പരിഹരിക്കപ്പെടൂ. പക്ഷേ കർശനമായ നിയമംമൂലമോ അഥവാ വിപ്ലവാത്മകമായ ഒരു പ്രക്ഷോഭണം വഴിക്കോ ഈ നവ്യവ്യവസ്ഥിതി നടപ്പിൽ വരുത്തുവാൻ ശ്രമിച്ചാൽ അതൊരു സാഹസമാണ്. വിപ്ലവരഹിതമായ ഒരു ധാർമ്മികമാർഗ്ഗത്തെ അവലംബിച്ച് ഒരു ലോകമഹാശക്തിയിൽ നിന്നും അവകാശപ്പെട്ട സ്വാതന്ത്ര്യത്തെ പിടിച്ചുപറിച്ച നമുക്ക് ധാർമ്മിക മാർഗ്ഗങ്ങളിൽകൂടിത്തന്നെയാണ് ഈ പുതിയ വ്യവസ്ഥിതിയും നടപ്പിൽ വരുത്തേണ്ടത്. തീർച്ചയായും വിദേശിയരായ വെള്ളക്കാരെക്കാൾ ഏറെ ദയാലുക്കളായിരിക്കും നമ്മുടെ നാട്ടുകാർ. ഈ ഒരു വ്യവസ്ഥിതി നടപ്പിൽ വരുത്തുന്നതിനുള്ള ഒരു പ്രാരംഭമാണ് ഭൂദാനയജ്ഞപ്രസ്ഥാനം.

ആചാര്യവിനോബാഭാവേ ഇന്ന് ഇൻഡ്യയുടെ എന്നല്ല, ലോകത്തിന്റെ ആകമാനംതന്നെയും ശ്രദ്ധയെ ആകർഷിച്ചിരിക്കുകയാണ് 'ഭൂദാനയജ്ഞ' പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവെന്ന നിലയിൽ. ഒരു മികച്ച തത്വജ്ഞാനിയും ചിന്തകനുമായ വിനോബാജി രാഷ്ട്രീയമോ സാമ്പത്തികമോ ആയ കാര്യങ്ങളിൽ അത്ര ശ്രദ്ധപതിപ്പിക്കുന്ന ആളല്ല. ഗാന്ധിയൻ സിദ്ധാന്താനുസാരിയായ ഒരു സാന്മാർഗ്ഗിക വാദിയാണദ്ദേഹം. 'If Gandhiji were alive today, I would not thus have taken the lead in any movement. I would be content with doing farming and scavenging work in a village." "My movement is primarily a moral and spiritual movement for the regeneration of man."

തന്റെ ആദർശം ഇങ്ങനെ സ്വയം വെളിവാക്കുകയാണദ്ദേഹം.

1951 ഏപ്രിൽ 18-ാംതിയതി ആണെന്നു തോന്നുന്നു തെലുങ്കാനാ ഗ്രാമത്തിൽ വച്ച് അദ്ദേഹത്തിനനുഭവപ്പെട്ട ആ സംഭവം. ഒരു ജന്മി തന്റെ അയൽക്കാരനായ ഒരു നിർധനന് കുറെ ഭൂമി ദാനമായി കൊടുക്കുക; അതും വിപ്ലവത്തിന്റെ അലയടി അവസാനിച്ചിട്ടില്ലാത്ത തെലുങ്കാനായിൽ. അതൊരു തികച്ചും അപ്രതീക്ഷിതമായ ഒരു സംഭവമായിരുന്നു. മനുഷ്യന്റെ മനസ്സിനു ധാർമ്മികമായ മാറ്റത്തിൽകൂടി ഒരു പരിവർത്തനം ഉണ്ടാക്കാൻ കഴിയുമെന്നും, ആ പരിവർത്തനത്തിന്റെ വെളിച്ചത്തിൽ വമ്പിച്ച പ്രശ്നത്തിന് സാരമായ പരിവർത്തനം കണ്ടെത്താമെന്നും വിനോബാജി ഇതുകൊണ്ടു മനസ്സിലാക്കി. പ്രവർത്തനം തെലുങ്കാനായിൽ തന്നെ ആരംഭിച്ചു. നൂറു ശതമാനവും വിജയിക്കയും ചെയ്തു. അവിടെ നിന്നു മാത്രം 50,000 ഏക്കർ ഭൂമി സംഭരിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. ബീഹാറിലും ഈ പ്രസ്ഥാനത്തിന്റെ വിജയം നിശ്ചയമാണ്. 32,0000 ഏക്കർ അവിടെ നിന്നും അദ്ദേഹം ആവശ്യപ്പെടുന്നുണ്ടെങ്കിൽ ഏഴു ലക്ഷം ഏക്കറോളം ഇതിനകം ലഭിച്ചു കഴിഞ്ഞു. ഇങ്ങനെ അങ്ങിങ്ങായി ആരംഭിച്ച പ്രവർത്തനങ്ങൾ ഇന്ന് രാജ്യവ്യാപകമായ തോതിൽ എത്തിക്കഴിഞ്ഞിരിക്കയാണ്. കഴിഞ്ഞ രണ്ടു കൊല്ലക്കാലം കൊണ്ട് 25 ലക്ഷത്തിൽ പരം ഏക്കർ ഭൂമി സംഭരിച്ചിട്ടുണ്ട്. 5 കൊല്ലക്കാലംകൊണ്ട്, അതായത് 1957ന് അകമായി 5 കോടി ഏക്കർ സംഭരിച്ച് ഭൂമിയില്ലാത്ത 5 കോടി കർഷകർക്ക്; ഒരേക്കർ ഒരു വ്യക്തിയ്ക്ക്; അഥവാ അഞ്ച് ഏക്കർ ഒരു കുടുംബത്തിന് എന്ന രീതിയിൽ വിതരണം നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. ഭൂമി വിതരണം ആരംഭിച്ചു തുടങ്ങിയിട്ടേ ഉള്ളൂ.

ചെറിയ തോതിലുള്ള കൂട്ടുകൃഷി സമ്പ്രദായംകൊണ്ടുമാത്രമേ ജനബാഹുല്യമുള്ള ഇൻഡ്യയ്ക്ക് ഭക്ഷ്യസ്വയം പര്യാപ്തത കൈവരിക്കുവാൻ സാധ്യമാകൂ എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. ഭൂമിയെ തുണ്ടുതുണ്ടുകളാക്കി മുറിക്കുന്നതിൽ തന്നെയും ഭീതിപ്പെടേണ്ടതില്ല ശരിയായ കൂട്ടുകൃഷി നടത്തുവാനാണതു കൊണ്ടുദ്ദേശിക്കുന്നതെങ്കിൽ. അദ്ദേഹം പറയുന്നു:—"I am more worried about the fragmentation of human hearts than the fragmentation of land. Fragmented land can be easily consolidated later with mutual good will and co-operation, but the fragmentation of hearts owing to social and economic inequalities is full of dangerous possibilities."

'ഭൂമിദാനയജ്ഞം' പ്രസ്ഥാനത്തിന്റെ ആകർഷണീയതയ്ക്ക് ഭൗതികവും ആധ്യാത്മികവുമായ ഇരുവശങ്ങളും ഉപോൽബലകങ്ങളാണ്. കുഴഞ്ഞുമറിഞ്ഞു കിടക്കുന്ന രാഷ്ട്രീയസാമ്പത്തിക പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിനുള്ള സാധ്യതകൾ ഈ പദ്ധതിക്ക് എത്രയുണ്ടെന്നും ഉണ്ടാകുമെന്നും ഖണ്ഡിതമായി പറയുക സാധ്യമല്ലെങ്കിലും അമൂല്യങ്ങളായ ചില ഭൗതികാധ്യാത്മിക തത്വങ്ങൾ ഇതിൽ അന്തർഭവിച്ചിട്ടുണ്ട്. അതിനാൽ നിശിതമായ വിമർശനത്തിന് ഈ പദ്ധതി ഇടയാക്കുകയില്ലെന്നും നമുക്കു വിശ്വസിക്കാം. "It is based on the firm rock of faith; on the acceptance of the doctrine that the good in man is stronger than the evil and that we can build a society on the foundation of this goodness without the help of sanctions deriving their motive force from selfishness and fear." ഭൂമിയില്ലാത്തവന് ഭൂമിയുണ്ടാക്കിക്കൊടുത്ത്, തരിശാ

## THE COLLEGE UNION COMMITTEE (1953-'54)



*Sitting* :—(*Left to Right*) Miss K. P. Sushila Devi, Messrs. Abraham Thomas (*Secr. tary*), T. B. Ninan M. A. (*Principal*), P. A. Thomas (*Acting-President*), Dr. K. C. Joseph M. A., Th. D. (*Toronto*).

*Standing* :—Messrs. Cherian K. Mathews, Abraham Kurien, Koshy Stephanose and P. T. Varughese.

## MEMBERS OF UNIVERSITY TEAMS



Mr. M. C. Thomas (Volleyball). Mr. Mathew C. Eraly (Football)

JUNIOR DAY SCHOLARS' ASSOCIATION
BASKETBALL TEAM

**Winners of the Inter-Hostel Basketball Tournament**



*Standing (L. to R.)*—Messrs. Cherian K. Mathews, T. P. Joseph, G Ashok Kumar, A. E. Benny.

*Sitting.*—Messrs. P. C. Mathew, Abraham Thomas, C. T. Benjamin (*President*), Abdul Rahiman, V. I. Mathen.

*Sitting below.*—K. Krishna Kumar, G. Samuel.

രാഷ്ട്രീയ അങ്ങേയററം സംപൂർണ്ണമാക്കി, ഭീകരമായ ഭക്ഷ്യപ്രശ്നത്തെ അങ്ങനെ പരിഹരിച്ച്, ജീവിതം അഭിലഷണീയമാക്കുക എന്നതാണ് അതിന്റെ ഭൗതികമായ മേന്മ. ആദ്ധ്യാത്മികമായി വളരെ അധഃപതിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിൽ ധാർമ്മികബോധം മനുഷ്യമനസ്സിൽ ഉദ്ദീപിപ്പിച്ച്, അങ്ങനെ ഉള്ളവനും ഇല്ലാത്തവനും എല്ലാം ജീവിക്കണമെന്നും, ഇല്ലാത്തവന്റെ ദുഃസ്ഥിതികളെ പരിഹരിക്കുന്നതിൽ ഉള്ളവനാണ് മുൻകൈ എടുത്തു പ്രവർത്തിക്കേണ്ടതെന്നും, മററുമുള്ള ഒരു ധാർമ്മികബോധം, സഹാനുഭൂതി, സൃഷ്ടിക്കുവാൻ ഒരു പ്രസ്ഥാനത്തിനു കഴിഞ്ഞാൽ അതൊരു വലിയ നേട്ടം തന്നെയാണ്; ഇന്നത്തെ പല പ്രശ്നങ്ങൾക്കും അതൊരുപശാന്തി ഉണ്ടാക്കുകയും ചെയ്യും. ഇങ്ങനെ ധാർമ്മികമായ ഒരു ചിന്താഗതി മനുഷ്യന്റെ മനസ്സിൽ ഉണ്ടാക്കി, സമത്വവും, സാഹോദര്യവും, സഹാനുഭൂതിയും സൃഷ്ടിച്ച് മനുഷ്യനെ മനുഷ്യനാക്കിമാററുന്നതിനുള്ള ഒരു പദ്ധതികൂടിയാണ് ഈ പ്രസ്ഥാനമെന്ന് ആലോചിച്ചാൽ കാണാവുന്നതാണ്. ഉള്ളവൻ ഇല്ലാത്തവന്റെ ദുരവസ്ഥകളെ മനസ്സിലാക്കി ആത്മാർത്ഥതയോടുകൂടി ഇല്ലാത്തവനേയും ഉള്ളവനാക്കിത്തീർത്താൽ മാത്രമേ സാമൂഹ്യോന്നമനം സാദ്ധ്യമാകൂ. ഉള്ളവൻ ഉണ്ടു സുഖിച്ചു കഴിയുമ്പോൾ ഇല്ലാത്തവൻ പട്ടിണിയും പരിവട്ടവുമായി എന്നേക്കും കഴിഞ്ഞുകൂടുക നിലനിന്നുപോകാൻ പററിയതല്ല. ജീവിതാവശ്യങ്ങൾ വച്ചുനോക്കുമ്പോൾ വർദ്ധിച്ചുവരുന്ന തലമുറ അതു സഹിക്കാതെവരും. വിപ്ലവരഹിതമായ മാർഗ്ഗത്തിൽകൂടി കൈവരിക്കാവുന്ന കാര്യം വിപ്ലവാത്മകമാക്കേണ്ടതുണ്ടോ?

വ്യക്തികൾക്കുമാത്രമല്ല സാമുദായിക സംഘടനകൾക്കും ഈ പ്രസ്ഥാനത്തെ പ്രോത്സാഹിപ്പിക്കുന്നതിനു കഴിയും. ജനകീയ ഭരണം നിലവിലിരിക്കുന്ന ഏതൊരു രാജ്യവും, വ്യക്തിപരവും, സാമുദായികവും, മതപരവുമായ എല്ലാ തുറയിൽ നിന്നുകൊണ്ടായാലും ഇത്തരം പ്രസ്ഥാനങ്ങൾക്ക് വേണ്ട പിൻതുണ നല്കേണ്ടതു് ഒരാവശ്യം മാത്രമാണ്. "If democracy is to survive in India and if a socio-economic revolution is to be achieved through peace and non-violence, we must create an atmosphere of self-sacrifice, love, corporate action and moral purity through the Bhoodan movement." ഭൂദാനയജ്ഞപ്രചാരത്തിൽ ഈ അഭിപ്രായം പ്രകടമാക്കിക്കൊണ്ട്, ഓരോ ചിന്തകനോടും സ്വരാജ്യസ്നേഹിയോടും വിഭാഗീയ ചിന്തകൂടാതെ ആത്മാർത്ഥതയോടെ ഈ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കണമെന്ന് വിനോബാജി അഭ്യർത്ഥിക്കുകയോ ആജ്ഞാപിക്കതന്നെയുമോ ചെയ്യുകയുണ്ടായി. ഈ പ്രസ്താവന തന്നെയും പ്രസ്തുത പ്രസ്ഥാനത്തിന്റെ വിജയ സാദ്ധ്യതയുടെ ഒരു വിശദീകരണമായിരുന്നു എന്ന് അനുമാനിക്കാം.

'ഭൂമിദാനയജ്ഞ' പ്രസ്ഥാനത്തിന്റെ വിജയത്തെയോ പരാജയത്തെയോ അയൽരാജ്യങ്ങൾ കൂടിയും ആകാംക്ഷയോടുകൂടി അങ്ങനെ ഉററുനോക്കിക്കൊണ്ടിരിക്കുകയാണ്. ഈയിടെയായി വിദേശീയ രാജ്യങ്ങളിലെ കുറെ വിദ്യാർത്ഥികൾ വന്നു വിനോബാജിയെ നേരിട്ടുകണ്ട് ഈ പ്രസ്ഥാനത്തെപ്പററി വിശദമായി പഠിച്ചിട്ടുപോവുകയുണ്ടായി. ദിനംദിനമെന്നോണം വിജയസാദ്ധ്യതകൾ നിഴലിച്ചു രൂപംകൊണ്ടുവരുന്ന ഈ പ്രസ്ഥാനം അങ്ങേഅററം വിജയിക്കുമെന്നും, ഇതര രാജ്യങ്ങൾക്കുകൂടിയും ഇതൊരു മാർഗ്ഗദർശിയായിത്തീരുമെന്നും നമുക്കു പ്രത്യാശിക്കാം.

എന്നാൽ പലരും പലരീതിയിലാണ് ഈ പ്രസ്ഥാനത്തെ വീക്ഷിക്കുന്നത്. ശുഭാപ്തിവിശ്വാസികളും, അശുഭാപ്തിവിശ്വാസികളും; ഇരുകൂട്ടരും ഒട്ടും വിരളമല്ല. കമ്മ്യൂണിസ്റ്റ് ശല്യത്തെ തടയുവാനുള്ള ഒരുപായം ഇതിനെ പരിഗണിക്കുന്നവരുണ്ട്. "മന്ത്രങ്ങൾ കൊണ്ട് കാർഷികപ്രക്ഷോഭണങ്ങൾ തകർക്കുക അത്ര എളുപ്പമുള്ള കാര്യമല്ലെന്ന ബോദ്ധ്യമായപ്പോൾ ഭൂദാനയജ്ഞപ്രസ്ഥാനത്തിന്റെ മറപിടിച്ച് കൃഷിക്കാരുടെ സമരബോധത്തെയും വിപ്ലവവീര്യത്തെയും തണുപ്പിക്കുവാൻ ബൂർഷ്വാസികൾ കൊണ്ടുപിടിച്ചു ശ്രമിക്കുകയാണ്" എന്നോ ഒരു ഉറച്ച ചിന്താഗതിയിൽ മുറുകെ പിടിച്ചുകൊണ്ട് പറയുന്ന അഭിപ്രായമാണിത്. ഒരു പക്ഷേ തെലുങ്കാനായിലെ ചില പ്രക്ഷോഭണങ്ങളെയും, അതോടനുബന്ധിച്ചുണ്ടായ ഈ പ്രസ്ഥാനത്തെയും വച്ചുകൊണ്ടുമാത്രം തട്ടിവിടുന്ന ഒരഭിപ്രായമായിരിക്കാം ഇത്. കൃഷിക്കാരുടെ ആവശ്യങ്ങൾ 'സമരബോധ'ത്തിലും 'വിപ്ലവവീര്യ'ത്തിലും കൂടിമാത്രമേ സാധിക്കാൻ കഴിയൂ എങ്കിൽ ഈ അഭിപ്രായത്തിനു വില കല്പിച്ചേ തീരൂ. എന്നാൽ രക്തരഹിതമായ ഒരു വിപ്ലവത്തിൽകൂടി അതു സാധിക്കുവാൻ ശ്രമിക്കുന്ന ഈ പ്രസ്ഥാനത്തിന്റെ സാദ്ധ്യതകളെപ്പറ്റി അദ്ദേഹം ചിന്തിക്കുന്നില്ലായിരിക്കാം. എന്തായാലും ചിന്തിക്കുവാൻ കഴിവുള്ളവരാരും ഇതൊരു 'മറപിടുത്ത' പ്രസ്ഥാനം മാത്രമാണെന്ന് ഒറ്റ അടിച്ചുവിടുവാൻ ധൈര്യപ്പെടുമെന്നു തോന്നുന്നില്ല. "വിനോബാജിയുടെ യജ്ഞലക്ഷ്യം സാധിച്ചാൽ തന്നെയും അതൊരു പരാജയമാണ്. അദ്ദേഹം ആവശ്യപ്പെടുന്ന അഞ്ചുകോടി ഏക്കർ കിട്ടിയാൽ തന്നെയും അതു ആശയക്കുഴപ്പങ്ങൾ സൃഷ്ടിക്കുന്നതിനു പറ്റൂ."— ശ്രീമതി വിലാസലതികയുടെ ഒരഭിപ്രായമാണിത്. മറ്റൊരഭിപ്രായം, "അഞ്ചുകോടി ഏക്കർ ആറുകൊല്ലംകൊണ്ട് പിരിച്ചെടുക്കാമെന്ന ലക്ഷ്യത്തിൽ രണ്ടര കൊല്ലംകൊണ്ടു പതിനഞ്ചു ലക്ഷം മാത്രമേ പിരിച്ചെടുത്തിട്ടുള്ളൂ" എന്നും "അപ്പോൾ ബാക്കിയുള്ള മൂന്നര വർഷംകൊണ്ട് ബാക്കി സംഭരിക്കാവുന്നതെത്രയാണെന്നു കണക്കുകൂട്ടി പറയാവുന്നതാണ്" എന്നുമാണ്. ഇത്ര വമ്പിച്ച ഒരു പ്രസ്ഥാനം വിജയിച്ചു കഴിഞ്ഞാൽ അതിനുശേഷം ഉണ്ടാകാവുന്ന ആശയക്കുഴപ്പങ്ങൾക്കു മാത്രം ഉപശാന്തി ഉണ്ടാക്കാൻകൂടി കഴിയാതെ വരുമോ? പ്രശ്നം തീർത്തും പരിഹരിക്കപ്പെടുവാൻ ഇതുകൊണ്ടു സാദ്ധ്യമല്ലെന്നും ആശയക്കുഴപ്പങ്ങൾ ഉണ്ടാകുമെന്നും പറയുന്നതു് ഒരു കടന്ന അഭിപ്രായമാണ്. പക്ഷേ ജനസംഖ്യ പ്രതിവർഷം വർദ്ധിച്ചുകൊണ്ടു ഇരിക്കുകയാണെന്നും അതിനെ തടയുക വിഷമമാണെന്നുമുള്ളതു് ഒരു പരമാർത്ഥമാണ്. അതുകൊണ്ടു വരാനിരിക്കുന്ന കുറെ വർഷങ്ങൾക്കു ശേഷമുള്ള ഒരു കാലഘട്ടത്തെയും അന്നത്തെ സ്ഥിതിയെയും പറ്റി ചിന്തിച്ചാൽ ചില കുഴപ്പങ്ങൾ ഉണ്ടായേക്കാമെന്നു നമുക്ക് ഊഹിക്കാമെന്നല്ലാതെ ഈ പ്രസ്ഥാനത്തിന്റെ വിധി ഉടനെ എഴുതുന്നതു് അബദ്ധമാണെന്നുമാത്രമേ ഇതുവരെയുള്ള അതിന്റെ പുരോഗതികൊണ്ടു മനസ്സിലാക്കാൻ കഴിയൂ. 'ഉദ്ദേശിച്ചത്ര ഭൂമി പിരിഞ്ഞു കിട്ടുന്നകാര്യം പ്രയാസമാണെന്ന് കണക്കുകൂട്ടി പറയാം' എന്നതിലും യുക്തിയില്ല. ഏതു പ്രസ്ഥാനത്തിന്റെയും പ്രാരംഭഘട്ടത്തിൽ സംഘടനാപരമായ ജോലികളും മറ്റുമായി കാലതാമസമുണ്ടാകും. ഈ പ്രസ്ഥാനത്തിന്റെ ആവിർഭാവത്തിനുശേഷമുള്ള അതിന്റെ പുരോഗതിതന്നെ ഇക്കാര്യം സ്പഷ്ടമാക്കുന്നുണ്ട്. പ്രാരംഭഘട്ടത്തിൽ 100 ഏക്കർ

വീതം കിട്ടിയിരുന്നെങ്കിൽ ഇപ്പോൾ 4000 ഏക്കർ വീതം കിട്ടുന്നുണ്ടെന്നുള്ളതു് ഒരു പരമാർത്ഥമല്ലേ? (ഏതുതരത്തിലുള്ള ഭൂമിയായാലും ഭൂവുടമകൾക്കു് ദാനം ചെയ്യാനുള്ള സന്നദ്ധത ഉണ്ടാകുന്നുണ്ടല്ലോ.) കൂടാതെ രാജ്യവ്യാപകമായ രീതിയിൽ വളർന്നിരിക്കുന്ന പ്രസ്തുത പ്രസ്ഥാനത്തിന്റെ ഊർജ്ജിതമായ പ്രവർത്തനത്തിനുവേണ്ടി സംഘടനാപരമായ രീതിയിൽ പ്രവർത്തിക്കുന്ന ആളുകളുടെ എണ്ണവും ആരംഭത്തിൽ നിന്നു എത്ര വർദ്ധിച്ചിരിക്കുന്നു! ഇതെല്ലാം അതിന്റെ വിജയസാദ്ധ്യതയെ അല്ലേ സൂചിപ്പിക്കുന്നതു് ? "കൃഷിഭൂമിക്കു വേണ്ടി കർഷകൻ രുധിരപ്രക്ഷോഭണം തന്നെ നടത്തണം."—മറ്റൊരഭിപ്രായമാണിതു്. ഒന്നിനെ എതിർത്തുകൊണ്ടുള്ള പ്രവർത്തനമാണല്ലോ പ്രക്ഷോഭണം. വാസ്തവത്തിൽ സ്വകാര്യഉടമസ്ഥതക്കെതിരായി ധാർമ്മിക മാർഗ്ഗങ്ങളെ അവലംബിച്ചുകൊണ്ടു്, അഥവാ അക്രമരഹിതമായ മാർഗ്ഗത്തിൽക്കൂടിയുള്ള, ഒരു പ്രവർത്തനം തന്നെയാണല്ലോ ഇതു്. പ്രക്ഷോഭണം ഹിംസാപരമായിരിക്കണമെന്നു നിർബ്ബന്ധമുണ്ടോ? "ഇന്നത്തെ വ്യവസ്ഥയിൽ ഒരു സമൂലപരിവർത്തനം വരുത്തുവാൻ ഈ പ്രസ്ഥാനം സമർത്ഥമാകുമോ എന്നു സംശയമാണു്. ആവശ്യമായ നിയമനിർമ്മാണം തന്നെയും വേണ്ടിയിരിക്കുന്നു. പക്ഷേ അതുവരെയും കയ്യും കെട്ടിയിരിക്കുന്നതിലും ഭേദം ഇത്തരം പ്രസ്ഥാനങ്ങൾമൂലം ഭൂമിയില്ലാത്തവർക്കു് ഭൂമി വിതരണംചെയ്തു ഭൂപ്രശ്നത്തിന്റെ കാഠിന്യം കുറയ്ക്കുന്നതാണു്." തീർച്ചയായും പലരും സംശയ ദൃഷ്ടിയോടുകൂടി വീക്ഷിക്കുന്ന ഒരു പ്രസ്ഥാനമാണിതു്. ആരും സംശയിച്ചുപോകും. പക്ഷേ ഇങ്ങനെ സംശയിച്ചിരുന്നവരിൽ പലരുമാണു് ഇന്നിതിനു കാര്യമായ പിൻതുണ നല്കുന്നവരും. നിയമംമൂലം ഭൂപ്രശ്നം പരിഹരിക്കാമെന്നു വിശ്വസിക്കുന്ന ഒരാളാണു് ഈ അഭിപ്രായം പുറപ്പെടുവിച്ച ആൾ. എങ്കിൽ അതിൽക്കൂടുതൽ സാദ്ധ്യതകൾ ഈ പ്രസ്ഥാനത്തിനുണ്ടെന്നു് എന്തുകൊണ്ടു വിശ്വസിച്ചുകൂടാ? നിയമവുമായി ഈ പ്രശ്നത്തെ അഭിമുഖീകരിക്കുവാൻ ഇറങ്ങുമ്പോഴറിയാം അതിന്റെ തകരാറുകൾ. എന്നാൽ ഈ പ്രസ്ഥാനംകൊണ്ടു യാതൊരു കുഴപ്പമുണ്ടാകാൻ പോകുന്നില്ലെന്നുള്ളതു് സ്പഷ്ടമല്ലേ? ന്യായമായി ചോദിക്കുക ; ആവശ്യപ്പെടുക ; തരുന്നില്ലെങ്കിൽ തരുന്നതുവരെ ചോദിക്കുക. ഇതല്ലേ അതിന്റെ മുദ്രാവാക്യങ്ങളിൽ ഒന്നു്!

ഇങ്ങനെ അനുകൂലങ്ങളും പ്രതികൂലങ്ങളുമായ പല വിമർശനങ്ങളും ഇതേ സംബന്ധിച്ചുണ്ടായിട്ടുണ്ടു്. എന്നാൽ ത്വരിതഗതിയിലുള്ള ഈ പ്രസ്ഥാനത്തിന്റെ പുരോഗതിയിൽ പ്രതികൂലാഭിപ്രായക്കാർക്കു് ഒരു സ്തംഭനാവസ്ഥതന്നെ നേരിട്ടിട്ടില്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. എന്തായാലും മററു രാജ്യങ്ങളിൽ വിപ്ളവാത്മക മാർഗ്ഗങ്ങളെ അവലംബിച്ചു സാധിച്ചിട്ടുള്ള കാര്യങ്ങൾ 'അഹിംസ'യുടെയും 'അക്രമ'രാഹിത്യത്തിന്റെയും ജന്മഭൂമിയായ ഭാരതം വിപ്ളവരഹിതമായ മാർഗ്ഗങ്ങളിൽക്കൂടി സാധിക്കുമെന്നു നാം കണ്ടുകഴിഞ്ഞിട്ടുണ്ടു്. അഭൂത മാർഗ്ഗത്തെ അവലംബിച്ചുകൊണ്ടുള്ള ഈ ഭൂമിദാനയജ്ഞപ്രസ്ഥാനവും വിജയത്തിൽ പര്യവസാനിക്കുമെന്നു നമുക്കു പ്രതീക്ഷിക്കാം.

# സിനിമയെപ്പററി

എം. വറുഗീസ്, ആലുവ.

(Class III, Philosophy, U. C. College)

സിനിമ! അതിനെപ്പററി ചിന്തിക്കുന്നതുതന്നെ എന്തു കൌതുകമാണ്.

## സിനിമയുടെ ഉറവിടം

യുഗങ്ങൾക്കപ്പുറം ഗുഹാന്തരങ്ങളിൽ ജീവിച്ച് മൃഗങ്ങളുടെ പച്ചമാംസവും ഭക്ഷിച്ച് നഗ്നനായി നടന്നിരുന്ന ആ ചരിത്രാതീതകാലത്തെ പ്രാകൃതമനുഷ്യന് സമൂഹബോധവും സംസ്കാരവും ഒന്നുമില്ലായിരുന്നു. എന്തിന്, ഭാഷപോലും ഉണ്ടായിരുന്നില്ല. അവൻ അന്ന് ഏതാണ്ട് ഒററപ്പെട്ടുകഴിയുകയായിരുന്നു. തന്റെ സഹജീവികളെപ്പററി അവന് യാതൊരു ചിന്തയും ഉണ്ടായിരുന്നില്ല. തന്റെ വിശപ്പിനെപ്പററിയല്ലാതെ മററുള്ളവരെക്കുറിച്ച് അവന് യാതൊന്നും അറിഞ്ഞുകൂടായിരുന്നു. അറിയണമെന്നാഗ്രഹവുമുണ്ടായിരുന്നില്ല. ക്രമേണ അവനിൽ സമൂഹബോധം വളർന്നുവന്നു. താൻ ഒററപ്പെട്ട ഒരു ജീവിയല്ലെന്നും തന്നെപ്പോലെ തന്നെ മററനേകം പേരും ഉൾക്കൊള്ളുന്ന സമൂഹത്തിലെ ഒരംഗമാണ് താനെന്നും അവൻ മനസ്സിലാക്കിയതോടെ തന്റെ സഹജീവികളോട് കൂടുതൽ അടുക്കാനും അവരെപ്പററി കൂടുതൽ അറിയാനും അവനിൽ ഉത്സാഹം വളർന്നുവന്നു. അതോടൊപ്പം തന്റെ ഉള്ളിലുള്ള വികാരവിചാരങ്ങളെ മററുള്ളവരെ അറിയിക്കാനും, മററുള്ളവരുടെ വികാരവിചാരങ്ങൾ മനസ്സിലാക്കാനും ആവശ്യമായ ബോധം അവനിൽ കിളുത്തുവന്നു. ഇവിടെ വച്ചാണ് ഭാഷയുടെ ഉത്ഭവം. അങ്ങനെ, മനുഷ്യൻ സമൂഹജീവിയായതോടെ കഥാകഥനരൂപവും ഉടലെടുത്തു. കാലം ചെല്ലുന്തോറും മാറിമാറിവരുന്ന പരിതഃസ്ഥിതികളും ചരിത്രഗതികളും അനുസരിച്ച് ഇതിന്റെ രൂപവും ഭാവവും മാറിമാറിവന്നു. അങ്ങനെ ആ പ്രാകൃതദശയിൽനിന്ന് ഇരുപതാംനൂററാണ്ടിലെ പരിഷ്കൃതരൂപം വരെ ആ കഥാകഥനരൂപം എത്തി. ഈ ഇരുപതാം നൂററാണ്ട് ഒരു പുതിയ കഥാകഥന രൂപം കണ്ടുപിടിച്ചു—അതാണ് സിനിമ.

## സിനിമയുടെ കഴിവുകൾ

അരനൂററാണ്ടിനു മുമ്പ് സിനിമ കണ്ടുപിടിച്ചപ്പോൾ കേവലം അമ്പതു വർഷത്തെ വളർച്ചകൊണ്ട് അതു് ലോകത്തിലെ ഏററവും മുന്തിയ കലാരൂപമായി പരിണാമം പ്രാപിക്കുമെന്ന് സിനിമയ്ക്ക് പിറവി നൽകിയ തോമസ് എഡിസൻ പോലും അന്ന് കരുതിയിരിക്കയില്ല. ഈ നൂററാണ്ടിന്റെ അത്ഭുതാവഹമായ ഒരു വിജയമാണ് ചലച്ചിത്രം. ആധുനിക ലോകത്തിലെ ഏററവും ആകർഷകവും തികച്ചും ജനകീയവുമായ കലാരൂപമാണ് സിനിമ. ഭൂതലത്തു് ആവിർഭവിച്ചിട്ടുള്ള സർവ്വ കലാരൂപങ്ങളിലും വച്ച് ഏററവും [illegible]യതു് സിനിമയാണെന്നു പറയണം. സംഗീതം, സാഹിത്യം, നൃത്തം, അഭിനയം, ശബ്ദലേഖനം, ചിത്രമെഴുത്ത് തുടങ്ങിയ മനുഷ്യനിർമ്മിതമായ മിക്ക കലകളും, കരകൌശലങ്ങളും, സാങ്കേതിക വിദ്യകളും ചലച്ചിത്രത്തിൽ അടങ്ങിയിട്ടുണ്ട്. കലയും ശാസ്ത്രവും ഇത്ര സമഞ്ജസമായി കൈകോർത്തു നിൽക്കുന്ന മറെറാരു കലാരൂപം ചൂണ്ടിക്കാണിക്കാനില്ല. ഇത്രയായിരം ജനങ്ങളെ ഒരേ സമയത്ത് ആനന്ദിപ്പിക്കുവാൻ കഴിയുന്ന മറെറാരു കലാരൂപം ഇല്ലാത്തതിനാലാണ് കലാലോകത്തിൽ സാർവ്വലൌകികമായിത്തന്നെ സിനിമ ആധിപത്യം പുലർത്തിയിരിക്കുന്നതു്. പ്രതിദിനം മുപ്പത്തിയഞ്ചുകോടിയോളം ജനങ്ങൾ (ലോകജനസംഖ്യയുടെ ഏതാണ്ട് പതിനഞ്ചു ശതമാനം) സിനിമാശാലകളിൽ കയറിയിറങ്ങുന്നുണ്ടെന്നാണ് സ്ഥിതിവിവരക്കണക്കുകളിൽ നിന്നു കാണുന്നതു്. ഇംഗ്ലണ്ടിലെ കണക്കെടുത്താൽ, നാടകത്തിനെത്തുന്നതിന്റെ അമ്പതിരട്ടി പ്രേക്ഷകർ സിനിമ കാണുന്നുണ്ട്. ഇതിനു കാരണം വ്യക്തമാണ്. നാടകത്തിലാണെങ്കിൽ ഏതാനും കലാരൂപങ്ങൾ (അതും സിനിമയിലുള്ളിടത്തോളമില്ല) മാത്രമേ ആവിഷ്കരിക്കാൻ സാധ്യമാകൂ. ശാസ്ത്രത്തിന്റെ കഴിവുകൾ നാടകത്തിനുപയുക്തമാക്കാൻ പററില്ലെന്നുതന്നെ പറയാം. ഒരു നിശ്ചിതപരിധിയുള്ള സ്ഥലത്തു് 'കർട്ട'ന്റെ

COLLEGE CRICKET TEAM



*Sitting* :—Messrs. C. P. Andrews B. A. (Physical Director), C. Cherian (Captain), T. B. Ninan M. A. (Principal), T. C. Joseph M. A. (President), Y. Mathai

*Standing, 1st row* :—Messrs. Muhammod (Games Boy), Jacob Philipose, K. K. Paniker, Ramachandran, George Stephanose, Alex Cherian.

*Standing, 2nd row* :—Messrs. K. R. Sugathan, Y. Cherian, P. J. Mathew, Oommen Abraham.

WINNERS OF THE INTER-HOSTEL VOLLEYBALL TOURNAMENT

**Chacko Hostel Team 1953-54.**



*Sitting (L to R.)*:—Messrs. George Stephanos (*Ath. Rep.*), George Zachariah B. A. (Hons.), (*Warden*), P. C. George (*Captain*), Rev. John Beall (*Warden*), P. V. Philip.

*Standing*:—Messrs. Chathen (*Hostel Boy*), P. D. John, Jacob Peter, Mathew Varughese, M. V. Mathew, K. M. Idiculla.

യും മററും സഹായത്തോടെ നാടകത്തിൽ പ്രദർശിപ്പിക്കാൻ സാധിക്കുന്നതിനേക്കാൾ എത്രയോ ഇരട്ടി കാര്യങ്ങൾ സിനിമയിൽ 'ക്യാമറാ'യുടെയും മററും സഹായത്തോടെ തികഞ്ഞ കലാപിതത്വത്തോടെ നിഷ്പ്രയാസം കാണിക്കാൻ സാധിക്കും. ഒരു നാടകത്തിൽ ഉൾക്കൊള്ളിക്കാൻ അസാദ്ധ്യമായ ഒരു വമ്പിച്ച യുദ്ധരംഗമോ, വിസ്തൃതമായ മണലാരണ്യമോ, അലകൾ ഉരുകിമറിയുന്ന ഒരു കടലോ, താരാപ്പൃതമായ ആകാശമോ, പർവ്വതശൃംഗങ്ങളോ, കൊടുങ്കാററ്, വെള്ളപ്പൊക്കമോ, വെള്ളച്ചാട്ടമോ നിഷ്പ്രയാസം തികഞ്ഞ യഥാർത്ഥപ്രതീതിയോടെ സിനിമയിൽ ആവിഷ്കരിക്കാൻ സാധിക്കും. അതായതു സിനിമ യഥാർത്ഥ ജീവിതത്തിൻെറയും സംഭവങ്ങളുടെയും ചിത്രമാണെന്നു സാരം. ലോകത്തിലെ മിക്കവാറും എല്ലാ കലകളിൽ നിന്നും ഉല്പന്നമാകുന്ന അനുഭൂതി അതെല്ലാം തന്നെ ഉൾക്കൊള്ളുന്ന സിനിമയിൽ നിന്നു കിട്ടും. ചുരുക്കത്തിൽ സിനിമയേക്കാൾ കഴിവുകളുള്ള മറെറാരു കലാരൂപം ഇനിയും കണ്ടുപിടിക്കേണ്ടതായിട്ടാണിരിക്കുന്നതു്. പക്ഷേ കേവലം ശൈശവദശയിൽ വർത്തിക്കുന്ന 'ടെലിവിഷ'നെപ്പററി ഒരു പ്രവചനം അസ്ഥാനത്തായിരിക്കും. അതിൽ പുതിയ പുതിയ പരീക്ഷണങ്ങൾ നടന്നുകൊണ്ടിരിക്കയാണു്. അതോടൊപ്പം സിനിമയിലും പുതിയ പുതിയ കണ്ടുപിടിത്തങ്ങൾ നടക്കുന്നുണ്ടു്. അതിനുദാഹരണമാണു് സ്റ്റീറിയോസ്കോപ്പിക് ചിത്രങ്ങൾ, ത്രിമാനചിത്രങ്ങൾ, സിനിരാമ മുതലായവ. ഇവയുടെ പൊതു സ്വഭാവത്തെപ്പററിയോ സങ്കീർണ്ണമായ സാങ്കേതിക വശങ്ങളെപ്പററിയോ ഉള്ള വിവരണം ഈ ലേഖനത്തിൽ അസ്ഥാനത്താകയാൽ അതു വിടുന്നു.

അപ്പോൾ സിനിമയുടെ അനന്തമായ കഴിവുകളെപ്പററിയും നാടകത്തേക്കാൾ സിനിമയ്ക്കുള്ള നേട്ടങ്ങളെപ്പററിയും മററും സാമാന്യമായി നാം പറഞ്ഞുകഴിഞ്ഞു. വിജ്ഞാനത്തോടും വിനോദത്തോടും ഒപ്പം ജീവിതാവിഷ്കരണ നിർദ്ദേശങ്ങളും നൽകാനുള്ള സിനിമയുടെ കഴിവു് അതിവിപുലമാണ്. ജീവിതത്തിൻെറ എല്ലാ തുറകളിലും—വിദ്യാഭ്യാസം, പ്രചരണവേല, സാംസ്കാരികാഭിവൃദ്ധി, നൃത്തം, സംഗീതം, കലാപോഷണം മുതലായവ അത്ഭുതകരമായ വികസനസാദ്ധ്യതകൾ ചലച്ചിത്രവ്യവസായം തുറന്നു കാട്ടുന്നുണ്ടു്. അർഹതയുള്ളവൻെറ കയ്യിൽ ജീവിതപരിഷ്കരണത്തിനുപയുക്തമാക്കാവുന്ന അനന്തമായ സാദ്ധ്യതകൾ ഉൾക്കൊള്ളുന്ന ശക്തിമത്തായ ഒരായുധമാണു് സിനിമ. ഇതു കണ്ടുകൊണ്ടുതന്നെയാണ് സ. സ്റ്റാലിൻ പറഞ്ഞതു്, "റഷ്യയുടെ കയ്യിൽ അത്യന്തവിപുലമായ ഒരു സാംസ്കാരിക ശക്തിയാണ് സിനിമ." അറിഞ്ഞേടത്തോളം അതക്ഷരം പ്രതി ശരിയുമാണ്.

## ഇന്നത്തെ നിലവാരം.

പക്ഷേ അതിമനോജ്ഞമായ ഈ പുഷ്പമാല്യം കുരങ്ങൻെറ കയ്യിലായാൽ എന്താണു് രക്ഷ! നമുക്ക് ഇൻഡ്യൻ സിനിമാലോകത്തേക്കൊന്നു കണ്ണോടിയ്ക്കാം. ചലച്ചിത്ര വ്യവസായത്തിൻെറ ലോക മാർക്കറെറടുത്തു നോക്കുമ്പോൾ ഹോളിവുഡ്ഡ് കഴിഞ്ഞാൽ പിന്നെ രണ്ടാംസ്ഥാനം ഇൻഡ്യയ്ക്കാണ്. എന്നാൽ ഇതു് ചിത്രങ്ങളുടെ എണ്ണത്തെ ആസ്പദിച്ചാണു്, അല്ലാതെ ഗുണത്തെ നോക്കിയല്ല. കലാമൂല്യത്തിൻെറ കാര്യത്തിൽ ഇൻഡ്യൻ സിനിമയുടെ പിറകിൽ നില്ക്കാൻ മററധികമൊന്നും കാണുമെന്നു തോന്നുന്നില്ല. ഇൻഡ്യൻ ചലച്ചിത്രവ്യവസായത്തിൻെറ ആരംഭദശയിൽ 'അച്ഛൂത്കന്യാ', 'ധർമ്മാത്മാ' മുതലായ ഒന്നാംതരം ചിത്രങ്ങൾ ഇവിടെ നിർമ്മിച്ചെന്നു നാം ഓർക്കണം. പക്ഷേ ഇന്നത്തെ സ്ഥിതിയോ? ഒരേ ചട്ടക്കൂട്ടിൽ വാർത്തിറക്കുന്ന പ്രണയകഥകൾ. ഇംഗ്ലീഷിൽ പറഞ്ഞാൽ 'ബോയ് മീററ്സ് ഗേൾ' (Boy meets girl) കഥകൾ. ഇടവിട്ടിടവിട്ടു് കുറെ നൃത്തങ്ങളും പ്രണയരംഗങ്ങളും ഗാനങ്ങളും കുട്ടിയിണക്കിട്ടുണ്ടാവും. ഈ 'ഫോർമുലാ ലിസ്റ്റിൽ' ഈയിടെയായി കൂട്ടിച്ചേർത്തതാണ് കോടതിരംഗവും, കാർ ആക്സിഡൻറും, സ്വപ്നരംഗവും. ഇത്രയും കാര്യങ്ങൾക്കു ചുററുമായിട്ടാണു് നിസ്സാരമായ കഥ പെരുമ്പാമ്പുപോലെ ഇഴഞ്ഞു നീങ്ങുന്നതു്. ഇത്രയും പറഞ്ഞപ്പോൾ ഒരു കാര്യം ഓർത്തുപോകുന്നു. ഇൻഡ്യൻ സിനിമയിലെ പ്രണയരംഗങ്ങൾ നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? അതിൽ പ്രണയിക്കണമെങ്കിൽ കുറഞ്ഞതു് ഒരാറേക്കർ സ്ഥലമെങ്കിലും വേണം. അതിൽ പൂന്തോപ്പു്,

താമരപ്പൂക്കൾ വിടർന്നുനിൽക്കുന്ന ഒരു കുളവും, കുളക്കരയിൽ നായികയുടെ കരം സൌകര്യമായി പറ്റുവാൻ തക്കവിധത്തിൽ പാകത്തിനു വളർന്നു നില്ക്കുന്ന കൊമ്പുള്ള ഒരു മരവും, അല്പം ദൂരെ രണ്ടു പ്രാക്കളും അനിവാര്യമാണെന്നാണു് സങ്കല്പം. ഇതൊന്നും ചേരാതെ പ്രണയം വരില്ലെന്നാണ് പടംപിടി മുതലാളികളുടെ വിധിയെഴുത്തു്. കാമുകനും കാമുകിയും പാതിരാത്രു് വീട്ടിലാരും അറിയാതെ പുറത്തിറങ്ങി പതുങ്ങിപ്പതുങ്ങി പൂന്തോപ്പിലെത്തേണ്ട താമസം, പാട്ടും നൃത്തും ഓട്ടവും ചാട്ടവും എല്ലാം തുടങ്ങുകയായി. പിന്നെ എങ്ങനെ വീട്ടുകാർ ഞെട്ടിയുണർന്നു് തൊണ്ടിസഹിതം പിടിക്കാതിരിക്കും! ഇതൊക്കെ കാണുമ്പോൾ ചിരിക്കയല്ലാതെന്തു ചെയ്യും?

തകർച്ചയുടെ കാരണം.

കലയുടെ പേരിൽ നടത്തുന്ന ഈ പേക്കൂത്തു് ഇങ്ങനെ തുടർന്നാൽ ഇതിനെവിടെയാണവസാനം? ഈ ഗതികേടിനാരാണുത്തരവാദി? ചലച്ചിത്ര നിർമ്മാണത്തിന്റെ രക്ഷാധികാരം മുതലാളികൾ എത്രത്തോളം ഏറ്റെടുത്തോ അത്രത്തോളം അതു് അധഃപതിക്കയും ചെയ്തു. മുതലാളികൾ വെറുതെയങ്ങേറ്റെടുത്തു എന്നു പറഞ്ഞാൽ അതൊരർദ്ധസത്യം മാത്രമായിരിക്കും. അതിനു കാരണവും ഉണ്ടായി എന്നോർക്കണം. അതായതു്, വമ്പിച്ച തോതിൽ പണം മുടക്കേണ്ടിവരുന്ന ഒരു കലാവ്യവസായമാണു് സിനിമ. കുറഞ്ഞ പക്ഷം ഇന്നത്തെ നിലയിൽ ഒരിന്ത്യൻ ചിത്രത്തിനു് അഞ്ചുലക്ഷം രൂപ മുടക്കേണ്ടിവരുമെന്നു വയ്ക്കുക. ഇത്രയും തുകയ്ക്കു് ആരെയാശ്രയിക്കുക? മുതലാളിയെത്തന്നെ. പക്ഷെ, അയാൾ പണം മുടക്കണമെങ്കിൽ താൻ മുടക്കുന്ന ഓരോ രൂപയും ശരിയായ ലാഭത്തോടെ തന്റെ പക്കൽത്തന്നെ വന്നുചേരണമെന്നു് അയാൾക്കു് നിർബ്ബന്ധമുണ്ട്. അതിനാൽ പണം മുടക്കിയവൻ സ്വാഭാവികമായി അതിൽ നിയന്ത്രണം ചെലുത്തി. അയാളുടെ ഇഷ്ടത്തിനൊത്തു കലയുടെ കഴുത്തിൽ കത്തിവയ്ക്കേണ്ടിവന്നു. അങ്ങനെ സിനിമ മുതലാളിയുടെ കലയായി പരിണമിച്ചു. അന്നുമുതൽ സിനിമ അധഃപതിക്കാൻ തുടങ്ങി. കള്ളുകച്ചവടത്തെക്കാളും, കരിഞ്ചന്തയെക്കാളും പണം വാരാനുള്ള ഒരെളുപ്പമാർഗ്ഗമെന്നു കണ്ടപ്പോൾ വിപുലമായ സാമൂഹസാദ്ധ്യതകളുള്ള ഈ കലാവ്യവസായം കേവലം 'ബിസിനസ്സ്' ആയി തരംതാഴ്ന്നു. അതുൾക്കൊണ്ടിരുന്ന അന്തസ്സത്തയും സാമൂഹ്യബോധവും നശിച്ചു. ഇതു സിനിമാവ്യവസായം ശൈശവത്തിൽ നില്ക്കുന്ന കേരളത്തിലെയോ ഇൻഡ്യയിലെയോ മാത്രം സ്ഥിതിയല്ലെന്നോർക്കണം. ചലച്ചിത്രലോകത്തിന്റെ തലസ്ഥാനമെന്നു പറയപ്പെടുന്ന ഹോളിവുഡിലെ സ്ഥിതിയും വിഭിന്നമല്ലെന്നു പറയേണ്ടിയിരിക്കുന്നു. അവിടെ അത്രമാത്രം അധികാരം കലയുടെ മേൽ വ്യവസായത്തിനുണ്ടു്. വെറുതെയല്ല ആ ലോകോത്തര കലാകാരൻ—ചാർളി ചാപ്ലിൻ—ഹോളിവുഡിൽനിന്നും ഇംഗ്ലണ്ടിലേക്കു രക്ഷപ്പെട്ടതു്!

രക്ഷാമാർഗ്ഗം.

ഇനി ഇതിൽ നിന്നുള്ള പോംവഴിയെന്താണ്, സിനിമയെ മുതലാളിയുടെ നിയന്ത്രണത്തിൽ നിന്നു രക്ഷിക്കാൻ? ഒരൊറ്റ മാർഗ്ഗമേയുള്ളു—സിനിമാവ്യവസായത്തിന്റെ ദേശവൽക്കരണം. മുതലാളികളിൽ കലാബോധം ഉദിച്ച് അവർ നേർവഴിയെ നടക്കണമെങ്കിൽ അവർ മുതലാളികൾ അല്ലാതാവണം. ജനസാമാന്യം നല്ല ചിത്രങ്ങളെ മാത്രം പ്രോത്സാഹിപ്പിക്കട്ടെ എന്നു വച്ചാലതിനു ജനതയുടെ സാംസ്കാരിക നിലവാരം ഉയർന്നതാവണം! അതു് അനുക്രമമായ പരിണാമം കൊണ്ടേ സാദ്ധ്യമാകൂ. ജനതയെ വേണ്ട വഴിക്കു നയിക്കുകയല്ലാതെ അവരാൽ നയിക്കപ്പെടുകയല്ല വേണ്ടതു്. ഈ സംരംഭത്തിൽ വ്യക്തികളെക്കൊണ്ടൊന്നും നേടാൻ സാദ്ധ്യമല്ല. ഗവൺമെന്റുതന്നെ നേതൃത്വം ഏറ്റെടുത്തു് പരിശുദ്ധമായ ഈ മണിക്കോവിലിൽനിന്നു കള്ളുഷാപ്പുകാരെയും കരിഞ്ചന്തക്കാരെയും ആട്ടിയിറക്കണം. അതോടൊപ്പം പ്രതിഭാശാലികൾക്കു വേണ്ട എല്ലാ നിർമ്മാണ സൗകര്യങ്ങളും ചെയ്തുകൊടുക്കണം. അപ്പോൾ കേവലം ലാഭത്തിനുവേണ്ടി മാത്രമല്ലാത്ത, സാംസ്കാരികമൂല്യം തികഞ്ഞ ചിത്രങ്ങൾ ഉടലെടുക്കും.

അത്തരം സാംസ്കാരികാനുഭൂതി പ്രദാനം

ചെയ്യുന്ന ചിത്രങ്ങൾ എന്നാണിന്ത്യയിൽ നിർമ്മിക്കുക !

[ശ്രീ ആർ. എസ്സ്. കുറുപ്പിനോടും, ശ്രീ കെ. സുരേന്ദ്രനോടും കടപ്പാട്.]

---

# വള്ളത്തോളിന്റെ കവിത

(പി. സി. കർത്താ, ക്ലാസ് I, ഗ്രൂപ്പ് D

ആർഷസംസ്കാരത്തിന്റെ മഹനീയതയെ മുറുകെപ്പിടിച്ചുകൊണ്ടു് കണ്ണിനും കരളിനും ആസ്വാദ്യമാം വിധത്തിൽ പൌരസ്ത്യ പാശ്ചാത്യസാഹിത്യാംശങ്ങളെ ഏകോദരസഹോദരന്മാരെപ്പോലെ ഒരുമിപ്പിച്ചു കവിതാസദസ്സിൽ മുങ്ങിയും പൊങ്ങിയും തുടിച്ചും കളിച്ചും നില്ക്കുന്ന ഒരു ജലദേവതയത്രേ വള്ളത്തോൾക്കവിത. ഭാവനാസമ്പന്നവും ഹൃദയഹാരിയും അനവദ്യസുന്ദരവും ആയ ഒരു കവിതാസര[illegible]ത്തിന്റേതു്. ഉദയ[illegible]ത്തിന്റെ വിശുദ്ധിയും മദ്ധ്യാഹ്നത്തിന്റെ വീറും സന്ധ്യയുടെ സമ്മോഹനതയും വള്ളത്തോൾക്കവിതയിൽ ഉടനീളം പ്രശോഭിക്കുന്നു. ഈ കവിത വേരോടിച്ചിരിക്കുന്നതു് ആസ്തിക്യബുദ്ധിയാകുന്ന ഫലഭൂയിഷ്ഠമായ ഭൂമിയിലും, പൂവിട്ടുവികസിച്ചു നില്ക്കുന്നതു് ജീവിതാനുഭവങ്ങളുടെ വിശാലവും നിർ[illegible]വുമായ ഒരു [illegible] ഉന്മേഷഭാവത്തിലുമാണു്. മനുഷ്യരുടെ സ്വഭാവങ്ങളേയും വാക്കുകളേയും പ്രവൃത്തികളേയും സസൂക്ഷ്മം ഗ്രഹിച്ചു് ഏററവും അഭിനന്ദനീയമായ വിധത്തിൽ പ്രകാശിപ്പിക്കുന്നതിനു് വള്ളത്തോളിനുള്ള സാമർത്ഥ്യം വാചാമഗോചരമത്രേ. കവിതാവാസനയെന്നുവച്ചാൽ ആശയങ്ങളെ ക്ലേശംകൂടാതെ വായനക്കാർ രസിക്കത്തക്ക വിധത്തിൽ ഏററവും സ്ഫുടമായി പ്രകാശിപ്പിക്കാനുള്ള സാമർത്ഥ്യമാണെങ്കിൽ അതു് വള്ളത്തോളിനു് വേണ്ടുവോളമുണ്ടെന്നാരും സമ്മതിക്കും.

വള്ളത്തോൾക്കവിതയിലെ ഒരു പ്രത്യേകത ശുഭപ്രതീക്ഷയാണു്. പ്രപഞ്ചത്തിന്റെ സ്ഥായിഭാവംതന്നെ ശോകമാണെന്നു കരുതുന്ന ചിലരുണ്ടു്; പക്ഷെ അപ്രകാരമുള്ള ഒരു കവിയല്ല വള്ളത്തോൾ. അദ്ദേഹത്തിന്റെ പല കവിതകളിലും ശോകരസം അംഗമായും അംഗിയായും കാണുവാൻ സാധ്യമാണെങ്കിലും അതു് കാവ്യത്തിന്റെ മനോഹാരിതയ്ക്കു് ഒരു ഉപായമായിട്ടല്ലാതെ കവിയുടെ ശുഭപ്രതീക്ഷയ്ക്കെതിരായ ഒരു മനോവൃത്തിയായി ആരും തെററിദ്ധരിക്കുകയില്ല. അനുഭവിക്കുവാനും ആസ്വദിക്കുവാനുമുള്ളതാണു് മനുഷ്യജീവിതം; അല്ലാതെ വ്യസനിക്കുവാനും വിലപിക്കുവാനുമുള്ളതല്ല—ഈ 'തത്വമാണു്' വള്ളത്തോൾക്കവിത നല്കുന്ന സന്ദേശം. കിട്ടിയതിന്റെ കുറവുകളെക്കുറിച്ചു പിറുപിറുക്കുവാനും പരിഭവിക്കാനുമല്ല, അതനുഭവിച്ചുകൊണ്ടു കിട്ടാനുള്ളതിലേക്കു് കണ്ണുവച്ചു് പരിശ്രമിക്കുവാനാണു് വള്ളത്തോളിന്റെ കവിത പഠിച്ചിട്ടുള്ളതും പഠിപ്പിച്ചിട്ടുള്ളതും. ശുഭപ്രതീക്ഷകൊണ്ടു് മനോഹരമായ ശരൽക്കാലചന്ദ്രികയാണു് വള്ളത്തോൾക്കവിത എന്നു സംക്ഷിപ്തമായി പറയാം.

സൌന്ദര്യബോധവും കലാസൌന്ദര്യവുമാണു് മഹാകവിയുടെ കവിതയിലെ മറെറാരു പ്രത്യേകത. മയിൽനൃത്തത്തിന്റെ താളത്തോടും കുയിൽനാദത്തിന്റെ രാഗത്തോടുംകൂടി അണിയറയിൽനിന്നു രംഗപ്രവേശം ചെയ്യുന്ന വള്ളത്തോൾക്കവിതയിലെ ഓരോ പദവും സമ്പൂർണ്ണമാണു്. അരനൂററാണ്ടിനുമുമ്പും ഇന്നും വള്ളത്തോൾക്കവിത ഒരുപോലെ സുന്ദരം തന്നെ. പരിതഃസ്ഥിതികളും അഭിപ്രായങ്ങളും ആശയങ്ങളും എല്ലാം മാറിയെങ്കിലും ഒന്നുമാത്രം അചഞ്ചലമായി, മനോഹരമായി, അനവദ്യസുന്ദരമായി അന്നത്തേപ്പോലെതന്നെ ഇന്നും നിലകൊള്ളുന്നു—വള്ളത്തോൾക്കവിതയുടെ മനം മയക്കുന്ന കലാസൌന്ദര്യം!

"മാനംചേർന്ന ഭടന്റെ മിന്നൽ ചിതറും
കൈവാളിളക്കത്തിലും,
മാനത്തും മിഴിതൻ മനോരമനിൽച്ചാ
യുന്ന കൺകോണിലും,
സാനന്ദം കളിയാടിടുന്ന ശിശുവിൻ തൂവെ
ള്ളപ്പുഞ്ചിരിയിലും—
സ്ഥാനത്തും നിഴലിച്ചു കാണ്മൂ, കവിതേ!
നിൻമഞ്ജുരൂപത്തെ ഞാൻ"

അതേ, വള്ളത്തോൾ, കവിതാദേവിയെ ദർശിച്ച സ്ഥാനങ്ങൾ ഏതെല്ലാമെന്ന് അദ്ദേഹം തന്നെ പറയുന്നു. ദേശാഭിമാനം തിളയ്ക്കുന്ന പോരാളിവീരൻ, മനോരമണനെ കടാക്ഷിച്ചു നിൽക്കുന്ന മറിമാൻ മിഴി, കരം തട്ടിപ്പിക്കുമാറ് ഓടിച്ചാടി നടക്കുന്ന ഓമനക്കിടാവ് ഇവയെല്ലാമാണ് വള്ളത്തോളിന്റെ കവിതാവിഷയങ്ങൾ. അതായത് ധീരതയും ശൃംഗാരവും നിഷ്ക്കളങ്കതയും ഒന്നിച്ചു കൈകോർത്തു സ്വച്ഛന്ദം വിഹരിക്കുന്നതായിട്ടാണ് നാം വള്ളത്തോൾക്കവിതയിൽ ദർശിക്കുന്നത്.

വള്ളത്തോൾ ഒരു പരിഷ്ക്കാരപ്രിയനാണ്. തന്റെ, പുളകം പുതയ്ക്കുന്ന പുരാണഭൂമിയെ, പാശ്ചാത്യഭൂമിയുമായി കൂട്ടിക്കലർത്തി പരിഷ്ക്കരിക്കുവാൻ അദ്ദേഹം വെമ്പുന്നു. ആർഷഭാരത സംസ്ക്കാരത്തിൽ പാശ്ചാത്യസംസ്ക്കാരത്തിന്റെ പനിനീർത്തുള്ളികൾ തളിച്ച് അനുഭവപേശലമാക്കി കൈരളിയുടെ കനകക്കോവിലിൽ നിവേദിക്കുവാൻ സമർപ്പിച്ചിരിക്കുന്ന കദളിപ്പഴങ്ങളാണ് വള്ളത്തോൾക്കവിതയിലെ ഓരോ പദവും.

സ്വാതന്ത്ര്യസ്നേഹം തുളുമ്പിനിൽക്കുന്ന ഒരു ഹൃദയമാണ് വള്ളത്തോളിന്റേത്. സ്വാതന്ത്ര്യത്തിന്റെ ജഡത്തേയും ആത്മാവിനേയും കാർന്നുതിന്നുകൊണ്ട് അതിനെ അടിമത്തത്തിന്റെ പരമകാഷ്ഠയിലേക്കെത്തിക്കുവാൻ പരിശ്രമിക്കുന്ന ബ്രിട്ടീഷുകാരെക്കണ്ടപ്പോൾ അദ്ദേഹത്തിനു സഹിച്ചില്ല. അദ്ദേഹം ഉജ്ജ്തകി

> "പൂതമോംകാരംപോലെത്ര്യക്ഷരാത്മകമായി
> സ്വാതന്ത്ര്യം ലഭിപ്പാനായ് കാരണത്രിതയത്താൽ
> സാദരം പ്രയത്നിപ്പിൻ, സാഫല്യപ്പെടുത്തുവിൻ,
> സോദരന്മാരേ, നിങ്ങൾ, സാരമാം നരജന്മം!"

എന്ന് ഭാരതജനതയോട് ആഹ്വാനം ചെയ്തു. "ചെങ്കോലു ദൂരത്തിട്ടു യോഗദണ്ഡ്" ഊന്നി", "പൊൻ കിരീടത്തെ ജടാജൂടമായ്" മാറ്റി"ക്കൊണ്ട് സ്വാതന്ത്ര്യലബ്ധിക്കായി പട പൊരുതാൻ തയ്യാറായി മുന്നോട്ടുവന്ന ആ മഹാകവിയുടെ ദേശാഭിമാനത്തിനു മുമ്പിൽ ആർതന്നെ കൈകൂപ്പിപ്പോകുകയില്ല!

മഹാകവി വള്ളത്തോളിന്റെ അഗാധബുദ്ധിയിൽ നിന്നൊഴുകുന്ന ചിന്തകളും, വിശാലഹൃദയത്തിൽ നിന്നു പുറപ്പെടുന്ന വികാരങ്ങളും, അനുഗൃഹീതതൂലികയിൽ നിന്നുളവാകുന്ന കലാസൃഷ്ടികളും കൈരളിയുടെ അമൂല്യസമ്പത്തത്രേ. അദ്ദേഹത്തിന്റെ കവിതയുടെ ശില്പഭംഗിയും, രചനാസൌന്ദര്യവും ആസ്വദിക്കുന്ന കേരളീയരെപ്പോലെ ഭാഗ്യവാന്മാർ വേറെ ആരുണ്ട്?

---

## കവിത നിറഞ്ഞ ശാസ്ത്രം

(സി. ജി. ആർ.)

### ജനലിൽക്കൂടി വരുന്ന സൂര്യരശ്മി

മണിത്തൊട്ടിലിൽ കൊച്ചുകുഞ്ഞു കിടന്നു കളിക്കുകയായിരുന്നു; അപ്പോഴാണ് ജനലിൽക്കൂടി സൂര്യരശ്മികൾ തൊട്ടിലിലേക്കെത്തിനോക്കിയത്. എന്തൊരത്ഭുതമാണീ മനോഹരമായ പ്രകാശവിശേഷം! വിസ്മയം കൊണ്ടു വിടർന്ന കണ്ണുകളോടെ ശിശു നിർന്നിമേഷാക്ഷനായി നോക്കിക്കൊണ്ടിരിക്കുകയാണ്.

....ശാസ്ത്രജ്ഞന്റെ കഥ ഇതാണ്. ആലോചനാമൃതമായ കവിത നിറഞ്ഞതാണ് ശാസ്ത്രം.

### വികസിച്ചുവരുന്ന ലോകം

പ്രാചീന ഭാരതീയരുടെ ലോകം മഹാമേരുവരെ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതിനപ്പുറം, ഹിമാലയത്തിനും ടിബറ്റിനും അപ്പുറം, സ്വർഗ്ഗമായിരുന്നു! യൂറോപ്യന്മാർക്ക് മെഡിറ്ററേനി

JUNIOR DAY SCHOLARS' ASSOCIATION

**CRICKET TEAM**

**Winners of the Interhostel Tournament**



*Sitting Ground)* L to R.—Messrs, M. C. Abraham, R. Nataraja Pillai *(Athletic rep:)*

*Chair.*—Messrs. Y. Cherian, R. Ramakrishnan Nair, K. Ramachandran *(Captain)*, T. B. Ninan *(Principal)*, C. T. Benjamin *(President)*, M. A. Ramankutty *(Secretary)*, P. Balachandran.

*Standing.*—Messrs. G. Samuel, M. Krishnankutty, R. Radhakrishnan Nair, P. T. Joseph, B. Vidiasagara Menon, K. K. Panicker, V. I. Mathen T. K. Venugopal, P. J. Mathew, Sathiamurthy.

യൻ കടലായിരുന്നു ഭൂമദ്ധ്യം! പിന്നെ വന്നവന് അൻറാർട്ടിക്കയും കണ്ടുപിടിച്ചു....ആദ്യം ഭൂമി പരന്നതായി വിശ്വസിച്ചു; ശാസ്ത്രം പുരോഗമിച്ചതോടുകൂടി അതിന്റെ ഗോളാകൃതി വെളിപ്പെട്ടു. പിന്നീടതാ ഗലീലിയോവിന്റെയും കോപ്പർനിക്കസ്സിന്റെയും ലോകം: ഭൂമി സൂര്യന്റെ പാർശ്വവർത്തികളായ ഗ്രഹങ്ങളിലൊന്നുമാത്രം. സൂര്യനോ, നിരവധി നക്ഷത്രങ്ങളിലൊന്നും! ഇനിയങ്ങോട്ട് ഐൻസ്റ്റീന്റെ മഹാപ്രപഞ്ചമാണ് — സ്ഥലകാലങ്ങളുടെ അനുസ്യൂതമായ അത്ഭുത പ്രപഞ്ചം.

## പദാർത്ഥപ്രപഞ്ചത്തിന്റെ ഇങ്ങേ അററം

പദാർത്ഥപ്രപഞ്ചത്തിന്റെ ഇങ്ങേ അററത്തിന്റെ കഥയോ?
പരമാണുവിന്റെ കഥ—

സൂര്യനെപ്പോലെ നടുക്കൊരു ന്യൂക്ലിയസ്. ചുററും ഗ്രഹങ്ങളെപ്പോലെ ഭ്രമണം ചെയ്യുന്ന ഇലക്ട്രോണുകൾ. വിജാതീയവിദ്യുച്ഛക്തിമൂലമുണ്ടായ പരസ്പരാകർഷണത്താൽ ദൃഢബദ്ധമായ ഒരു വ്യൂഹം. ചെറിയൊരു സൗരയൂഥം പോലെ!

## രസതന്ത്രശാസ്ത്രജ്ഞന്റെ കഥ

കൊടുങ്കാററ് ഉഗ്രമായി വീശുകയാണ്. തിരമാലകളുടെ ഇടയിൽ എപ്പോഴാണ് കപ്പൽ സായൂജ്യം പ്രാപിക്കുകയെന്നു നിശ്ചയമില്ല. എന്നാൽ ആ രസതന്ത്രശാസ്ത്രജ്ഞൻ കപ്പൽത്തട്ടിൽത്തന്നെ കടലിനഭിമുഖമായി നില്ക്കുകയാണ്.

കാററോ? ശരി—നൈട്രജനും ഓക്സിജനും ഇംഗാലാമ്ലവും മററും ചേർന്ന ഒരു മിശ്രിതം! കടലല്ലേ? അതു ഹൈഡ്രജന്റെയും ഓക്സിജന്റെയും കൂടിയ ഒരു സംയുക്തം മാത്രം! ഈ ഞാനോ? —അനേകം ധാതുക്കളുടെയും സംയുക്തങ്ങളുടെയും ഒരു സമാഹാരമാണ് എന്റെ ശരീരം.

## പൂവിന്റെ നിറം

ഓ, പൂക്കളെപ്പററി പറയുമ്പോൾ എന്തെല്ലാമാണോർമ്മിക്കുന്നത്!

—മൃദുവും മനോഹരവും ചുവന്നതും ഗന്ധവാഹിയുമായ റോസാപ്പൂവ്,

—വിളഞ്ഞ വയലിൽ പററിനില്ക്കുന്ന നീലച്ച നെല്ലിപ്പൂവ്— എന്തുകൊണ്ടാണ് റോസാപ്പൂ ചുവന്നതും നെല്ലിപ്പൂ നീലച്ചതുമായതെന്നറിയാമോ?

പൂവിന്റെ നിറത്തിനു കാരണം ആന്തോസയനിൻ (Anthocyanin) എന്നു പറയുന്ന രാസവസ്തുക്കളാണ്. ആന്തോസയനിനുകളുടെ നിറം പശ്ചാത്തലത്തെ ആശ്രയിച്ചിരിക്കും, അമ്ലപ്രധാനപശ്ചാത്തലത്തിൽ (Acidic background) സാധാരണ നീലിമയും ക്ഷാര പശ്ചാത്തലത്തിൽ (Alkaline medium) അരുണിമയും മുന്നിട്ടുനില്ക്കും. റോസാപ്പൂവിലും നെല്ലിപ്പൂവിലും ഒരേ ആന്തോസയനിൻതന്നെയാണുള്ളത്. വർണ്ണഭേദത്തിനു കാരണം പശ്ചാത്തലഭേദമാണ്.

## ശാസ്ത്രീയമനഃസ്ഥിതി

ബാഹ്യപ്രകൃതിയിലെയും ജീവിതത്തിലെയും (തന്റെയും മററുള്ളവരുടെയും) സംഭവപരമ്പരയെ സമചിത്തതയോടുകൂടി വീക്ഷിക്കുന്നതിലാണ് ശാസ്ത്രീയമനഃസ്ഥിതി സ്ഥിതി ചെയ്യുന്നത്.

# പനിനീർപ്പൂവും പാറക്കല്ലും

(പ്രബോധചന്ദ്രൻ, Class I, Gr. II)

1

തൻമുന്നിലമിതോത്സാഹം
ചിരിച്ചാടിലസിച്ചിട്ടും
പനിനീരലരോടേവം
ശിലയോതി പരുക്കവേ :-

2

" പനിനീർമലരേ ! നിന്റെ
മൃദുഹാസങ്ങൾ കാൺകവേ
ചൂടുവിട്ടെൻ ഹൃദന്തത്തിൽ
പൊങ്ങു ; മാരറിയുന്നിവ !

3

ജീവിതം ക്ഷണികം കാമ്യ-
മെന്നാണെന്റെ മതം സഖേ !
കല്ലിച്ചു, മരവിച്ചേവം
മണ്ണിലെന്തിനു മേവണം ?

4

പുലരിപ്പെണ്ണു നല്കുന്ന
പുതുപുഞ്ചിരി പൂണ്ടു നീ
പുളകം പൂശിടുന്നല്ലോ
ഹൃദയങ്ങളിലൊക്കവേ ! "

5

പൂവ് :-

" പൂവിന്റെ ജീവിതം നന്നോ?
നീ വിഡ്ഢിത്തം കഥിക്കയാം,
പുണ്ണുമെന്നിയെ മറ്റാതും
ചൊല്ലുകിലല്ലവമെങ്കിലും.

6

ഹൃദയം നൊന്തു കേഴും ഞാ-
നെന്റെ കണ്ണീർക്കണങ്ങളെ,
'മഞ്ഞുതുള്ളിക'ളെന്നോതി
തള്ളുമിന്നത്തെയാളുകൾ.

7

കദനം തിന്നുതിന്നിപ്പോൾ
കഴിയും മമ ജീവിതം ;
കാരുണ്യം കാട്ടിടാറില്ലി
കാലം ; നീ കൃതി, സോദര !

8

മഞ്ഞക്കിളികൾ പാടുന്ന
പാട്ടു ഞാൻ കേട്ടു മത്സഖേ !
കണ്ണീരുകൾ തുടയ്ക്കുന്ന
കാലത്തിൻ വരവായിപ്പോൾ

9

നാളത്തെ ലോകമിട്ടി-
ല്ലത്രെ, യവർ [illegible]
നാളെയീ ഭൃംഗരാജന്മാർ-
ക്കൊക്കെക്കില്ലത്രെ, യിച്ചതി !

10

നന്മകൊയ്യുന്ന നാളെന്നെ-
ത്തിരയും വെറുതേ, സഖേ !
അപ്പോഴും കാണുകില്ലേ നീ-
യതിനോടിതു ചൊല്ലുവാൻ ?"

11

ഏവം ചൊന്ന പനിപ്പൂവും
ശിലയെ നോക്കി,'നിന്നുപോയ്
ശിലയപ്പോഴലിഞ്ഞിട്ടും
ഹൃദയം താങ്ങി നില്ക്കയായ്

12

തെക്കൻ കാറ്റോടി വന്നെത്തി-
പ്പൂവിന്റെ യിതളൊന്നുടൻ
അടർത്തി, യതിനാൽ പാറ-
ക്കല്ലിനെ വീശിമെല്ലവേ.

ചൊറകഥ

---

# കർമ്മഫലം

(കുമാരൻകുട്ടി, ക്ലാസ്സ് III)

പുളകോദ്ഗമകാരിയായ യമുനാ തീര-
ത്തിൽ മനോഹരമായ ആശ്രമപട്ടണം.

ചെമ്പനീർ പൂക്കളിൽപുതുമിവരുന്ന മന്ദ-
വാതം ദിഗന്തമെങ്ങും പരിമളം പരത്തി.

ആഗ്രാനഗരത്തിന്റെ മദ്ധ്യഭാഗത്തായി തലയെടുപ്പുള്ള വെൺകളിർക്കല്ലിനാൽ നിർമ്മിതമായ ഒരു രാജമന്ദിരം കാണാം. ആ മന്ദിരത്തിനു ചുറ്റുമുള്ള പൂവാടിയിൽ മത്തഭൃംഗങ്ങൾ മൂളിക്കൊണ്ടു ചലിക്കുന്നുണ്ട്.

'മാഹംനാഗ്' മരണശയ്യയിലാണ്. രാജപരിചാരകർ ചുറ്റും വ്യാകുലരായി നിൽക്കുന്നുണ്ട്.

"മഹതി, ഇപ്പോളൊരല്പം ആശ്വാസം തോന്നുന്നില്ലേ?" എന്നു ചോദിച്ചുകൊണ്ട് തന്റെ ഓമനയായ ദില്ലിപാദുഷാ,—മഹാനായ അക്ബർ, ആ വിശാലമായ തളത്തിലേക്ക വന്നുകയറി.

പരിചാരകവൃന്ദം ഒന്നു താണുതൊഴുതിട്ട് പഴയപടി നിലകൊണ്ടു.

"സ്നേഹനിർഝരി നിലച്ചുപോയ ദീപനാളത്തിന്റെ അന്ത്യ കാന്തിപ്രസരം"—മാഹം ഒരു മന്ദഹാസം അഴിച്ചുവിട്ടു, "അങ്ങനെയാകട്ടെപോലും."

"മഹതി, രാജാധികാരത്തെ ധിക്കരിക്കുന്ന ആൾക്ക ദില്ലിപാദുഷാ എത്ര തവണ മാപ്പുകൊടുക്കണം?" അക്ബർ മറ്റൊരു വിഷയത്തിലേക്ക പ്രവേശിച്ച് സഗൗരവം ചോദിച്ചു.

"ഒന്ന്," അതേ സ്വരത്തിൽ മാഹം പ്രതിവചിച്ചു.

"രണ്ടാമത്?"

"കഠിന ശിക്ഷ."

"അതേ—അതുനടത്തിയിരിക്കുന്നു," അക്ബർ ഗൂഢസ്വരത്തിൽ പറഞ്ഞു.

"അതു രാജ്യശ്രേയസ്സിനും— പാദുഷായുടെ കീർത്തിധാവള്യത്തിനും കാരണമാവട്ടെ" മാഹം അനുഗ്രഹവചസ്സുകളുതിർത്തു.

എ. ഡി. ആയിരത്തഞ്ഞൂറ്ററുപത്തൊന്നാം വർഷത്തിലെ ശരത്തിലാണ് അക്ബറുടെ മുഗൾ സൈന്യം മാൾവയെ കീഴ്പെടുത്തുന്നത്. ആക്രമണത്തിന്റെ നേതൃത്വം അദ്ഹംഖാനും പീർമുഹമ്മദിനും.

അദ്ഹംഖാൻ മാഹം അനഗയുടെ പുത്രനാണ്. മാഹം, അക്ബറിന്റെ മേൽ ഏറിയ സ്വാധീന ശക്തിയുള്ള ഒരു വൃദ്ധയായിരുന്നു.

മാൾവയിലെ രാജാവായിരുന്ന ബാസ്ബഹാദൂർ കേവലം സുഖലോലുപനും, ആയോധനവിമുഖനും ആയിരുന്നു. അതിനാൽ അദ്ഹംഖാനും പീർമുഹമ്മദിനും മാൾവയെ കീഴ്പ്പെടുത്താൻ വലിയ എതിർപ്പൊന്നും നേരിടേണ്ടി വന്നില്ല.

ആക്രമണാനന്തരം കീഴടങ്ങിയവരോട് ഉദാരമതികൾ കാട്ടേണ്ടതെന്ന് അക്ബറുടെ അലിഖിതനിയമമായിരുന്നു. പക്ഷേ അദ്ഹംഖാൻ ആ വസ്തുത അറിഞ്ഞുകൊണ്ടുതന്നേ മാൾവാനിവാസികളെ നിഷ്ഠുരം മർദ്ദിച്ചുകൊണ്ടിരുന്നു. ഇതിനിടയിൽ ബാസ്ബഹാദൂറിന്റെ സുന്ദരിയായ രാജ്ഞി രൂപ്മതിയെയും അദ്ഹംഖാൻ ബന്ധനത്തിലാക്കി. ആ മുഗ്ദ്ധയുടെ കരപല്ലവങ്ങൾ ആയസ കങ്കണങ്ങളണിയേണ്ടവയായിരുന്നില്ല.

ശരത്കാല ചന്ദ്രികയിൽ മുങ്ങിക്കുളിച്ച ഒരു ചെറുപൂങ്കാവിലെ, ചന്ദനശീതളമായ സ്വച്ഛജലം നിറഞ്ഞ ക്രീഡാതടാകത്തിന്റെ തീരത്ത് രൂപ്മതി വിമോചിതയായി. അവിടം അവൾക്ക് നിത്യപരിചയമുള്ളതത്രേ. സ്വന്തം മണിമന്ദിരത്തിനു പിൻപുറമുള്ള ചെറുപൂന്തോപ്പിലാണ് നിൽക്കുന്നതെങ്കിലും, ആ പൂവാടിയും, കൊട്ടാരവും, എല്ലാം മുഗൾ സൈന്യത്തിന്റെ അധീനത്തിൽ തന്നെ.

അവൾക്കവിടെ നിന്നു രക്ഷപ്പെടാൻ മാർഗ്ഗമൊന്നുമില്ല. എന്നാലുണ്ടുതാനും—ആ നിർമ്മല തടാകത്തിൽ ചാടി... അങ്ങനെ അവൾ ചിന്താവൈവശ്യത്തിൽ മുഴുകവേ, ആജാനുബാഹുവായ ഒരപരിചിതൻ അവിടെ പ്രത്യക്ഷപ്പെട്ടു—അദ്ഹംഖാൻ.

അയാൾ രൂപ്മതിയെ തന്റെ ബലിഷ്ഠമായ കരവലയത്തിലകപ്പെടുത്തിക്കഴിഞ്ഞു. അവളെ ഒരു ലതാഗൃഹത്തിലേക്ക വഹിച്ചുകൊണ്ടുപോയി; മധുപൻ തേനും പൂമ്പൊടിയും വഹിച്ചുകൊണ്ടുയരുന്നതുപോലെ.

പനിനീർപുഷ്പം ആ ലതാഗൃഹത്തെ അലങ്കരിച്ചിരുന്നു. ഇളംതെന്നൽ വീശുന്നു.

മധുപൻ അടുത്തണയുമ്പോൾ ആനതവല്ലികളുടെ അഗ്രിമസ്ഥാനത്തു നിൽക്കുന്ന കുസുമങ്ങൾ മന്ദാനിലനിൽ തലയാട്ടി വിസമ്മതം പ്രകടിപ്പിക്കും. പക്ഷേ—മധുകരൻ തനിക്ക വേണ്ടുന്നതപഹരിക്കുകയും ചെയ്യും.

അടുത്ത പ്രഭാതത്തിൽ മാൾവാരാജമന്ദിരത്തിന്റെ പിൻമുറ്റത്തു രൂപ്മതിയുടെ ശരീരം ചിന്നിച്ചിതറിയ മട്ടിൽ കണ്ടു. തേനും പൂമ്പൊടിയും വണ്ടിനാൽ ബലമായപഹരിക്ക

പ്പെട്ട സുന്ദരസൂനങ്ങൾ ഒന്നൊന്നായി അടർന്നുവീണു മണ്ണോടുചേരുന്നതുപോലെ.

ആത്മഹത്യയോ? ആവോ—ആർക്കറിയാം. ഇതെങ്ങനെ സംഭവിച്ചു? ആരുടെ ചിത്തവൃത്തിയാണിതിനു പിന്നിലുള്ളത്? അദ്ഹംഖാൻ തന്നെ?...?

അക്ബർ ചക്രവർത്തി ഇതറിയാതിരിക്കുമോ? അറിഞ്ഞാൽ തന്നെയോ?...?

പാദുഷായുടെ ഹൃദയം ആലോചനാമഗ്നമായി— ലജ്ജാകുലമായി— ദുഃഖപൂർണ്ണമായി— കോപജടിലമായി— അവസാനം അദ്ഹംഖാനെ കഠിന ശിക്ഷയ്ക്കു വിധേയനാക്കാനുറച്ചു.

മാഹം രോഗശയ്യാവലംബിയാകുന്നതിന് ഏതാണ്ട് ഏഴുമാസങ്ങൾക്കുമുമ്പ്.

അക്ബറുടെ ഉദ്ദേശം മാഹം മനസ്സിലാക്കി. അക്ബർ മാൾവയ്ക്കു യാത്രയായതിനുശേഷം. സ്വപുത്രന്റെ രക്ഷയ്ക്കായി മാഹം ശീഘ്രപ്രയാണമാരംഭിച്ചു.

അദ്ഹംഖാനു മാപ്പുലഭിച്ചു. ദില്ലി പാദുഷാ ആർക്കും ഒരു തവണ മാപ്പുകൊടുക്കും, മതിയായ കാരണങ്ങളുണ്ടെങ്കിൽ.

അക്ബർ—മാൾവയിൽ നിന്ന് അദ്ഹംഖാനെ ആഗ്രയിലേക്ക് തന്നെ വിളിച്ചു.

ഋതുക്കൾ മൂന്നു കഴിഞ്ഞു—പുഷ്പങ്ങൾ പലതുകൊഴിഞ്ഞു. 'മാഹംഅനഗ' രോഗശയ്യാവലംബിനിയായിട്ട് ആഴ്ചകൾ ചിലതായി.

ചില ഗൂഢപ്രവർത്തനങ്ങൾ ഉയിരെടുത്തു കഴിഞ്ഞു. മുഗൾ സാമ്രാജ്യത്തിന്റെ ചെങ്കോൽ തെറിപ്പിക്കുന്നതിന്—അദ്ഹംഖാന്റെ കൈവശം അതുല്ലസിക്കുന്നതിന്'.

വസന്തത്തിലെ ഒരു രാത്രി. ആഗ്രാ കൊട്ടാരവും, പരിസരപ്രദേശവും, നിലാവൊളിയിൽ മുങ്ങിക്കുളിച്ച മൂന്നാംയാമം.

ഒരു ദീർഘകായൻ, ഇരുളിന്റെ കരുത്തു തന്നെ പൂന്തോട്ടത്തിലുള്ള കുഞ്ജകുടീരങ്ങളിലൊന്നിൽ നിന്ന് മെല്ലെ പുറത്തിറങ്ങി കൊട്ടാരവാതിലിന്റെ നേരേ നടന്നടുത്തു.

''ഞാൻ തന്നെ''—ആ രൂപം മുരണ്ടു.

കാവൽക്കാരൻ കതകു തുറന്നുകൊടുത്തു. അങ്ങനെ അദ്ഹംഖാൻ അകത്തു പ്രവേശിച്ചു. മുറികളിൽനിന്നു മുറികളിലേക്കുള്ള കതകുകൾ എല്ലാം തന്നെ തുറന്നു കിടക്കുന്നു.

കൊട്ടാരത്തിന്റെ ഏറ്റവും പിൻഭാഗത്തുള്ള വിസ്തൃതമായ തളത്തിൽ അക്ബർ പാദുഷായുടെ മന്ത്രിമുഖ്യൻ സുഖനിദ്രയിലാണ്ടിരുന്നു. കാവല്ക്കാർ തൂണുംചാരി ഉറക്കം തൂങ്ങിക്കൊണ്ടിരിക്കുന്നു. ജാലകം വഴി അകത്തേക്കൂറിയിറങ്ങിയ ചന്ദ്രികയിൽ—അതി ഭയങ്കരമായൊരു നീണ്ട കഠാരി മിന്നൽ പിണർ പായിച്ചു.

ആ തിളക്കം ഷംസുദ്ദീൻഖാനെ ഉണർത്തുന്നതിനു പര്യാപ്തമായിരുന്നു. അദ്ദേഹത്തിന്റെ ഉറക്കത്തിന്റെ പൂർണ്ണതകൊണ്ട് കാര്യമൊന്നും മനസ്സിലായില്ല; കണ്ണുംതിരുമ്മി കിടക്കയിൽ എഴുന്നേറ്റിരുപ്പുണ്ട്. പക്ഷേ അധികസമയം അങ്ങനെ ഇരിക്കാൻ സാധിച്ചില്ല. എന്തോ കട്ടിയുള്ളൊരു വസ്തു തന്റെ ശരീരത്തിനു കുറുകെ ഒരു നിമിഷത്തിനുള്ളിൽ പാഞ്ഞുപോയി—ഒരു ഞരക്കം—"അല്ലാഹ് ഉ അ—ക്—ബ്—ർ"—

അദ്ഹംഖാൻ വീണ്ടും മുറികൾ ഒന്നൊന്നായി തിരഞ്ഞുതുടങ്ങി. താഴത്തെ നിലയിൽനിന്ന് മുകളിലത്തെ നിലയിൽ കടന്ന് ഓരോ തളങ്ങളിലും കയറിയിറങ്ങി.

അവസാനം ആ മുറിയുടെ പാതില്ക്കലെത്തി. മുറിയുടെ കതക് ദൃഢമായി ബന്ധിച്ചിരിക്കുന്നു. ഒട്ടൊന്നു സംശയിച്ചു നിന്നു. വീണ്ടും നടന്നടുത്തു. കതകിൽ ആഞ്ഞൊന്നു തള്ളിനോക്കി. അതനങ്ങിയില്ല. ഒരിക്കലും.

പക്ഷേ അതിനകത്തു ചില ചലനങ്ങൾ സംഭവിക്കുന്നുണ്ട്. താഴത്തെ തളത്തിൽ ബഹളം കേൾക്കുന്നുമുണ്ട്. അക്ബർ താഴെയുള്ള തളത്തിലേക്കിറങ്ങിച്ചെന്നു. അവിടെ ചോരപ്പുഴയിൽ മുങ്ങിമറിഞ്ഞു കിടക്കുന്നത് ഷംസുദ്ദീൻഖാൻ തന്നെ.

അക്ബർ മുകളിൽകടന്ന് അനക്കം കൂടാതെ അദ്ഹംഖാൻ നില്ക്കുന്ന മുറിയിൽ പ്രവേശിച്ചു. അദ്ഹം—പാദുഷായുടെ തളത്തിന്റെ കതകിനു നേരേ ബലപ്രയോഗമാണ്. ചോരയിൽ മുഴുകിയ കഠാരി ഒരു കയ്യിലുണ്ട്.

'നിനക്കതിനു കരുത്തുണ്ടോ?'

അപ്രതീക്ഷിതമായ ആ ഗംഭീരസ്വരം കേട്ട് അദ്ഹംഖാൻ ഞെട്ടിത്തിരിഞ്ഞു. കഠാരി എങ്ങോ പറന്നു പോയി—കണ്ണാടി ജനൽ തുളച്ചുകൊണ്ട്—അദ്ഹമിന്റെ ഭാവിയെ പ്രവചിച്ചുകൊണ്ട് അനന്തതയിലേക്ക്.

തന്റെ ജീവൻ ഊർദ്ധ്വം വലിച്ചു തുടങ്ങിയതു് അദ്ദംഖാൻ മനസ്സിലാക്കി. ഏതായാലും രണ്ടിലൊന്നു തീരുമാനം—അയാൾ അക്ബറിന്റെ നേരേ കുതിച്ചു. കെണിയിലേക്ക് ചാടുന്ന കരടിയെപ്പോലെ. അക്ബറുടെ കൈകൾ അങ്ങോട്ടുമിങ്ങോട്ടും രണ്ടുമൂന്നു തിരിഞ്ഞുമറിഞ്ഞു; ചില മല്പിടുത്തക്കാർ കാട്ടുന്നതുമാതിരി. അദ്ദംഖാൻ അതാ ചളിക്കണ്ടിൽ താണ കരിംപോത്തു കണക്കെ കിടന്നു പിടയുന്നു. പ്രാണൻ പിടയുന്നതിന്റെ ബഹിഷ്പുരണം.

ഓടിക്കൂടിയ പരിചാരകരുടെ കയ്യിൽ അദ്ദംഖാനെ ഏല്പിച്ചു് അക്ബർ അവക്കു് ചില നിർദ്ദേശങ്ങൾ കൊടുത്തു. അവർ അയാളെ ഉറപ്പായി ബന്ധിച്ചു. അക്ബർ ഉറക്കറയിലേക്ക് കടന്നു. കാവല്ക്കാർ അദ്ദമിനെ എങ്ങോട്ടോ വലിച്ചുപൊക്കിക്കൊണ്ടുപോകയും കഴിഞ്ഞു.

സൂര്യോദയമായി. വസന്തസൂനങ്ങൾ വിരിഞ്ഞു തുടങ്ങി. ഇളം കാറ്റു വീശുന്നു. യമുനാനദിയിൽ കല്ലോലമാലകൾ തുള്ളിക്കളിക്കുന്നു. ദില്ലിപാദുഷാ മാഹമിന്റെ ശയ്യാസമീപം ഉപവിഷ്ടനായിരിക്കുന്നു.

"ഞാൻ അദ്ദംഖാനെ ഉദ്ദേശിച്ചാണു പറയുന്നതു്" അക്ബർ ആദ്യം പറഞ്ഞ വസ്തുതകൾ വ്യക്തമാക്കി.

"എന്തു്!? എന്തു !? അദ്ദമെന്തു ചെയ്തു?"

ആ മാതൃഹൃദയം പിടഞ്ഞു. എത്ര ദുഷ്ടനാകട്ടെ ദുർമ്മാർഗ്ഗിയാകട്ടെ സ്വപുത്രന്റെ ജീവനിൽ മാതാവിനു താല്പര്യമുണ്ടു്.

"കഴിഞ്ഞ രാത്രിയിൽ ഷംസുദ്ദീൻഖാൻ ഉറങ്ങിക്കിടന്ന തളത്തിൽ കടന്നു് അദ്ദേഹത്തിനെ കുത്തിക്കൊലപ്പെടുത്തിയിരിക്കുന്നു; അദ്ദംഖാൻ."

"ഷംസുദ്ദീൻഖാനെ കൊന്നു ? അദ്ദം എന്റെ മകൻ" മാഹത്തിന്റെ മനസ്സിൽ ആനന്ദം തിരതല്ലുന്നുണ്ടായിരുന്നു—മുഖത്തു് വിഷാദവും—അബലയുടെ കാപട്യം.

മാഹം നിനച്ചതുതന്നെ സംഭവിച്ചു. അദ്ദംഖാൻ തന്നെ ആ കൃത്യം നിർവ്വഹിക്കണമെന്ന പക്ഷം ആഗ്രഹമില്ലായിരുന്നു. ഷംസുദ്ദീൻഖാനെ മന്ത്രിപ്രവരനാക്കിയ നാൾതൊട്ടു് മാഹം അദ്ദേഹത്തിന്റെ ജീവനിൽ ഉന്നം നോക്കി നടക്കുകയായിരുന്നു. അദ്ദംഖാനു പ്രേരണയും അതുതന്നെ. കാത്തിരിക്കുകയിൽ നിന്നു തേന്മാവു മുളയ്ക്കുകയില്ലല്ലോ.

"എന്താണു ശിക്ഷ—അതു നടത്തിയിരിക്കുമോ—ആവോ" മാഹം അക്ഷമയോടുകൂടി ചോദിച്ചു. മകന്റെ ആപത്തിൽ മാതാവു സന്താപിക്കുന്നു. പക്ഷേ അവർ മനക്കരുത്തുള്ളവളും; ഒരു അസാധാരണ മാതാവാണവർ.

"ന്യായം ന്യായം പോലെ നടക്കും. മഹതി സംശയിക്കേണ്ടതില്ല." ദില്ലി പാദുഷായുടെ നീതിനിഷ്ഠ കടുകട്ടിയാണ്. അചഞ്ചലമായൊരു തത്വമുണ്ടു്. അതെല്ലാപക്ഷം ഒരു പോലെ ബാധകമാണ്. യാതൊരയവുമില്ല.

ഏതാനും പരിചാരകന്മാർ ഒരു ശരീരം എന്തിലോ താങ്ങിയെടുത്തു് ആ തളത്തിന്റെ വാതില്ക്കൽ കൊണ്ടുവന്നുവച്ചു. തകർന്നു ചിന്നിയ തടിയും തലയും ഒന്നായി മാറിയ ഒരു ശരീരം.

"ഇതാരുടെ? ഷംസുദ്ദീൻഖാന്റെ?"

മാഹത്തിന്റെ ഉള്ളിൽ തട്ടിയ സന്തോഷം പുറത്തു വിടാതെ, ആരാഞ്ഞു.

"അല്ല—അദ്ദേഹത്തിന്റെ ഘാതകന്റെ."

അക്ബർ പരിചാരകന്മാരോടെന്നപോലെ ചോദിച്ചു, "നിങ്ങൾ അയാളെ ഗോപുരത്തിന്റെ മുകളിൽ നിന്നെറിഞ്ഞു, അല്ലേ ?"

അക്ബറുടെ അനുവാദമില്ലാതെ ? ആയിരിക്കില്ല.

"മഹതിക്കു് കുറ്റമുണ്ടോ? വഴിയില്ല. നീതിനടക്കുന്നതിൽ ആർക്കാണുവിരോധം ?"

"അക്ബർ—നീ ചെയ്തതു ശരിതന്നെ—" ആ മാതൃഹൃദയം പിടഞ്ഞു. ആത്മാർത്ഥമായി പറഞ്ഞതാവില്ലതു്. പക്ഷേ ആ സ്വരം ദൃഢമായിരുന്നു — മുഖം ഗൗരവപൂർണ്ണമായിരുന്നു. പക്ഷേ കണ്ണുനീർ പുറത്തേക്കൊഴുകി.

അവ മെല്ലെയടഞ്ഞു; എന്നേക്കുമായി.

വസന്തസൂനങ്ങളിൽ തട്ടിവന്ന ചെറുകാറ്റു് ആഗ്രാകൊട്ടാരത്തിന്റെ തളങ്ങളിൽ തങ്ങിനിന്നു. അതു് മാറവയിൽ നിന്നു വീശിത്തുടങ്ങിയതാണു്. ആഗ്രാ കൊട്ടാരവളപ്പിലും ചില പുഷ്പങ്ങൾ കൊഴിഞ്ഞു വീണു.

പൂക്കൾ ഇനിയും വിരിയും.

---

## എന്റെ നാട്

(By P. T. JOHN, Class I, Gr. II)

സുകുമാര കലകൾ തന്നുറവെങ്ങുമുയരുന്ന
നലമെഴും കലവറയെന്റെ നാട്;
സുഗുണോപധാരണികളാം സുകുമാരശില്പി-
കളിന്നലെന്നിന്നെങ്ങുന്നാരെന്റെ നാട്;
കളിരസം കളിയാടാൻ നളിനാക്ഷിമാരെങ്ങും
വിളയാടും രംഗമാമെന്റെ നാട്;
പകലെങ്ങും പാടത്തു പണിചെയ്തും പരിക്ഷീണർ
കുടിൽതിങ്ങുമിടനാടാണെന്റെ നാട്;
കുളുകളും പാൽത്തുപോലെ തെളിയും കുളിർജലം
നിറയും പുഴകൾ തന്നുറവെൻനാട്;
പുതുപുഷ്പസൌരഭം പകരും കുളിർകാറ്റു
തഴുകിത്തലോടുന്ന പുണ്യനാട്;
പനയും പനസവും, മുളകും, മുളകളും
വിളയും വിളനാടാണെന്റെ നാട്;
പരിചിൽ നൽക്കാന്തിയും, ശാന്തിയും തിങ്ങുന്ന
പരിശുദ്ധ ഭൂമിയാണെന്റെ നാട്;

പച്ചപ്പുൽ സാനുക്കൾ, പച്ചനെൽപ്പാടങ്ങൾ,
ഉച്ചത്തിൽ നില്ക്കും തരുനിരകൾ,
സ്വച്ഛജലം നിറഞ്ഞൊഴുകും തുളുമ്പുന്ന
മെച്ചമാം പൊയ്കയും, താമരയും,
ഭാരം ചുമന്നന്യക്കാനന്ദതീരത്തിൽ
പൂരമതളുന്ന കേരങ്ങളും,
പുതുവർഷപ്പുളകത്താൽ തളിരും സുമങ്ങളും-
മിഴികിക്കളിക്കും ലതാലികളും,
കുയിലും കിളികളും കാകളി വായിച്ചു
തുയിലുണർത്തുന്ന [illegible]പ്പുകളും,
മാനും, മയിലുമൊളിച്ചുകളിക്കുന്ന
കാനനവും, കരിമ്പാറകളും,
കരിയും, കരടിയും, ഹരിയും, ഹരിണിയും,
കരവയിട്ടാക്ക മരങ്ങളും,
എവിടെയും കാണുമിനന്ദനോദ്യാനമാ-
ണവികലശാന്തിതൻ ജന്മദേശം....

× ×

മരണം കഴിഞ്ഞു ഞാനിനിയും പിറക്കുകിൽ
വരണം ജനനി നിൻ മടിയിൽ മാത്രം.

---

## വായുമണ്ഡലം

(K. P. MATHAI, Junior B. Sc.)

ഭൂലോകത്തെ മൂടിയിരിക്കുന്ന ആവരണമാണല്ലോ വായുമണ്ഡലം. ഈ വായുമണ്ഡലത്തെക്കുറിച്ച് അല്പം ചില കാര്യങ്ങൾ മനസ്സിലാക്കുന്നതു നന്നായിരിക്കും.

പുരാതനകാലം മുതല്ക്കേ ഗ്രീക്കുകാർ അന്തരീക്ഷത്തെ നിരീക്ഷണം ചെയ്യുന്നതിൽ അതീവ ഉൽസുകരായിരുന്നു. ഇക്കാര്യത്തിൽ ഇൻഡ്യാക്കാരും പിന്നോക്കമല്ലായിരുന്നു. വായു എന്നത് ആകാശത്തിൽ കൂടെ ഒഴുകി നടക്കുന്ന ഒരു സാധനമായിട്ടാണ് വിചാരിക്കപ്പെട്ടിരുന്നത്. വായുവിൽ നിന്നും ഭൂലോകത്തിലെ മിക്ക വസ്തുക്കളും ഉണ്ടായിരിക്കുന്നു എ

ന്നൊരു പുരാതന വിശ്വാസം ഉണ്ടായിരുന്നു.

തത്വചിന്തകനായ അരിസ്റ്റോട്ടിൽ അന്തരീക്ഷത്തെ മൂന്നു പ്രധാന ഭാഗങ്ങളായി തിരിച്ചിരുന്നു. അതു് ആധുനിക വിജ്ഞാനത്തിൽ നിന്നും അതിവിദൂരമായ ഒന്നല്ല. പതിനൊന്നാം നൂറ്റാണ്ടിൽ തന്നെ അറബികൾ അന്തിവെയിലിനെ (twilight) നിരീക്ഷിച്ച് വായുമണ്ഡലത്തിന്റെ ഉയരം ഏകദേശം 93 കിലോമീറ്റർ എന്നു മനസ്സിലാക്കിയിരുന്നു എന്നു പറയപ്പെടുന്നു. എന്നാൽ 17-ാം നൂറ്റാണ്ടിനു ശേഷമാണ് അന്തരീക്ഷത്തെപ്പറ്റി ഏകദേശമായ ഒരറിവു ലഭിച്ചതു്. 17-ാം നൂറ്റാണ്ടിൽ പ്രസിദ്ധ ശാസ്ത്രജ്ഞനായിരുന്ന ടോറിസെല്ലിയാണു ബാരോമീറ്റർ ഉപയോഗിച്ചു വായുമണ്ഡലത്തിന്റെ ഉയരം അളക്കാം എന്നു കണ്ടുപിടിച്ചതു്. വാസ്തവത്തിൽ ഇതുകൊണ്ടു് വായുമണ്ഡലത്തിന്റെ ഉയരം അളക്കാൻ സാധിക്കുന്നില്ല; വായുവിന്റെ സമ്മർദ്ദം മാത്രം അറിയുവാനെ സാധിക്കുന്നുള്ളൂ. വായുവിന്റെ സമ്മർദ്ദത്തിൽ നിന്നും ഭൂമിയിൽ നിന്നുള്ള ഉയരം കണ്ടുപിടിക്കാം എന്നതു് വേറൊരു പരമാർത്ഥം മാത്രമാണ്.

വായു ഒരു ഭൂതവസ്തുവായിട്ടാണ് ആദിമ ശാസ്ത്രജ്ഞന്മാർ ഗണിച്ചിരുന്നതു്. എന്നാൽ ഈ അഭിപ്രായം തെറ്റാണെന്നു് പിൽക്കാല പരീക്ഷണങ്ങൾ തെളിയിച്ചു. ഏകദേശം 12½ കിലോമീറ്റർ ഉയരം വരെ വായുവിന്റെ പ്രധാന ഘടകങ്ങൾ നൈട്രജൻ 78·03%, ഓക്സിജൻ 20·99%, ആർഗോൺ ·9%, കാർബൺഡയോക്സൈഡ് ·03%, ഹൈഡ്രജൻ ·01% മുതലായവയാണ്. കൂടാതെ നിയോൺ, ക്രിപ്റ്റോൺ, ഹീലിയം, ഓസോൺ, മുതലായ വാതകങ്ങളും അല്പമായി വായുവിൽ അടങ്ങിയിട്ടുണ്ട്. ഇതിനും പുറമെ നീരാവിയും വായുവിൽ കലർന്നിരിക്കും. എന്നാൽ നീരാവിയുടെ അളവ് കാലവ്യത്യാസമനുസരിച്ച് വ്യത്യാസപ്പെട്ടുകൊണ്ടിരിക്കും. ധൂളി ഒത്ത മിശ്രിതമായി വായുവിൽ പറന്നു നടക്കുന്നു. ജൈവ പദാർത്ഥങ്ങൾ ചീഞ്ഞ് അമ്മോണിയ വാതകവും, അഗ്നിപർവ്വത പ്രദേശങ്ങളിൽ നിന്ന് സൾഫർഡയോക്സൈഡ് വാതകവും മറ്റും വായുവിൽ ലയിച്ചുകൊണ്ടാണിരിക്കുന്നതു്. ഇവയെല്ലാം സ്ഥലഭേദം അനുസരിച്ച് വ്യത്യാസപ്പെട്ടുകൊണ്ടിരിക്കും. ഇടിയും മിന്നലും ഉണ്ടാകുന്നതോടൊപ്പം തന്നെ വായുവിന്റെ ഘടകങ്ങൾ ചിലതിനെല്ലാം വിഘടനം സംഭവിച്ച് ഓസോൺ, നൈട്രജൻ പെറോക്സൈഡ് ആദിയായവ വായുവിൽ ഉണ്ടാകുന്നുണ്ട്.

വായുവിന്റെ ഏറ്റവും പ്രധാന ഘടകങ്ങൾ ഓക്സിജൻ, നൈട്രജൻ ഇവയാണല്ലോ. ആദ്യകാലങ്ങളിൽ വായുവിന്റെ ഇതരഘടകങ്ങളായ, അഥവാ അപൂർവ്വ വാതകങ്ങൾ എന്നു് ഇന്നറിയപ്പെടുന്ന ആർഗോൺ, നിയോൺ, ഹീലിയം, ക്രിപ്ടോൺ മുതലായവയെക്കുറിച്ച് യാതൊരറിവും ഉണ്ടായിരുന്നില്ല. കാവൻഡിഷ് എന്നൊരു ശാസ്ത്രജ്ഞൻ പരീക്ഷണം നടത്തിയപ്പോൾ വായുവിന്റെ മിക്കവാറും എല്ലാ ഭാഗങ്ങളും മറ്റുള്ള വസ്തുക്കളുമായി പ്രതിപ്രവർത്തനം നടത്തുന്നതായും, എന്നാൽ വളരെ വളരെ ചെറിയ ഒരു ഭാഗം മാത്രം ഒന്നിനോടും യോജിക്കാതെ മാറി നിൽക്കുന്നതായും കാണപ്പെട്ടു. ഇതിനെ തുടർന്ന് പല ശാസ്ത്രജ്ഞന്മാരും ഇതേപ്പറ്റി പരീക്ഷണങ്ങൾ നടത്തി. സർവില്യം റാംസെ എന്നൊരു ശാസ്ത്രജ്ഞൻ വായുവിലെ ആർഗോണിന്റെ സാന്നിദ്ധ്യത്തെ വെളിപ്പെടുത്തി. അതിനു ശേഷം പല ശാസ്ത്രജ്ഞന്മാരുടെ ശ്രമഫലമായി മറ്റു അപൂർവ്വവാതകങ്ങളും

യും വേർതിരിച്ചെടുക്കാൻ സാധിച്ചു.

മേൽ പറഞ്ഞ വാതകങ്ങളെല്ലാം മററുള്ള വസ്തുക്കളുമായി പ്രതിപ്രവർത്തനം നടത്താൻ തീരെ അശക്തങ്ങളാണ്. അതുകൊണ്ട് ഇവയെ അസമർത്ഥ വാതകങ്ങൾ (Inert gases) എന്നു വിളിച്ചു വരുന്നു. വായുവിലെ നൈട്രജൻ ഏകദേശം ഒരസമർത്ഥ വാതകത്തെപ്പോലെയാണു പ്രവർത്തിക്കുന്നത്. വായുവിന്റെ ഇതരഘടകമായ ഓക്സിജനാണ് ഏററവും സമർത്ഥമായ വാതകം. ഇതിനാണല്ലോ പ്രാണവായു അഥവാ അമ്ലജനകം എന്നു പറയുന്നത്. തീ കത്തുന്നത്, ഇരുമ്പു തുരുമ്പു പിടിക്കുന്നത്, ശരീരത്തിലെ രക്തം ശുദ്ധിയാകുന്നത്, ആദിയായവയെല്ലാം ഈ ഓക്സിജന്റെ പ്രവർത്തനം കൊണ്ടാണ്. ജീവജാലങ്ങൾ ശ്വാസോച്ഛ്വാസം ചെയ്യുമ്പോൾ ഈ ഓക്സിജനെ സ്വീകരിക്കുകയും ഇംഗാലാമ്ലവാതകം അഥവാ കാർബൺഡയോക്സയിഡിനെ ഉച്ഛ്വസിക്കുകയുമാണല്ലോ ചെയ്യുന്നത്. എന്നാൽ വായുവിൽ അമ്ലജനകത്തിന്റെ കുറവു വരാതിരിക്കാൻ പ്രകൃതി തന്നെ വേണ്ട നിവാരണമാർഗ്ഗം കണ്ടുപിടിച്ചിരിക്കുന്നു. ചെടികളിൽ 'സാത്മീകരണം' നടക്കുമ്പോൾ അഥവാ ചെടിയിലെ ഹരിതകം സൂര്യപ്രകാശത്തിന്റെ സാന്നിദ്ധ്യത്തിൽ ഭക്ഷണം പാകംചെയ്യുമ്പോൾ വായുവിലുള്ള ഇംഗാലാമ്ലത്തെ സ്വീകരിക്കുകയും അമ്ലജനകത്തെ വിസർജ്ജിക്കുകയും ചെയ്യുന്നു. അതിനാൽ വായുവിലെ ഇംഗാലാമ്ലത്തിനും അമ്ലജനകത്തിനും താരതമ്യേന ഏററക്കുറച്ചിൽ വരുന്നില്ല.

വായുവിലെ നീരാവിക്ക് കാലഭേദമനുസരിച്ചു വ്യത്യാസം വന്നുകൊണ്ടിരിക്കും. വേനൽക്കാലങ്ങളിൽ വർഷകാലങ്ങളിലേക്കാൾ വായുവിൽ നീരാവി കൂടുതലുണ്ടായിരിക്കും. നീരാവി അതിന്റെ പരിശുദ്ധാവസ്ഥയിൽ അദൃശ്യമായ ഒരു വസ്തുവാണ്. വായുവിലെ പൊടിയും കൂടിച്ചേരുമ്പോഴാണ് നീരാവി ദൃശ്യമായി തീരുന്നത്. ഇപ്രകാരം കട്ടിയായി ഉണ്ടാകുന്ന നീരാവിയാണല്ലോ മേഘം.

വായുവിലാണല്ലോ ഇടിയും മിന്നലും ഉണ്ടാകുന്നത്. ഇവ രണ്ടും ഒരേ സമയത്താണുണ്ടാകുന്നതെങ്കിലും ഇവ രണ്ടിന്റെയും വേഗതയുടെ വ്യത്യാസത്താലാണ് ഒന്ന് ആദ്യമായും മറേറത് അല്പം കഴിഞ്ഞും അനുഭവപ്പെടുന്നത്. ധാരാളം അധിധ്രുവ ഊർജ്ജം (Positive charge) അടങ്ങിയിട്ടുള്ള മേഘവും മററും ഊനധ്രുവ ഊർജ്ജവും (Negative charge) ഭൂമിയുടെ മുകളിൽക്കൂടി കടന്നു പോകുമ്പോൾ, ഊനധ്രുവവും അധിധ്രുവവും തമ്മിൽ വലിയ ആകർഷണശക്തി ഉള്ളതിനാൽ, പെട്ടെന്നു ഒരു Discharge ഉണ്ടാകുന്നു. ഇതാണ് ഇടിയും മിന്നലുമായി നമുക്കനുഭവപ്പെടുന്നത്.

ഇനിയും ഈ വായുമണ്ഡലത്തിന്റെ ഉയരത്തെക്കുറിച്ചു അല്പം ആലോചിക്കാം. വായുമണ്ഡലത്തിന്റെ ശരിയായിട്ടുള്ള ഉയരം എത്ര എന്നുള്ളത് ഇപ്പോഴും തർക്കവിഷയമായിട്ടാണിരിക്കുന്നത്. ഏകദേശം 50 മൈലിനു മുകളിൽ വായുവിന്റെ മർദ്ദം തീരെ നിസ്സാരമാണ്. അതിനു മുകളിൽ വായു ഇല്ലെന്നു പറയുവാൻ നിവൃത്തിയില്ല. ആകാശത്തിൽ കൂടെ പാഞ്ഞുപോകുന്ന Meteors, Twilight-ന്റെ സമയം (എത്ര നേരം നീണ്ടുനില്ക്കുന്നു എന്നത്), Auroral displays, ആദിയായവയെ നിരീക്ഷിച്ചാണ് ഉയരം ഏകദേശമായി കണക്കാക്കുന്നത്. ഇതുകൊണ്ടെല്ലാം കണക്കാക്കപ്പെട്ടിരിക്കുന്നതു വായുമണ്ഡലത്തിനു ഏകദേശം 500 കിലോമിററർ ഉയരം കാണും എന്നാണ്. ഈ

വായുമണ്ഡലം ഏകീകൃതമായ (Uniform) ഒന്നായിരുന്നുവെങ്കിൽ ഏകദേശം 8 കിലോമീററർ മാത്രമെ ഉയരം കാണുമായിരുന്നുള്ളു. വായുമണ്ഡലത്തിലെ പകുതിയിലധികം വായുവും 5·8 കിലോമീററിനു താഴെയാണു്. ഭൂമിയിൽനിന്നും മുകളിലോട്ടു പോകുന്തോറും വായുവിനു സാന്ദ്രത കുറഞ്ഞാണു വരുന്നതു്. വായുവിന്റെ സാന്ദ്രത ഒരുപോലെ ഇരുന്നാലുള്ള അനുഭവമാണു് മുകളിൽ പറഞ്ഞതു്.

വായുമണ്ഡലത്തിലെ ചൂടു ക്രമീകൃതമായിട്ടല്ല കാണുന്നതു്. ഭൂമിയോടടുത്ത ഭാഗങ്ങളിൽ ചൂടു കൂടുതലും മുകളിലോട്ടു പോകുന്തോറും ചൂടു കുറഞ്ഞും അനുഭവപ്പെടുന്നു. വായുമണ്ഡലത്തിന്റെ ഏകദേശം മദ്ധ്യഭാഗത്തു (10 കിലോമീററിനു മുകളിൽ) വായുവിനു —55° ചൂടു മാത്രമെയുള്ളു. എന്നാൽ ഏററവും മുകൾ ഭാഗത്തോടടുത്തുവരുമ്പോൾ വായുവിനു ഏകദേശം 30° ചൂടുണ്ടു്. ഇങ്ങനെ വായുമണ്ഡലത്തെ മൂന്നു പ്രധാന ഭാഗങ്ങളായി ഭാഗിക്കാം. ഏററവും താഴെയുള്ള ഭാഗത്തിനു Troposphere (അധോമണ്ഡലം) എന്നും, മദ്ധ്യഭാഗത്തിനു മദ്ധ്യമണ്ഡലം എന്നും, ഏററവും മുകളിലുള്ള ഭാഗത്തിനു Stratosphere (ഉപരിമണ്ഡലം) എന്നും പറയുന്നു. Troposphere-നു് മുകളിലായി മേഘശകലങ്ങൾ കാണാറില്ല. Stratosphere-ൽ കൂടെ വസ്തുക്കൾ അതിശീഘ്രം പാഞ്ഞു പോകുമ്പോൾ അവ വായുവുമായുള്ള ഉരസൽ നിമിത്തം ചുട്ടു പഴുത്തു നമുക്കു ദൃശ്യമാകുന്നു. ഇതിനാണല്ലോ Meteors എന്നു പറയുന്നതു്. ഒരുപക്ഷെ ഈ ഭാഗങ്ങളിൽ 'ഓസോണാ'യിരിക്കാം. അവിടെ നിന്നുള്ള പ്രകാശത്തിന്റെ തരംഗദൈർഘ്യം (Wave length) ഓസോണിൽ നിന്നുള്ള പ്രകാശത്തിന്റെ തരംഗ ദൈർഘ്യത്തോടു തുല്യമാണു്. ഇതിനും പുറമെ ഈ ഭാഗങ്ങളിൽ Wireless Waves വന്നു തട്ടിയിട്ടു പ്രതിബിംബിക്കപ്പെടുകയാണു് ചെയ്യുന്നതു്. ഓസോൺ ഉണ്ടെങ്കിൽ ഓക്സിജന്റെ സാന്നിദ്ധ്യം ന്യായമായി പ്രതീക്ഷിക്കാവുന്നതാണു്. ഈ പ്രദേശത്തു വായുവിന്റെ തന്മാത്രകൾ (Molecules) വളരെ വിരളമാണു്.

വായുമണ്ഡലം ഭൂമിയുടെ ഉപരിതലത്തോടു ഒട്ടിപ്പിടിച്ചിരിക്കുന്നതുപോലെയാണു് സ്ഥിതിചെയ്യുന്നതു്. ഭൂമി അതിന്റെ അച്ചുതണ്ടിൽ കറങ്ങുന്നതോടൊപ്പം തന്നെ ഭൂമിക്കു മുകളിലുള്ള വായുമണ്ഡലവും കൂടെ ചലിക്കുന്നുണ്ടു്. ഭൂമിയുടെ ഭ്രമണം കാററിന്റെ ഗതിയെ നിയന്ത്രിക്കുന്നു എന്നതു ഒരു പരമാർത്ഥം മാത്രമാണു്.

ആകാശത്തിനു ഇരു ഭംഗിയെ പ്രദാനം ചെയ്യുന്നതു്, ആകാശത്തിനു നീലനിറം കൊടുക്കുന്നതു്, അസ്തമന സൂര്യനും ഉദയ സൂര്യനും ഭംഗിയെ കൊടുക്കുന്നതു്, ആദിയായവയെല്ലാം വായുമണ്ഡലത്തിന്റെ പ്രവൃത്തികളാണു്. വായുവിൽകൂടെ പ്രകാശ രശ്മികൾ കടക്കുമ്പോൾ രശ്മികൾക്കു അപഭംഗം സംഭവിക്കുന്നുണ്ടു്. ഇക്കാരണത്താൽ സൂര്യനെ അതിന്റെ യഥാർത്ഥ സ്ഥാനത്തു നിന്നും അല്പം ഉയന്നാണു് നാം കാണുന്നതു്. സൂര്യനിൽനിന്നും ഭൂമിയിൽ എത്തിച്ചേരുന്ന ചൂടിന്റെ 37% വായു വലിച്ചെടുക്കുന്നുണ്ടു്. ഇതു ഭൂമിയുടെ ഉപരിഭാഗത്തോടടുത്തുള്ള നീരാവി, ഇംഗാലാമ്ലം, പൊടി ആദിയായവ മൂലമാണു്. വായുവിൽ മേൽപ്പറഞ്ഞവയൊന്നുമില്ലായിരുന്നെങ്കിൽ ഭൂമിയിലെത്തിച്ചേരുന്ന ചൂടു് ഭൂമിയിൽ തന്നെ മുഴുവനായി പതിക്കുമായിരുന്നു. ശബ്ദവീചികൾ ഉണ്ടാകുന്നതു വായുവിലാണല്ലോ. ഈ വായുമണ്ഡലം ഇല്ലാതിരുന്നുവെങ്കിൽ നമ്മുടെ മനസ്സിലുള്ള വിചാരങ്ങളെ മററുള്ളവരെ എങ്ങനെ പറഞ്ഞു മനസ്സിലാക്കും? വായുമണ്ഡലം ഇല്ലാ

യിരുന്നെങ്കിൽ പക്ഷികൾക്കു പറക്കുന്നതിനോ, ശ്വാസോച്ഛ്വാസം ചെയ്യുന്നതിനോ, മിക്ക ആധുനിക കണ്ടുപിടിത്തങ്ങളും നിർവ്വഹിക്കുന്നതിനോ സാധിക്കയില്ലായിരുന്നു. വായുമണ്ഡലത്തെ കൂടാത്ത ഒരവസ്ഥ നമുക്കൂഹിക്കാൻപോലും പാടില്ല. ഏതു പ്രകാരത്തിൽ നോക്കിയാലും അത്ഭുതകരവും, പ്രയോജനകരവുമാണ് വായുമണ്ഡലം. പ്രപഞ്ചമാഹാത്മ്യം അപരിമേയം തന്നെ.

---

<u>ചെറുകഥ.</u>

## വിധിയുടെ ഗതി

(അന്നമ്മ പോത്തൻ, ക്ലാസ് IV)

അന്നൊരു ഞായറാഴ്ചയായിരുന്നു. സായാഹ്നത്തിലെ കുളിർതെന്നലേറ്റ് ഞാൻ കടലോരത്തു ദിനപ്പത്രവും വായിച്ചുകൊണ്ടിരിക്കയാണ്. അരുണകിരണങ്ങളേറ്റ് ചക്രവാളവും കാറ്റേറ്റുകൊണ്ടിരുന്ന നാരീമണികളുടെ കപോലങ്ങളും ഒരുപോലെ സിന്ദൂരച്ഛവി കലർന്നു. അനേകബാലികാബാലന്മാർ വെൺപൂഴിയിൽ ചെറുസൗധങ്ങൾ നിർമ്മിച്ചു വിഹരിക്കുന്നു. ഈ നിർദ്ദോഷവിഹാരം ദർശിക്കുന്നതിനായിരിക്കാം സന്ധ്യയുടെ ആഗമനത്തിനു മുൻപുതന്നെ പൂന്തിങ്കൾ നീലനിറമനിചോളത്തിൽകൂടി എത്തിനോക്കിയതു്. ഈ വക വിനോദങ്ങൾ ദർശിക്കുന്നതിൽ നിന്നും പിന്തിരിയുവാൻ വിമനസ്സനാണെങ്കിലും ചെങ്കതിരുകളെ പ്രസരിപ്പിച്ചിട്ട് അക്കതിരവൻ പശ്ചിമാദ്രിയിൽ താഴ്ന്നു.

ആ ദിനപ്പത്രത്തിലെ ഒരു പരസ്യം അതെ, ആ ഭാഗ്യക്കുറിയുടെ പരസ്യം എന്നെ ഹഠാദാകർഷിച്ചു. ഞാൻ അതിൽ ലയിച്ചിരിക്കുമ്പോഴാണ് ഒരു ചെറുശബ്ദവും എന്റെ തോളിൽ ഒരു കരസ്പർശവും ഏററ് ഞാൻ തിരിഞ്ഞു നോക്കിയതു്. "എന്താ സുമ, നീ നാരീമണികളുടെ മണിക്കിലുക്കം പോലുള്ള പൊട്ടിച്ചിരിയിൽ ലയിച്ചിരിക്കയാണോ?" ആ ചോദ്യം എന്നെ ഞെട്ടി ഉണർത്തി. "അല്ല," ഞാൻ മറുപടികൊടുത്തു. അനേക നാളത്തെ വേർപാടിനു ശേഷം തമ്മിൽ കണ്ടുമുട്ടിയ പഴയ സുഹൃത്തിനെക്കണ്ട് എന്റെ ഹൃദയത്തിൽ പല വികാരതരംഗങ്ങളും അലയടിച്ചു. ചെറുപ്പകാലം മുതലുള്ള ഞങ്ങളുടെ ആ കൂട്ടുകെട്ടിന്റെ പല ഏടുകളും ഒരു ചലച്ചിത്രത്തിലെന്നപോലെ എന്റെ ഹൃദയത്തിൽക്കൂടി കടന്നുപോയി. ഞാൻ ആ പരസ്യം മധുവിനെക്കാണിച്ചു പറഞ്ഞു. "പ്രിയ മധു, നിനക്ക് എന്റെ വീട്ടിലെ കോശസ്ഥിതി അറിഞ്ഞുകൂടെ? വല്ല ഭാഗ്യക്കുറിയിലും ചേർന്നു കുറെ പണം ലഭിച്ചാൽ എന്റെ ഉന്നത വിദ്യാഭ്യാസം പൂർത്തിയാക്കാമെന്നു വിചാരിച്ച് ഭാവിയുടെ പല മധുരസ്വപ്നങ്ങളും ഞാൻ കണ്ടിരുന്നു പോയതാണ്." ഭാഗ്യക്കുറി എന്ന വാക്ക് ഉച്ചരിച്ചപ്പോൾത്തന്നെ മധുവിന്റെ ഹൃദയത്തിലുണ്ടായ പല വികാരങ്ങളുടെ തിങ്ങിവിങ്ങലുകൾ മുഖത്തു പ്രതിഫലിച്ചതു് എന്റെ ദൃഷ്ടിയിൽ നിന്നും മറഞ്ഞില്ല. "എന്താ മധു, മധുവിനു ഈ കാര്യം പറഞ്ഞപ്പോൾ ഇത്ര വിഷമം." മധുവിന്റെ മറുപടി എന്റെ ഹൃദയത്തിൽ കൂടുതൽ ഉൽക്കണ്ഠ ഉളവാക്കി. "ഹാ! സുമ, ഭാഗ്യക്കുറിയുടെ കാര്യം പറഞ്ഞ് എന്റെ മനം കലക്കാതിരിക്കൂ. ആ സംഭവം ഓർക്കുമ്പോൾ എന്റെ ഹൃദയം ഇപ്പോഴും നടുങ്ങുന്നു." കഥ കേൾക്കുവാനുള്ള ആഗ്രഹം എന്നിൽ വർദ്ധിച്ചു. എന്റെ നിർബന്ധത്താൽ മധു കഥയാരംഭിച്ചു.

"സുമ, എന്റെ ചെറുപ്പകാലത്തു നടന്ന ഒരു സംഭവമാണതു്. ഞാനിപ്പോഴെന്നപോലെ ഓർക്കുന്നു, കേളുവും മാധവിയും കൂടി ഒരു പെരുമഴയത്തു വീടിടിഞ്ഞു പോയി എന്നു നിലവിളിച്ചുകൊണ്ട് ഇറയത്തു വന്നു കയറിയതു്. അച്ഛന്റെ കാരുണ്യംകൊണ്ട് അന്നു തന്നെ അച്ഛൻ ഞങ്ങളുടെ പുരയിടത്തിലുള്ള ഒരു ചെറിയ വീട് അവരുടെ താമസത്തിനായി ഒഴിച്ചുകൊടുത്തു. കേളു തേഡ് ഫോറം വരെ പഠിച്ചിട്ടുണ്ടെങ്കിലും നിയതി തൂമ്പാക്കൈയ്യാണ് അവന് സമ്മാനിച്ചതു്. അവരുടെ ദാമ്പത്യത്തിന്റെ ഫലമായുണ്ടായ

ഏക സന്താനമാണു ബാലൻ. ആറുമാസത്തോളമായ ആ കുഞ്ഞ് അവരുടെ കണ്ണിലുണ്ണിയാണ്. അവനെ മടിയിൽ വെച്ച് ലാളിച്ച്, ആ പല്ലില്ലാത്ത പുഞ്ചിരി കണ്ടാനന്ദിച്ച്, ആ തുടുത്ത കവിൾത്തടത്തിൽ ഒരു ചുംബനം കൊടുത്തല്ലാതെ ഒററ ദിവസവും കേളു പണിക്കു പോകാറില്ല. വരുന്നവരോടും പോകുന്നവരോടും അവൻ പറയും, "പത്താമുദയത്തിൽ ജനിച്ച എന്റെ ബാലൻ ഭാഗ്യമുള്ളവനാണ്." അതു കേൾക്കുമ്പോൾ മാധവിയുടെ വിളർത്ത ചുണ്ടുകളിൽ ഒരു പുഞ്ചിരി പരക്കും. "സുകു കേൾക്കുന്നുണ്ടോ?" ഞാനൊന്നു മൂളി. മധു തുടർന്നു, "അന്നൊരു വൈകുന്നേരം ഞാൻ മുററത്തിരുന്നു പദപ്രശ്നത്തിനു തല പുകഞ്ഞാലോചിക്കുകയാണ്. ആ സമയത്തു കൂലി വാങ്ങാൻ കേളു വീട്ടിൽ വന്നു. എന്റെ പുറകിൽ വന്നു നോക്കിനിന്ന കേളുവിനെ പദപ്രശ്നത്തെക്കുറിച്ച് കുറെയൊക്കെ പറഞ്ഞു മനസ്സിലാക്കി. എന്തിനെയോ എന്തോ അവൻ വീട്ടിൽ ചെന്നു് പദപ്രശ്നം പൂരിപ്പിച്ച് ബാലന്റെ പേരും വെച്ചയച്ചു.

കേളുവിന്റെ ഭാഗ്യനക്ഷത്രം തെളിഞ്ഞു. പ്രാതലും കഴിഞ്ഞ് കേളു ബാലനെ മടിയിൽ വെച്ച് ലാളിക്കുകയാണ്. മാധവി അതു നോക്കി ആനന്ദിക്കുകയും. ബാലൻ തന്റെ പിഞ്ചുകരങ്ങളെ വിദൂരതയിലേക്കു നീട്ടി. യൂനിഫോറം ധരിച്ച് ഒരു കെട്ടു കത്തുകളെ കക്ഷത്തിൽ ഇടുക്കിവരുന്ന പോസ്റ്റ്പ്യൂണിനെക്കണ്ട് കേളു ആകെയൊന്നന്ധാളിച്ചു. പോസ്റ്റ്പ്യൂൺ ഒരു കത്തു കേളുവിനെ ഏല്പിച്ചു. അവൻ അതിലെ ഉള്ളടക്കം വായിച്ചു നോക്കി. പദപ്രശ്നത്തിന് അവന് ഒന്നാം സമ്മാനം. അവൻ നേരെ പോസ്റ്റാഫീസിലേക്ക് ഓടി. പോസ്റ്റ് മാസ്റ്റർ ആയിരം രൂപയുടെ നാലു നോട്ടുകൾ അടങ്ങിയ ഒരു കവർ അവനെ ഏല്പിച്ചു. അവൻ ആനന്ദസമുദ്രത്തിൽ ആറാടി. പാവം കേളു ഈ ആഹ്ലാദം നിരാശയുടെ നെല്ലിപ്പടിവരെ എത്തുമെന്ന് അറിയുന്നോ—എന്തോ !

അന്നത്തെ രാത്രി ആ ചെറുകുടുംബത്തിന് ഒരു ഓണം തന്നെയായിരുന്നു. മാധവിയുടെ കൈകൾക്ക് വേഗത കൂടി. അവൾ അപ്പവും കറിയും സ്വാദുള്ള ഭക്ഷണം തയ്യാറാക്കുകയാണ്. മങ്ങിയ മണ്ണെണ്ണവിളക്കിന്റെ പ്രകാശത്തിൽ കേളു കറൻസിനോട്ടുകൾ നോക്കി ആനന്ദിക്കുകയാണ്. അച്ഛന്റെ പ്രവൃത്തി നോക്കി കൊച്ചുബാലൻ അതുതന്നെ ഇരിപ്പുറപ്പിച്ചു. നോക്കണേ നിയതിയുടെ പോക്ക്! അയൽവീട്ടിലെ ചാക്കോ മാപ്പിളയുടെ കള്ളിന്റെ ലഹരി മറിയ അടിയായി അനുഭവിക്കുകയാണ്. അവളുടെ ദീനരോദനം ഇരുളിനെയും ഭേദിച്ച് കേളുവിന്റെ കാതുകളിൽ തുളച്ചു കയറി. സഹോദരസ്നേഹം അവനെ അങ്ങോട്ടു പായിച്ചു. കലഹശമനത്തിനു ശേഷം തിരിച്ചെത്തിയ കേളുവിന്റെ കണ്ണുകളിൽ തിമിരം കയറി. മൂന്നു നോട്ടുകളും കത്തി ചാമ്പലായി. നാലാമത്തെ നോട്ടു ബാലൻ കത്തിച്ചുകൊണ്ടിരിക്കുകയാണ്. കേവലം രണ്ടു വയസ്സുമാത്രം പ്രായമുള്ള ആ പിഞ്ചുപൈതൽ രൂപയുടെ വിലയുണ്ടോ അറിയുന്നു! ക്രോധംകൊണ്ടും വ്യസനംകൊണ്ടും ആവേശഭരിതനായ കേളു കുട്ടിയെ വലിച്ചു പൊക്കി. വിറയ്ക്കുന്ന ആ കരങ്ങളിൽ നിന്നു് കുട്ടി നിലത്തു വീണു നിശ്ചലനായി. ശബ്ദം കേട്ട് ഓടിയെത്തിയ മാധവി കണ്ട കാഴ്ച അവളെ മോഹാലസ്യത്തിൽ എത്തിച്ചു. ജീവിതത്തിൽ ആശയററ കേളുവിന്റെ ഹൃദയത്തിൽ പൈശാചികത്വം ഉണർന്നു. അവൻ നേരെ കിണററുകരയിലേക്ക് ഓടി. പാളയുടെ കയറഴിച്ച് ഒററപ്ലാവിൻ കമ്പിലും മറെറ അററം അവന്റെ കഴുത്തിലും ബന്ധിച്ചു. അതെ! അവന്റെ കഥയും അവസാനിച്ചു. ബോധംതെളിഞ്ഞ മാധവി മുററത്തേക്കിറങ്ങി. പൌർണ്ണമിയിലെ പൂനിലാവിൽ അവൾ കണ്ടകാഴ്ച! അവളുടെ ഭർത്താവിന്റെ മൃതദേഹം പ്ലാവിൻ കമ്പിൽക്കിടന്നു ചെറുതെന്നലേററ് ഉലയുന്നു. പുത്രവിരഹവും, ഭർത്തൃനാശവും കൊണ്ട് ആർത്തയായ ആ യുവതി അവളുടെ ജീവൻ കിണററിലെ ജലധാരയിൽ മജ്ജനം ചെയ്തു നിർവൃതി അടഞ്ഞു. പിറേറ ദിവസം രാവിലെ കേളുവിനെ വിളിക്കാൻ പോയ ഞാൻ കണ്ട കാഴ്ച! ഹാ! സുകു, അതോർക്കുമ്പോൾ ഇപ്പോഴും എനിക്ക് ഞെട്ടൽ തോന്നുന്നു."

ശോകാത്മകമായ ആ കഥ കേട്ട് എന്റെ കണ്ണുകളിൽ നിന്നു രണ്ടു ബാഷ്പബിന്ദുക്കൾ അടർന്നു വീണു. സുകു ആള് കഥാ എന്തോ!

# ശിവരാത്രി *

(ഓട്ടൻതുള്ളൽ)

(By കാരിക്കുഴി പി. എ. തോമസ്)

അന്നൊരു ദിനമൊരു നട്ടുപകൽക്കാലം
വന്നൊരു പുതിയ വിശേഷം കാണാം.
ആളുകൾ തിങ്ങിപ്പോകാൻ തുടങ്ങി,
നിരളെ ജനങ്ങൾ നിറന്നു തുടങ്ങി
മോട്ടോർ വണ്ടി പാഞ്ഞു തുടങ്ങി,
കേട്ടവർ, കേട്ടവർ യാത്ര തുടങ്ങി,
കുട്ടികളും സ്ത്രീ പുരുഷന്മാരും
കൂട്ടം കൂടി പോകാൻ തുടങ്ങി.
"എങ്ങോട്ടാടോ?" "ശിവരാത്രിക്ക്."
"എന്താണിയ്യുണ്ട് തിരക്കിന്നിവിടെ-
ക്കാണാനെന്തു വിശേഷമതുള്ളൂ?"
ഒരുവൻ ചൊന്നൊരു ചോദ്യം കേട്ടൊരു
തടവും കൂടാതപരൻ ചൊന്നാൻ.
"താനൊരു മണ്ടൻ, വന്നാൽ കാണാം
ഞാനിന്നുള്ളതു പടി ചൊല്ലാൻ.
ലക്ഷം നാവുകളുള്ളവർ പോലും
ഇക്ഷണമവിടം കണ്ടവർ പോലും,
ശതദശമാകിന ഫണഗണമുള്ളൊരു
ഫണി ഗണ നായകനനന്തൻ പോലും,
തെരുതെരെ നിരവധി കഥകളുരയ്ക്കും
തരുണികൾ ഇതുവരെ വന്നാൽ പോലും,
നിരവധി ഗണയനദിനവുമുരയ്ക്കും
നാരദ മാമുനി ചൊന്നാൽ പോലും,
ചൊല്ലുകയില്ലൊരു നൂറിലൊരംശം;
കിട്ടില്ലുള്ളപടിയുള്ള വിശേഷം.
എന്നാലും തെല്ലറിയണമല്ലോ
ചിലതു വേണ്ടതു ചൊന്നീടാം ഞാൻ.
പെരിയാറെന്നൊരു നദിയുണ്ടരികിൽ
പെരിയൊരാലുണ്ടതിനുടെ കരയിൽ
ഇതുവരെ വൈദ്യുത ദീപ്തിയുണ്ടതുമേ-
ലിരവിലുമവിടം പകൽപോലെ തോന്നും.
വെള്ളിവിളക്കും ചോരവിളക്കും
[illegible] പോലവിടനവധി കാണാം.
പച്ചവിളക്കും മഞ്ഞവിളക്കും
മെച്ചമൊടനവധി നിരയായ് കാണാം.
സിനിമാ ശാലകൾ, നാടക ശാലകൾ,
വനിതാ ശാലകൾ കാപ്പിക്കടകൾ,
പൊന്നിൻ കടകൾ, വെള്ളിക്കടകൾ
മിന്നും നിരവധി പിത്തളക്കോപ്പും,
മട്ടോൽ മിഴിമാർ കൂട്ടം തിങ്ങിന
പട്ടുകൾ പെട്ടും ജവുളിക്കടയും,
ഒട്ടല്ലവിടവിടെല്ലാം കാണാം
വളകൾ മാലകൾ കണ്ണാടികളും,
പളപളയിളകും റിബണുകളും പുന-
രളവില്ലാതെ നിരക്കുകയായി.
ബഹുതര മാളുകൾ സാമാനങ്ങൾ
ബഹുതര വിദ്യകൾ കാട്ടും കൂട്ടർ
ചാളക്കാരും, പാളക്കാരും,
മേളക്കാരും, താളക്കാരും,
കാളക്കാരും കേളിക്കാരും
തുള്ളക്കാരും, വെള്ളക്കാരും,
വള്ളക്കാരും, കൊള്ളക്കാരും
ഉള്ളു തെളിഞ്ഞു ചിരിച്ചു ചരിക്കും
ഉള്ളു നിറഞ്ഞ യുവാക്കന്മാരും;
കള്ളു കുടിച്ചിട്ടുന്മത്തരശേഷം
വെള്ളത്തിൽ പുനരായതു മൂലം
ഉള്ളതകന്നും, ചെള്ളുകഴിഞ്ഞും
ഉള്ളു കറഞ്ഞും മറെറാരു കൂട്ടം.
കാശിനു കൊള്ളാത്തവരും നല്ലൊരു
പേശിനു പോലും കൊള്ളാത്തവരും
മൂക്കിനു താഴെ പ്പൂരികം പോലൊരു
നോക്കിനു കാണും മീശ തെളിച്ചും,
ചലമിഴിമാരുടെ വരവിനെ നോക്കി-
ച്ചലനമണഞ്ഞതു പോലെ നിലച്ചും,
അവിടവിടെല്ലാം നിന്നും പിന്നെ
നടന്നും പോവതു കാണ്മതു ചിത്രം.
വാക്കും, നോക്കും പോക്കും കണ്ടാൽ
പോക്കില്ലാത്തവനെന്നേ തോന്നൂ.
നല്ലൊരു ബ്ളൗസും നല്ലൊരു സാരിം
നല്ലതു പോലെ ധരിക്കാനുള്ളവർ,
കണ്ടവരൊക്കെക്കണ്ണുകൾ താഴ്ത്തി-
ച്ചിണുങ്ങലകന്നു ഹസിക്കുംവണ്ണം,
വയറും പൊക്കിളുമൊക്കെ കാട്ടി
പ്രകൃതിക്കൊത്തും ബ്ളൗസു ധരിച്ചും,
ഈശൻ നല്കിയ നല്ലൊരു കന്ദള-
മീശനു പോലും തൊലി പൊളിയുംപോൽ

* 1952-53-ൽ കോളജ് യൂണിയൻ കവിതാമത്സരത്തിൽ ഒന്നാം സമ്മാനാർഹമായ കവിത.

പാശത്തൊക്കെ തിരുകിക്കേററി—
ക്കാശിനു കൊള്ളാതാക്കിക്കൊണ്ടും,
കണ്ണു കറക്കം കണ്ണടവച്ചും,
സ്വർണ്ണം പല്ലോരുപാച്ചു ധരിച്ചും,
ദന്തമശേഷം കാട്ടിക്കൊണ്ടും,
ബന്ധുരമേനി മിനുക്കിക്കൊണ്ടും,
പല്ലെല്ലാമൊക്കെയുരച്ചു രസിച്ചും,
വല്ലാതങ്ങു കുഴഞ്ഞു നടന്നും
മണലു നിരത്തിപ്പോകുന്നൊരു വക
ച്ചുണ്ണയുള്ളനവധി യുവതികളും കാണാം.
ശിവരാത്രിക്കു വരാത്തവർ നാട്ടിൽ
ശിവനേ! കാണുകയില്ലുള്ള നൂനം.
മുലകടിമാറിയ കുഞ്ഞിനു പോണം
മലവയറുള്ളൊരു ഗർഭിണി പോണം
തലമുടിയൊക്കെ നരച്ചുവെളുത്തൊരു
വലിയമ്മൂമ്മതിൽ മുമ്പേ പോണം
മൂക്കിലെ രോമം കൂടി നരച്ചൊരു
മുക്കിലിരിക്കും മൂപ്പനു പോണം,
ചേട്ടനു പോകണ മരുമകനു പോകണ-
മേട്ടത്തിലും പോയാൽക്കൊള്ളാം.
എന്തിനു പറയുന്നധികം, തെരുതെരെ
ചന്തമൊടങ്ങു നടക്കുകയായി.
ഒരുവനുടുപ്പു തിരിച്ചു ധരിച്ചു,
ഒരുവനു കോളറു മുമ്പിലതായി,
കയ്യിൽ കിട്ടിയതൊക്കെ ധരിച്ചവർ
മെയ്യു മറച്ചു, തിരിക്കുകയായി
കുട്ടികളൊന്നു കഴുത്തിൽ തൂങ്ങി,
മറെറാരു കുട്ടി കരത്തിൽ തൂങ്ങി.
തൂങ്ങിത്തൂങ്ങി യൊരുത്തൻ പിമ്പേ,
മോങ്ങിക്കൊണ്ടൊന്നതിനും പിമ്പേ.

പല്ലുള്ളവരുമതില്ലാത്തവരും
കണ്ണുള്ളവരും കാണാത്തവരും
നാക്കും മൂക്കും കാതും പോയോർ
കാലില്ലാത്തോർ കയ്യില്ലാത്തോർ
കിണ്ണം പോലെ മിനുത്തൊരു തലയും
പൊണ്ണൻ മേനിയുമായൊരു വിദ്വാൻ,
കന്യാസ്ത്രീകളും, സന്യാസികളും
ധന്യാധന്യ വിവേചനമെന്യേ
എല്ലാ ജാതിമതസ്ഥരുമവിടെ—
ച്ചെല്ലാൻ തെല്ലു മടിക്കുന്നില്ല.
എന്തിനു പറയുന്നിങ്ങനെ യനവധി
ചിന്തിച്ചാൽ പുനരിനിയും ചൊല്ലാം.
മറെറാരു ഭാഗം സർക്കസ് കമ്പനി,
കറക്കാരെക്കൂട്ടും സ്റ്റേഷൻ.
ഹോട്ടലു കാണാം പെട്ടികളും പിള്ളം
കൊട്ടിലുകാണാമൊട്ടനവധിയായ്
ഈത്തപ്പഴമുണ്ടേത്തപ്പഴമു—
ണ്ടാത്തപ്പഴമുണ്ടൊത്തിരിയവിടെ.
കണ്ണൻ പാളേങ്കോടൻ പഴമു—
ണ്ടെണ്ണം കൂടാതോറഞ്ചുകളും.
ഇവകൂടാതിനിയനവധിയുള്ളതു
പറവാൻ നാവിനു ശക്തികുറഞ്ഞു.
അമ്പലമൊന്നാ നദിയുടെ പുളിനേ
നന്മുന്നോക്കി വണങ്ങാൻ കാണാം.
ഇമ്പകരം ശിവരാത്രിക്കുള്ളവി—
ശേഷം ചൊല്ലാൻ നേരം പോരാ.
പോകാം ചേട്ടാ സമയം പോയിനി
യാകാം വഴിയിൽ ശേഷം കാര്യം"
ആദ്യൻ മൂക്കിൽക്കയ്യും വച്ചി-
ട്ടതി കുതുകം പിന്തുടരുകയായി.

---

## പ്രചാരണം

### (Propaganda)

(പി. കെ.)

മഹാത്മാഗാന്ധി ലണ്ടൻ സന്ദർശിച്ചപ്പോൾ അദ്ദേഹത്തിനു ആതിഥ്യം നൽകി സുപ്രസിദ്ധയായിത്തീർന്ന മിസ്സ് മൂറിയൽ ലസ്റ്റർ അവരുടെ ലോകപര്യടനത്തിനിടയിൽ മുമ്പൊരിക്കൽ ഈ കോളേജും സന്ദർശിക്കുകയുണ്ടായി. അന്നു ആ മഹതി ചെയ്ത പ്രസംഗം ഇതെഴുതുന്ന ആൾക്കും കേൾക്കാനിടവന്നു. അതിൽ അവർ പറഞ്ഞ ഒരു കാര്യം ഒരിക്കലും മായാത്തവിധം മനസ്സിൽ പതിഞ്ഞു. താൻ മൂന്നു പ്രാവശ്യം ലോകം മുഴുവൻ ചുററിസഞ്ചരിച്ചുവെന്നും ഈ സഞ്ചാരങ്ങൾക്കിടയിൽ ഒരു സംഗതി ഏററവും കൂടുതലായി തനിക്കനുഭവപ്പെട്ടുവെന്നും ആണ് അവർ പറഞ്ഞതു്. എന്താണിതു്? ഏതു രാജ്യത്തു ചെന്നാലും സത്യാവസ്ഥ എന്തെന്നു അറിയാൻ വയ്യാത്തു. തത്വജ്ഞാനിയുടെ സത്യമല്ല അവർ അന്വേഷിച്ചതു്. ഓരോ രാജ്യത്തിലേയും രാഷ്ട്രീയവും സാമൂ

ഹ്യവുമായ സ്ഥിതിഗതികൾ—അവയുടെ സത്യാവസ്ഥ—അതെങ്ങനെ അറിയാനാണ്? ഗവർമെണ്ട് പ്രസിദ്ധീകരിക്കുന്ന സ്ഥിതിവിവരക്കണക്കുകൾ പോലും ഇന്ന് ഒരു രാജ്യത്തും വിശ്വസിക്കാവുന്നതായിരിക്കുന്നു. പ്രചാരണം അത്ര മാത്രം മതിഭ്രമകരവും കല്മഷവുമായി ലോകമാസകലം കൊടുമ്പിരിക്കൊണ്ടിരിക്കയാണ്. അതിന്റെ കരിനിഴൽ ബാധിക്കാത്ത ഒരിടവും ഇന്ന് ഭൂലോകത്തില്ല. വമ്പിച്ച രാഷ്ട്രങ്ങൾ ലക്ഷക്കണക്കിനല്ല, കോടിക്കണക്കിനാണ് പ്രചാരണത്തിനുവേണ്ടി പണം ചെലവു ചെയ്യുന്നത്.

പ്രചാരണം പണ്ടും ഉണ്ടായിരുന്നിരിക്കാം. എന്നാൽ ഇന്നത്തെപ്പോലെ അതൊരു കലാരൂപം പൂണ്ട് ജനങ്ങളെ വിഭ്രമിപ്പിച്ചിരുന്നില്ല. ഇന്നു കാണുന്ന വിധം പ്രചാരണം മനോമോഹനമായ ഒരു കലയായിത്തീർന്നതു കമ്യൂണിസ്റ്റ് പാർട്ടിയും സോവിയറ്റ് റഷ്യയുമാണെന്നു പറയാം. കമ്യൂണിസ്റ്റുകാരുടെ ഒന്നാമത്തെ ആയുധമാണതു്. വഴിയെ പോകുന്നവരെ കൈയ്യും മെയ്യും കാട്ടി വശീകരിക്കുന്ന വാരനാരിയുടെ രൂപവും ഭാവവും അവർ ഈ കലാവിദ്യയിൽ അടക്കം ചെയ്തിട്ടുണ്ട്. തൻമൂലം പ്രചാരണത്തിനു ഒരു നല്ല വശമുണ്ടെങ്കിൽ തന്നെ അതു ദുഷ്ടവും ഭ്രഷ്ടവുമായിപ്പോയി. ഈ ദുഷിച്ച സമ്പ്രദായം തൽക്കാല കാര്യസിദ്ധിക്കായി ഇപ്പോൾ അമേരിക്ക തുടങ്ങിയ മറുതലകളും സ്വീകരിച്ചിരിക്കയാണല്ലൊ. സത്യപ്രകാശം പുറത്തു കടക്കാതിരിക്കാനുള്ള വഴികൾ കണ്ടുപിടിക്കുന്നതിലാണ് ഇന്ന് ഇരു കൂട്ടരുടെയും ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നതു്. എന്തൊരു ദുരവസ്ഥയാണിതെന്നു നോക്കുക! ചേരിതലവൻമാരായ അമേരിക്കയും റഷ്യയും പ്രചാരണത്തിനായി ചെലവാക്കുന്ന സംഖ്യയുടെ വലിപ്പം ആലോചിച്ചാൽ നാം അമ്പരന്നു പോകും. ഇതിന്റെയൊക്കെ ഫലമോ, ഇരു കൂട്ടർ പറയുന്നതും ഇന്ന് ആളുകൾ വിശ്വസിക്കാതായിരിക്കുന്നു!

നുണ പറയുക മാത്രമല്ല, പറയുന്ന നുണ ഇങ്ങനെ, ചായം പൂശി സംഘടിതരൂപത്തിൽ ലോകമൊട്ടാകെ പ്രചരിപ്പിക്കുന്നതിനു കോടിക്കോടിയായി പണം ദുർവ്യയം ചെയ്യുകയെന്നതു് ഈ നവയുഗത്തിന്റെ ഒരു പ്രധാന ലക്ഷണമായിത്തീർന്നിട്ടുണ്ട്. ഇടച്ചിയായ പുരോഗമനം ഇതിൽ മാത്രമാണ്. അതീതകാലങ്ങളിലൊരിക്കലും പൊതുവഞ്ചനയ്ക്കു് ഇതു പോലെ വിശ്വവ്യാപകമായ പ്രതിഷ്ഠ ലഭിച്ചിട്ടില്ല. പ്രചാരണം ഒന്നു വിശകലനം ചെയ്തു നോക്കുന്നതു് രസകരമായിരിക്കും. അതിനകത്തു പല വിദ്യകളും കാണാം. വെറും നുണ പറഞ്ഞു പരത്തുക; നേരും നുണയും കലർത്തുക; നേരു പറയാതിരിക്കുക, നേരിനെ നേർമ്മവരുത്തി നുണ ഊതിവീർപ്പിക്കുക ഇങ്ങനെ പലതും. അമേരിക്കയുടെയും റഷ്യയുടെയും ഔദ്യോഗികമായ പ്രസ്താവനകൾ, പ്രസംഗങ്ങൾ, മറ്റു പ്രസിദ്ധീകരണങ്ങൾ ഇവയെല്ലാം തന്നെ മേല്പറഞ്ഞ കൌശലങ്ങൾക്കു ഉദാഹരണങ്ങളാണ്. അതു മാത്രമോ, ഈ രാജ്യങ്ങളുടെ സ്വാധീനവലയത്തിൽ കുടുങ്ങിക്കിടക്കുന്ന ഗ്രന്ഥകാരന്മാരും ഇത്തരം പ്രചാരണത്തിന്റെ ഏല്പാളന്മാരായിപ്പോകുന്നു. അവരുടെ എഴുത്തും പ്രസംഗവും ഇന്നു വിശ്വാസയോഗ്യങ്ങളായി കരുതാൻ വിഷമം. ലോകപ്രസിദ്ധന്മാരായ ചില ഗ്രന്ഥകാരന്മാർ പോലും രാഷ്ട്രീയരംഗത്തിലെ ചേരിത്തിരിവിൽപെട്ടു പ്രചാരണത്തിനു് അടിമകളായി തങ്ങളുടെ സൽകീർത്തിക്കു് ഹാനിവരുത്തിയിട്ടുണ്ട്. പ്രചാരണത്തിന്റെ സമ്മർദ്ദം മൂലം സാഹിത്യാദികലകളും അധഃപതിച്ചിരിക്കുന്നുവെന്നു പറയാതെ നിവൃത്തിയില്ല. കലയിൽ ഒരു തരം പ്രചാരണം ഉണ്ട്. അതു സ്വീകാര്യം തന്നെ. എന്നാൽ അതു വ്യംഗ്യഭംഗിയിൽ വന്നു ചേരുന്നതാണ്. അതു വാച്യമായിപ്പോയാൽ കലാഭംഗി നശിക്കും. ഇന്നത്തെ സാഹിത്യ കൃതികളിൽ കാണുന്ന പ്രചാരണം മിക്കവാറും വാച്യം തന്നെയാണ്. അത്തരം പുസ്തകങ്ങൾ ഒരു തവണപോലും വായിച്ചുതീർക്കാനുള്ള ക്ഷമ നമുക്കുണ്ടാകുന്നില്ല. രാഷ്ട്രീയമായ പ്രചാരണത്തിനു് സർവ്വപ്രാധാന്യം ലഭിച്ചതിനു ശേഷം റഷ്യ, അമേരിക്ക മുതലായ രാജ്യങ്ങളിൽ നിന്നും പുറപ്പെട്ടിട്ടുള്ള സാഹിത്യ കൃതികൾ പരിശോധിച്ചാൽ അവയിൽ മുക്കാൽ പങ്കും ഉത്തമസാഹിത്യകോടിയിൽ ഉൾപ്പെടുന്നവയല്ലെന്നു കാണാം.

ഇപ്രകാരം നാനാപ്രകാരേണ പ്രചാരണംകൊണ്ടു് സത്യം മറയ്ക്കാൻ തുടങ്ങിയാൽ ഇതു എവിടെ ചെന്നവസാനിക്കും? "അ




CHARLES DICKENS, By Thankappan (Cl. II ; Gr. III)




ABRAHAM LINCOLN, By Thankappan (Cl. II; Gr. III)

നൃതമേവ വ്യവഹാര ജയഹേതു" എന്നു വിഷ്ണുപുരാണത്തിൽ കലിയുഗസ്വഭാവത്തെപ്പററി പറഞ്ഞിട്ടുണ്ടു്. ഈ പ്രമാണമാണെന്നു തോന്നുന്നു ഇന്നത്തെ രാഷ്ട്രങ്ങളുടെ രാജ്യതന്ത്രത്തിനു് അവലംബം. എന്നാൽ നുണ പറഞ്ഞു പറഞ്ഞു് അങ്ങേയററമെത്തിയാൽ അതു ജയത്തിൽ കലാശിക്കുമോ? 'ഒരൊററ നുണ മുടന്തനാണു്, അതു തനിച്ചു നില്ക്കുകയില്ല' (A lie is a cripple, it cannot stand alone) എന്നൊരു പണ്ഡിതൻ പറഞ്ഞിട്ടുണ്ടു്. ഒരു മുടന്തൻ നുണയെ താങ്ങി നിർത്താൻ അതിൻെറ കൂടെ പല നുണകളും പറയേണ്ടിവരും.

അങ്ങിനെ താങ്ങു കൊടുത്തു കൊടുത്തു് ഒടുവിൽ എല്ലാം കൂടി തട്ടിത്തകർന്നു താഴെ വീഴത്തക്ക നിലയിലെത്തിയാലോ?

'സത്യമേവ ജയതിനാനൃതം' എന്ന ആർഷ വചനം അപ്പോൾ അന്വർത്ഥമായേക്കാം.

## നാലുപേര്

(വിനോദ ലേഖനം)

[വി. എബ്രഹാം വറുഗീസ്, [illegible]]

"സാമേ! നീ കോളേജിൽ നിന്നു വരുവാൻ ഇത്ര താമസിക്കുന്നതെന്താ? അവിടത്തെ അക്രമങ്ങളെപ്പററി ഞാനുമല്പം അറിഞ്ഞു. ഇതൊന്നും തറവാട്ടിനു ചേർന്നതല്ല. കേട്ടോ! അതെപ്പോഴും ഓർമ്മ വേണം. ഛേ! 'നാലുപേര്' കേട്ടാൽ തന്നെ എന്തു പറയും"

വിദ്യാലയത്തിൽ നിന്നും താമസിച്ചു വന്ന മകളോടു മാതാവു പറയുന്ന വാക്കുകളാണിതു്. തറവാടിത്തത്തെപ്പററിയെല്ലാം പ്രസംഗിച്ചിട്ടും അവസാനം വന്നുകൂടിയതു കണ്ടോ? എല്ലായിടത്തുമുള്ളതുപോലെ ഇവിടെയും നമ്മുടെ "നാലുപേർക്കു" സ്ഥാനമുണ്ടു്. ജനങ്ങൾ മററതിനെക്കാളും ഭയപ്പെടുന്നതു ഇക്കൂട്ടരുടെ അഭിപ്രായത്തെയാണു്.

"നാട്ടുകാര്," "മാലോകർ" എന്നൊക്കെ നമ്മുടെ സംഭാഷണത്തിനിടയിൽ വന്നു പോകാറുണ്ടല്ലോ. അവരെല്ലാം ഈ നാലു പേരുടെ സഹോദരങ്ങൾ മാത്രമാണു്.

ഈ നാലാളുകളെ കാണ്മാൻ അത്ര പ്രയാസമൊന്നുമില്ല. നമ്മുടെ ചുററുമൊന്നു കണ്ണോടിച്ചാൽ മാത്രം മതിയാകും. പ്രായേണ ഗ്രാമപ്രദേശങ്ങളിലായിരിക്കും ഈ സംഘത്തിലെ പ്രബലാംഗങ്ങൾ അധിവസിക്കുന്നതു്. ഗ്രാമക്ഷേത്രത്തിൻെറ മുമ്പിൽ ഒരു നെടുങ്കൻ ചരിത്രവും പേറിക്കൊണ്ടു നില്ക്കുന്ന അരയാൽ വൃക്ഷത്തിൻെറ ചുവട്ടിലിരുന്നു വെടിപറയുന്ന അഞ്ചാറാളുകളെ നിങ്ങൾ കാണുന്നില്ലേ! മുന്നോട്ടു തള്ളി നില്ക്കുന്ന ഭാരിച്ച കുടവയറുമായുള്ള സംഘട്ടനത്തിൽ തോൽവിയടഞ്ഞ, ആ കരയൻ കറിയമുണ്ടിൻെറ മുന്തിയങ്ങനെ അഴിഞ്ഞു തൂങ്ങുന്നുണ്ടാവും. ഈർക്കിൽ കരയൻ തോർത്താണു ഉത്തരീയമായി ധരിച്ചിരിക്കുന്നതു്. ഇടയ്ക്കിടെ രോമങ്ങൾ വളർന്നു കഷണ്ടിയല്ലെന്നു ധരിപ്പിക്കുന്ന ശിരസ്സിൽ ഇടയ്ക്കിടെ തലോടി വെററില മുറുക്കി ചോര തുപ്പുന്നവരുമുണ്ടാവും. ചമ്മണംപൂട്ടുമിട്ടു വട്ടം കൂടിയിരുന്നു, നാട്ടുകാര്യങ്ങൾ അട്ടിമറിക്കുന്ന ഇവരാണു മേൽപ്പറയപ്പെട്ട സംഘത്തിലെ അംഗങ്ങൾ. പട്ടണവാസികൾ കൂടുമ്പോൾ ചെറിയ ഒരു കാപ്പികുടി കൂടിയുണ്ടാകാറുള്ളതുപോലെ ഇവരുടെ മുമ്പിലും കാണാം, ഒരു പൊതി മുറുക്കാൻ. ഒലിച്ചിറങ്ങുന്ന രക്തവർണ്ണമായ ചാറിനെ ഒന്നുകൂടി ഊറിവലിച്ചെടുത്തും, കൈകൊണ്ടോ ഉത്തരീയം

കൊടുണ്ടോ അവശേഷിക്കുന്ന ഭാഗം തുടച്ചും അവർ അങ്ങിനെ ആ സരസ സംഭാഷണത്തിന് രസം കൂട്ടുന്നുണ്ടാവും.

“നമ്മുടെ കുഞ്ഞുപിള്ളയെ ഇന്നു കാണാനില്ലല്ലോ? എന്തുകൊണ്ടാണെന്നറിഞ്ഞില്ല” എന്നിങ്ങനെ കുഞ്ഞുപിള്ളയെ കുറിച്ചുള്ള പ്രസ്താവം അയാളുടെ മുററത്തു നില്ക്കുന്ന പ്ലാവിനെപ്പററിയും, അതിന്റെ ഉയന്നു നില്ക്കുന്ന മേരിൽ തട്ടി നിലത്തു വീണ പാക്കരാച്ചന്റെ മകളുടെ ഭർത്താവിന്റെ ഈയിടെയുള്ള രാത്രി സഞ്ചാരത്തിലേക്കുമായിരിക്കും ചെന്നു ചാടുന്നത്.

‘സ്ത്രീ മെമ്പറന്മാരും ഈ സംഘത്തിൽ ഒട്ടും കുറവല്ല. താരതമ്യേന ഇവരുടെ അഭിപ്രായ പ്രകടനങ്ങൾക്കായിരിക്കും ഏറെ മൂച്ചയുണ്ടാവുക. അസ്തമന സൂര്യന്റെ ചെങ്കതിരുകൾ തട്ടി നദീജലം പുളകം കൊള്ളുമ്പോഴായിരിക്കും ഇവരുടെ അസംബ്ളി സാധാരണയായി കൂടാറുള്ളത്. വീട്ടുജോലികളെല്ലാം തീർത്തു, എണ്ണ, സോപ്പ്, ഉമിക്കരി തുടങ്ങിയ ആയുധങ്ങളുമേന്തിയായിരിക്കും ഇവരുടെ പുറപ്പാട്. ആററുകടവിൽ ഭംഗിയായി കെട്ടിയിരിക്കുന്ന കല്പടകളായിരിക്കും ഇവരുടെ വിഹാരരംഗം. കറുത്തിരുണ്ട ഉമിക്കരിയാൽ ആവൃതമാക്കപ്പെട്ട ദന്തനിരയെ പുറത്തു കാട്ടിയും, മാർവില്ലിനെ നാണിപ്പിക്കുന്ന പുരികക്കൊടികളെ ഇടയ്ക്കിടെ ചലിപ്പിച്ചും, വളകളുടെ കിലുകിലാരവം പുറപ്പെടുവിച്ചും കൊണ്ടുള്ള ഇവരുടെ വിമർശന വിഷബോംബുകൾ എത്രയെത്ര ദാമ്പത്യ സൗധങ്ങളെയാണ് അടിയോടെ തകർക്കുന്നത്. മററാരാളെക്കൊണ്ടു നടത്തിക്കുന്ന മുതുകത്തിന്മേലിൽനിന്നനുഭവിക്കുന്ന ചെറിയ സുഖം ഇവരുടെ സംഭാഷണത്തിനു ഉന്മേഷമുണ്ടാക്കുക. പുതുതായി നിയമിക്കപ്പെട്ട നഴ്സിന്റെ പഴയ പ്രണയ കഥയും, ശാന്തിക്കാരൻ പോററിയും ഇഷ്ടക്കാരിയുമായി ഈയിടെ തുടങ്ങിയ അനാശാസ്യ ബന്ധവുമൊക്കെ ആയിരിക്കും ഇവരുടെ സംഭാഷണവിഷയം. ഈ സംഘത്തിന്റെ ശാഖകൾ വിപുല എല്ലാ പട്ടണങ്ങളിലും പ്രധാനപ്പെട്ട സംസ്ഥാപിക്കപ്പെട്ടിട്ടുണ്ട്. കോളേജ് വിദ്യാർത്ഥിനികളുടെയിടയിലും, ഉയർന്ന ഉദ്യോഗസ്ഥ ഗൃഹങ്ങളിൽ തൊഴിലില്ലാതിരിക്കുന്ന ‘കൊച്ചമ്മ’മാരുടെ ഇടയിലുമാണ് ഈ സംഘത്തിന്റെ പ്രവർത്തനം ഊർജ്ജിതമായി നടന്നുവരുന്നത്.

പാർക്കിൽ പോയാൽ മതി ഇക്കൂട്ടരെ ഡസൻ കണക്കിനു കണ്ടെത്തുവാൻ. ആലുവാപ്പാലത്തിലും ഇവരെ സന്ധ്യയോടടുത്ത സമയം ധാരാളമായി കണ്ടെത്തുവാൻ വിഷമമില്ല. സിഗരററിന്റെ ധൂമത്തിനിടയിൽക്കൂടി പ്രവഹിക്കുന്ന പൌഡറിന്റെ നേരിയ പരിമളം ആസ്വദിച്ച്, ഇടയ്ക്കിടെ കടന്നുപോകുന്ന തരുണീമണികളെ കടാക്ഷശരത്താൽ മുറിവേല്പിച്ചും കൊണ്ടായിരിക്കും ഇവരുടെ സംഭാഷണചക്രം പുരോഗമിക്കുന്നത്. ഈ സംഘത്തെ വളർത്തിക്കൊണ്ടുപോകുന്നത് രണ്ടാമത്തെ കൂട്ടരാണ്. ഇതര ജോലികൾ ഒന്നും തന്നെയില്ലാത്തതിനാൽ തങ്ങളുടെ ശ്രദ്ധ മുഴുവൻ ഈ സംഘത്തിന്റെ അഭിവൃദ്ധിക്കായി വിനിയോഗിക്കുവാൻ കഴിയുമെന്നുള്ളതാണ് ഇക്കൂട്ടരുടെ മേന്മ!

ഈ സംഘാംഗങ്ങൾ വരുത്തിക്കൂട്ടുന്ന വിനകളോ? അതിനെപ്പററി ഒന്നും പറവാനില്ല! ഇവരുടെ അഭിപ്രായങ്ങൾ കാററാടിപോലെ മാറിക്കൊണ്ടിരിക്കും. “അഭിപ്രായങ്ങൾ ഒരിക്കലും ഇരുമ്പുലക്കകളായിരിക്കരുത്” എന്നാണ് ഇവരുടെ മുദ്രാവാക്യം. ഈ സംഘത്തിന്റെ വിമർശന ഖഡ്ഗപാതമേററ മുറി

ഷോററ ഒരു സാധു മനസ്സഹിതനെ എനിക്കറിയാം. സാമാന്യം ഭേദപ്പെട്ട ഒരു നായർ തറവാട്ടിലെ അംഗമാണയാൾ. "കൊച്ചന്റെ" മിടുക്കുകൊണ്ടോ, കുടുംബ ഭഗവതയുടെ കാരുണ്യം കൊണ്ടോ അയാൾ ബി. എ. ക്ലാസ്സു വരെയെത്തി. ബി. എ. യ്ക്കും ആ വർഷം തന്നെ ജയം നേടി. തുടങ്ങിയില്ലേ; നമ്മുടെ നാലു പേർ!

"കൊച്ചൻ ബഹുമിടുക്കനാണ്. ചെറുപ്പത്തിലെ തന്നെ എനിക്കു അവനെ അറിയാം.' എന്നു തുടങ്ങുന്നതു് ഒരു പൂർവ്വ കഥാപ്രസംഗത്തിനു നാന്ദിയായിട്ടാണ്.

"ഓ! ഞാനോർക്കുന്നു! ഈ പയ്യന് അന്ന് ഏഴോ, എട്ടോ വയസ്സു കാണും. മൂപ്പരെ കാണാനായി എനിക്കത്രടം ഒന്നു പോരുകണ്ടായിരുന്നു. ഞങ്ങൾ പലതും സംസാരിച്ചുകൂട്ടത്തിൽ 'കാരണവർ' ഇവനെപ്പറ്റിയും പറവാനിടയായി. മൂപ്പർ ഉടനെ പയ്യനെ വിളിച്ചു അവന്റെ അഗാധ പാണ്ഡിത്യം അതിഥിക്കു കാട്ടിക്കൊടുക്കുവാൻ ആജ്ഞയും നല്കി. തുടങ്ങിയല്ലോ! ഇടവപ്പാതി പോലെ: ഞാൻ തന്നെയിരുന്നു മിഴിച്ചുപോയി. കൊച്ചു പയ്യനേ! രാമായണ ഗ്രന്ഥം വായിച്ചു ഒരു തടസ്സവും കൂടാതെ അർത്ഥം പറയുകയാണ്. വാക്കുകൾക്കൊ? ഒരു വിഷമവുമില്ല. അന്ന ഇതെല്ലാം ഞാൻ നിരൂപിച്ചതാണ്. അവനിത്രം ഇതിന്റപ്പുറവും കൈവരുത്തും."

ഇങ്ങനെ ഒരു പ്രവചനത്തോടെ അവസാനിക്കയായി. ഏഴെട്ടു പെൺമക്കളുള്ള ചില 'ദുർഭാഗ്യവാന്മാർ' ചില ചില്ലറ വിവാഹാലോചനകളുമായി മൂപ്പരെ സമീപിക്കാതിരുന്നതുമില്ല. പക്ഷെ ഈ അസൂയാജനകമായ അവസ്ഥ അധികനാൾ നിണ്ടുനിന്നില്ല. വീട്ടുകാരുടെ നിർബ്ബന്ധംകൊണ്ടു കഷ്ടകാലത്തിനയാൾ F. L. നു ചേർന്നു. ആ പരീക്ഷയുമായുള്ള ഏറ്റുമുട്ടലിൽ 'ഇഷ്ടൻ' പരാജയപ്പെട്ടു. അപ്പോഴാണ് 'നാലു പേർ' സംഘാംഗങ്ങളുടെ 'തനിനിറം' വെളിപ്പെട്ടതു്. ഫണവും വിടർത്തിക്കൊണ്ടിറങ്ങിയല്ലോ അവർ!

"ഹേ! ചെറുക്കൻ ശുദ്ധ മണ്ടനാ! കാണാപ്പാഠം പഠിച്ചു ഇതുവരെയെത്തിയെന്നേയുള്ളൂ. വക്കീൽപ്പരീക്ഷയ്ക്കു കള്ളസൂത്രമെടുത്താൽ പാസ്സുമോ? "നാലു കയ്യക്ഷരം"മിട്ടുകൊണ്ടു 'പറപറാ' പറയാനുള്ളതല്ല." എന്നു തീരെ അലക്ഷ്യമായി ചിലരും; കുറെക്കൂടെ മയം വരുത്തി, 'ഹേ! അവൻ വെറും ശപ്പനാണ്. പട്ടണമല്ലയോ! അവിടെയും ഇവിടെയും നടന്നു പഠിക്കാതെ കാലം കഴിച്ചുകൂട്ടി. അതുതന്നെ കാരണം" എന്നു മറ്റുചിലരും! ഒരു തോൽവി വരുത്തിവച്ച മാററങ്ങളാണിതു്. അടുത്ത കൊല്ലം അയാൾ ജയിക്കുകയാണെങ്കിൽ ഇവയെല്ലാം പാടെ മാറുമെന്നുള്ളതിനു സംശയമില്ലല്ലോ!

ഇങ്ങനെയൊക്കെയാണെങ്കിലും ലോകചക്രത്തിന്റെ ശരിയായ തിരിച്ചിലിനു ഇവർ അത്യാവശ്യമാണ്. ഈ വിമർശകർക്ക് പ്രത്യേകിച്ചൊരൊട്ടും ഒരു വിശേഷവും കാണുകില്ല; പരിതസ്ഥിതികൾക്കനുഗുണമായ വിധത്തിലായിരിക്കും ഇവരുടെ അഭിപ്രായപ്രകടനങ്ങൾ. നിങ്ങൾ ഒന്നു തിരക്കി നോക്കണം! അല്ലെങ്കിൽ തങ്ങളുടെ കാര്യം തന്നെ നോക്കിക്കൊണ്ടാൽ മതി. വാസ്തവത്തിൽ ഇവരുടെ അഭിപ്രായത്തെ ഭയന്നാണു മിക്കവാറും ആളുകൾ മാനമായി കഴിയുന്നതു്. ഇവരില്ലാത്ത ലോകമൊന്നു ഭാവന ചെയ്തു നോക്കുക! വസ്ത്രം മാറുന്നതുപോലെയായിക്കും ഭാര്യയെയും ഭർത്താവിനെയും അന്നു മാറുക! വേശ്യാലയങ്ങളിലും മദ്യഷാപ്പുകളിലും തിക്കിക്കൂട്ടുവാൻ ആളുകൾ അന്നു മടിക്കുകയില്ല! അതിന്റെ അനന്തരഫലങ്ങൾ എത്ര ഭയങ്കരങ്ങളായിരിക്കും.

സമുദായം തന്നെയുണ്ട് ഉലഞ്ഞു താഴെ വീണു തകരും. പുരോഗമനക്കാർ എന്തു പറഞ്ഞാലും നമുക്ക് അവരെ തിററിമല്ലാററിക്കൊണ്ടു തന്നെ പോകണം. സമുദായത്തിൻെറ നട്ടെല്ലുകളാണവർ.

നാട്ടാചാരങ്ങളുടെ നാരായവേരുകളും!

അതുകൊണ്ട്,

"നാലുപേർ" സംഘത്തിനു

"സിന്ദാബാദ്!"

---

ചെറുകഥ.

## പുളകംകൊള്ളിച്ച സമാഗമം

(ആർമിസ്; ആലുവാ)

മൂകമായ ഒരന്തരീക്ഷം എനിക്കന്നു കൂടുതൽ അഭികാമ്യമായിത്തോന്നി. ഒരു മുഷിപ്പൻ പരീക്ഷ കഴിഞ്ഞു് അവധി കിട്ടിയിട്ട് രണ്ടു ദിവസംമാത്രമായ എനിക്കു് ആ അവധി നുകർന്നു ററിക്കടിക്കുവാൻ നിശ്ശബ്ദമായ ഒരു ചുററുപാടു് ആവശ്യമായതിൽ അത്ഭുതപ്പെടാനില്ലല്ലോ?

കളിക്കാൻപോകുവാനോ, നടക്കാൻ പോകുവാനോ എനിക്കന്നു തോന്നിയില്ല. ഞാൻ നേരെ നടന്നു, തെക്കുവശത്തെ തെങ്ങിൻതോപ്പിലേക്കു്. ബഷീറിൻെറ 'ബാല്യകാലസഖി'യും എൻെറ കയ്യിലുണ്ടു്. 'രവീ!' ഞാൻ തോപ്പിൽ ചെന്നു അദ്ധ്യായമിനിയോർക്കുന്നതിനുമുമ്പ് എന്നെ ആരോ പുറകിൽവന്നു വിളിക്കുന്നതുകേട്ടു ഞാൻ തിരിഞ്ഞു നോക്കി. നടക്കാൻപോകുവാൻ വിളിച്ചുകൊണ്ടുനിൽക്കുന്ന ബാലനെയാണു് അവിടെ കണ്ടതു്. ഞാനും ബാലനും സമപ്രായക്കാരും സഹപാഠികളും ആണ്. പോരെങ്കിൽ ബാലൻ എൻെറ അമ്മാവൻെറ മകനും. ബാലൻെറ ആഗമനം എനിക്കാദ്യം ഒരു മുഷിച്ചിലായി തോന്നിയെങ്കിലും ബാലൻെറ ഫലിതരസം എന്നെ കണക്കിലേറെ ആഹ്ലാദിപ്പിച്ചു. പെട്ടെന്നു ഞങ്ങളും ഒരു സംഭാഷണത്തിലേർപ്പെട്ടു, നർമ്മസല്ലാപത്തിൽ. അതുമിതുമെല്ലാം ഞങ്ങളുടെ സംഭാഷണവിഷയമായി. ബാലനു കൂടുതലായി പറയാനുണ്ടായിരുന്നതു് ആ കോളേജിലെ മൂന്നു കൊല്ലത്തെ അനുഭവങ്ങളേയും സുഹൃത്തുക്കളേയും പററിയാണു്. പെട്ടെന്നു സംഭാഷണം കോളേജ് ബ്യൂട്ടികളെക്കുറിച്ചായി. "കോളേജ് ബ്യൂട്ടികൾ" എന്ന പദംകൊണ്ടു സൌന്ദര്യമില്ലെങ്കിലും സൌന്ദര്യമുണ്ടെന്നു ഭാവിക്കുന്ന മഹിളാമണികളെയാണു ഞങ്ങൾ വിവക്ഷിക്കുന്നതു്. ചട്ടി, ക്ലിട്ടൻ,............തുടങ്ങി ഓരോ പേരും കാണും അവർക്കു്. അപ്പോഴോരോരുത്തരും ഞങ്ങളുടെ ഹൃദയദർപ്പണത്തിൽ ഓരോ ചിത്രങ്ങൾ വരച്ചുകൊണ്ടു കടന്നുപോയി. പെട്ടെന്നു സംഭാഷണരീതി ഓരോരുത്തരുടെയും പേരിൻെറ വിശേഷതകളെക്കുറിച്ചായി. അതിൽ കണക്കിലേറെ ഞങ്ങളെ ആകർഷിച്ച പേരു് 'മിസ്സ് ജി. എസ്സ്. നായർ' എന്നതാണു്. 'ഇതാണു് പരിഷ്കാരത്തിൻെറ പോക്കു്,' ബാലൻ പറഞ്ഞു. സ്ത്രീകൾക്കു പുരുഷനാമങ്ങളും!

ഞാൻ:—എന്തിനു നാം കാര്യമില്ലാത്തതു് ഇതുമിതും ചിന്തിക്കുന്നു. കാണുന്ന സ്ത്രീകളെക്കുറിച്ചതുമിതും പറവാൻ നിനക്കു നാണമില്ലേ?

ബാലൻ:—വിഡ്ഢിത്തരം പറയാതെ ചേട്ടാ!..............വകപ്പെണ്ണെന്നു പറ, ഉം... ...മനസ്സിലായി. ചേട്ടൻ പണ്ടേ ഒരു സൌന്ദര്യാരാധകൻ ആണ്. ഇപ്പോഴാണെങ്കിൽ സൌന്ദര്യറാണിയായ മിസ്സ് നായരുടെ ഹൃദയത്തിലെ ചക്രവർത്തിയും കൂടിയാണല്ലോ!.. .........ഉം.........ചേട്ടൻ കളിക്കുമ്പോഴും പ്രസംഗിക്കുമ്പോഴുമെല്ലാം അവർ മറഞ്ഞുവരാറുണ്ടു ചേട്ടനെ പൊക്കിപ്പറയുന്നതു ഞാൻതന്നെ പലവുരു കേട്ടിട്ടുണ്ട്........ഉം ..........നടക്കട്ടെ!

ഞാൻ:—അധികപ്രസംഗം പറയാതെ ബാലാ, അവളെക്കണ്ടനേരെ 'ഒരു ഏട്ടു ചാട്ട്' മുഖേനയല്ലാതെ ഞാൻ അവളെയോ അവളെന്നെയോ ആത്മാർത്ഥമായി സ്നേഹിക്ക

ന്നില്ല............അതെല്ലാമിരിക്കട്ടെ. എന്തായാലും ഞാനിന്നു നടക്കാൻ വരുന്നില്ല. നീ പൊയ്ക്കോ, !

എന്റെ ഈ വിരസമായ പെരുമാററം കണ്ട് നിരാശനായ ബാലൻ ഒന്നും പറയാതെ അവിടെനിന്നും പോയി. എന്നാൽ ചിന്താപരതന്ത്രനായി ഞാൻ അവിടെത്തന്നെ ഇരുന്നുപോയി. എന്റെ ചിന്തകൾ അവിടെത്തന്നെ തങ്ങി നിൽക്കുകയാണ്. ഭൂതകാലസ്മരണയിൽ ആഴ്ത്തപ്പെട്ട ഞാൻ സുന്ദരസ്വപ്നങ്ങൾക്കധീനനായി മാറി. എന്റെ ബാല്യകാലജീവിതത്തിലെ ഓരോ സംഭവവും എന്റെ മനോമുകുരത്തിലൂടെ ഞാൻ വീണ്ടും ദർശിച്ചു. അതോടെ എന്റെ ചിന്ത എന്റെ ബാല്യകാല സുഹൃത്തുക്കളെക്കുറിച്ചായി...... സോമൻ, റോയി,......സുമ......ഇവരൊരുത്തരും ഇന്നും എന്റെ കൺമുമ്പിൽ മായാത്ത രൂപങ്ങൾ തന്നെ.

ഈ ചിന്തയിൽനിന്നും പിടഞ്ഞെഴുന്നേൽക്കണമെന്ന് എനിക്കു തോന്നി. ഞാനതിനായി ശ്രമിച്ചു. അതിനൊരുപാധിയായി ആ പുസ്തകം വായിക്കാൻ ഞാനൊരുങ്ങി. ആ ബുക്കിന്റെ പേരിലേക്കു എന്റെ കണ്ണുകൾ ഒരു സൂക്ഷ്മദൃഷ്ടിയോടെ പാഞ്ഞു.——'ബാല്യകാലസഖി'—ബുക്കിന്റെ പേരിനെക്കുറിച്ചുള്ള എന്റെ അപ്പോഴത്തെ ചിന്ത. ഞാൻ വീണ്ടും ചിന്താകുലനായി. ഞാൻ തന്നത്താൻ പറഞ്ഞു; എനിക്കു മുമ്പുണ്ടായിരുന്ന ഒരു ബാല്യകാലസഖി......എന്നെ ഹൃദയംഗമമായി സ്നേഹിച്ച ഒരു കളിത്തോഴി......സുമ അവളിന്നെവിടെ. ഇന്നും അവളെന്നെ സ്നേഹിക്കുന്നുണ്ടോ ?

എന്റെ മുഖത്തു പൊടിഞ്ഞ വിയർപ്പുള്ളി ഞാൻ തുടച്ചുനീക്കി. എന്തോ കനംപിടിച്ച ഒരു ഭാരം തലയിലിരിക്കുന്നതുപോലെ ഒരു തോന്നൽ !......എനിക്കു സുമയെ കാണണം, കൺകുളിർക്കെ ആസ്വദിക്കണം!... ......അവളിന്നും എന്നെ സ്നേഹിക്കുന്നുണ്ടോ എന്നറിയണം.!

ബാല്യകാലസ്മരണകൾ വീണ്ടുമെന്നെ ചുററി വളയുകയാണ്......ഞാനും എന്റെ കളിത്തോഴിയുംകൂടി ചെലവഴിച്ചിട്ടുള്ള സമയങ്ങൾ, സംഭവങ്ങൾ !......ഞങ്ങളൊന്നിച്ചു കളിച്ചു. ഒരു ക്ലാസിലല്ലായിരുന്നിട്ടുപോലും ഒന്നിച്ചു പഠിച്ചു : ഒന്നിച്ചാണു സ്കൂളിൽപോയിരുന്നത്. എന്നും അവൾക്കു മാധുര്യം ഊറുന്ന ഓരോ കഥകൾ കാണും എന്നെ കേൾപ്പിക്കുവാൻ! സുമ!, സുമ! ഉറക്കെ വിളിക്കണമെന്നെനിക്കു തോന്നി. എന്തിന് ? തപ്തമായ എന്റെ ഹൃദയത്തിൽ മാധുര്യം ഊറുന്ന ആ കുളിർകാററൊന്നു വീശിക്കുവാൻ!

എന്റെ ചിന്ത കാലത്തിന്റെ ഭ്രമണചക്രത്തെ വളരെ പിന്നിൽനിന്നും മുന്നോട്ടു ചവുട്ടിപ്പരിശോധിക്കുകയാണ്. ഇതേസ്ഥലം! ......ഇതേ സമയം! പക്ഷേ വർഷങ്ങൾപലതിനു മുമ്പ്! ഞാനിത്തോപ്പിൽ അന്നും— അവൾ ഇവിടംവിട്ട് എറണാകുളത്തേക്കു പോകുന്നതിന്റെ തലേദിവസം—ഒരു പുസ്തകം വായിച്ചുകൊണ്ടിരിക്കുകയായിരുന്നു. അവൾ വന്ന് എന്റെ പുറകിൽ നിന്നതു ഞാനറിഞ്ഞില്ല. മൃദുലകോമളമായ രണ്ടു പാണികൾ എന്റെ കണ്ണു പൊത്തിപ്പിടിച്ചു. അവളെന്നറിയാതെ ഞാനാ കൈകൾ തള്ളിമാററി. സന്തോഷം ഭാവിക്കുന്ന, എന്നാൽ കനത്ത വിഷാദഛായ മുഖത്തു നിഴലിച്ചിരുന്ന സുമയെയാണു ഞാൻ മുമ്പിൽ കണ്ടത്. അവൾക്കെന്തോ എന്നോടു പറയുവാനുണ്ട്. എന്നാൽ പറയുവാൻ ഒരു ലജ്ജ. അവൾ വന്നെന്റെ അടുത്തിരുന്നു. ലോകം കണ്ടിട്ടില്ലാത്ത വെറും രണ്ടു പിഞ്ചുപൈതങ്ങളാണ് ഞങ്ങളന്ന്. അവളുടെ നിശ്വാസങ്ങൾക്ക് ഒരു ചൂടുള്ളതുപോലെ എനിക്കുതോന്നി. 'സുമ !' ഞാൻവിളിച്ചു. 'രവി' എന്നു പ്രതിവചിച്ചുകൊണ്ട് അവളെന്റെ മടിയിലേക്കു വീണു.........അവളുടെ കണ്ണുകൾ നിറഞ്ഞു. പക്ഷേ അവളുടെ ഉഷ്ണനിശ്വാസങ്ങളെ ആറിത്തണുപ്പിക്കുവാൻ അവ പര്യാപ്തമായില്ല.........അവൾ പൊട്ടിക്കരയുകയാണ്. എന്റെ ഹൃദയത്തിൽനിന്നും ഒരു കഷണം പൊട്ടിത്തെറിച്ചു വീഴാൻ പോകുന്നതുപോലെ എനിക്കു തോന്നി...... ഞാനെന്നെത്തന്നെ സൂക്ഷിച്ചുനോക്കി, ഞാനവളുടെ ആലിംഗനത്തിൽ അമർന്നിരിക്കുകയാണ്. എന്റെ കണ്ണും നിറഞ്ഞുകവിയുന്നുണ്ട്.......അവൾ എന്നോടായിപ്പറഞ്ഞു, 'അച്ഛന്' എറണാകുളത്തേക്കു സ്ഥലംമാററം കിട്ടിയതുകൊണ്ട് ഞങ്ങൾ നാളെ പോകും.........നമുക്കിനി എന്നു കാണാം. ഒന്നിച്ചു കളിക്കാം, സംസാരിക്കാം!......ചേട്ടാ, ചേട്ടനെന്നെ......മറക്കല്ലേ! അവളുടെ ചൈതന്യം തുളുമ്പുന്ന കണ്ണുകൾ കണ്ണു

സമുദായം തന്നെയന്ന് ഉലഞ്ഞു താഴെ വീണു തകരും. പുരോഗമനക്കാർ എന്നു പറഞ്ഞാലും നമുക്ക അവരെ തിററിപ്പോററിക്കൊണ്ടു തന്നെ പോകണം. സമുദായത്തിൻെറ നട്ടത്തൂണുകളാണവർ.

നാട്ടാചാരങ്ങളുടെ നാരായ വേരുകളും!

അതുകൊണ്ട്,

"നാലുപേർ" സംഘത്തിനു

"സിന്ദാബാദ്!"

---

ചെറുകഥ.

## പുളകംകൊള്ളിച്ച സമാഗമം

(അജീസ്; ആലുവാ)

മൂകമായ ഒരന്തരീക്ഷം എനിക്കന്നു കൂടുതൽ അഭികാമ്യമായിത്തോന്നി. ഒരു മുഷിപ്പൻപരീക്ഷ കഴിഞ്ഞ് അവധി കിട്ടിയിട്ട് രണ്ടു ദിവസംമാത്രമായ എനിക്ക് ആ അവധി നുകർന്നുററിക്കുടിക്കുവാൻ നിശ്ശബ്ദമായ ഒരു ചുററുപാട് ആവശ്യമായതിൽ അത്ഭുതപ്പെടാനില്ലല്ലോ?

കളിക്കാൻപോകുവാനോ, നടക്കാൻ പോകുവാനോ എനിക്കന്നു തോന്നിയില്ല. ഞാൻ നേരെ നടന്നു, തെക്കുവശത്തെ തെങ്ങിൻതോപ്പിലേക്ക്. ബഷീറിൻെറ 'ബാല്യകാലസഖി'യും എൻെറ കയ്യിലുണ്ട്. "രവീ!" ഞാൻ തോപ്പിൽ ചെന്നു അഞ്ചുമിനിററാകുന്നതിനുമുമ്പ് എന്നെ ആരോ പുറകിൽനിന്നു വിളിക്കുന്നതുകേട്ടു ഞാൻ തിരിഞ്ഞു നോക്കി. നടക്കാൻപോകുവാൻ വിളിച്ചുകൊണ്ടുനിൽക്കുന്ന ബാലനെയാണ് അവിടെ കണ്ടത്. ഞാനും ബാലനും സമപ്രായക്കാരും സഹപാഠികളും ആണ്. പോരെങ്കിൽ ബാലൻ എൻെറ അമ്മാവൻെറ മകനും. ബാലൻെറ ആഗമനം എനിക്കാദ്യം ഒരു മുഷിച്ചിലായി തോന്നിയെങ്കിലും ബാലൻെറ ഫലിതരസം എന്നെ കണക്കിലേറെ ആഹ്ളാദിപ്പിച്ചു. പെട്ടെന്നു ഞങ്ങളും ഒരു സംഭാഷണത്തിലേർപ്പെട്ടു, നർമ്മസല്ലാപത്തിൽ. അതുമിതുമെല്ലാം ഞങ്ങളുടെ സംഭാഷണവിഷയമായി. ബാലനു കൂടുതലായി പറയാനുണ്ടായിരുന്നതു കോളേജിലെ മൂന്നു കൊല്ലത്തെ അനുഭവങ്ങളേയും സുഹൃത്തുക്കളേയും പററിയാണ്. പെട്ടെന്നു സംഭാഷണം കോളേജ്ബ്യൂട്ടികളെക്കുറിച്ചായി. "കോളേജ്ബ്യൂട്ടികൾ" എന്ന പദംകൊണ്ടു സൌന്ദര്യമില്ലെങ്കിലും സൌന്ദര്യമുണ്ടെന്നു ഭാവിക്കുന്ന മഹിളാമണികളെയാണു ഞങ്ങൾ വിവക്ഷിക്കുന്നത്. ചട്ടി, ബ്രിട്ടൺ,..............തുടങ്ങി ഓരോ പേരും കിട്ടും അവർക്ക്. അവരോരോരുത്തരും ഞങ്ങളുടെ ഹൃദയദർപ്പണത്തിൽ ഓരോ ചിത്രങ്ങൾ വരച്ചുകൊണ്ടു കടന്നുപോയി. പെട്ടെന്നു സംഭാഷണരീതി ഓരോരുത്തരുടേയും പേരിൻെറ വിശേഷതകളെക്കുറിച്ചായി. അതിൽ കണക്കിലേറെ ഞങ്ങളെ ആകർഷിച്ച പേര് 'മിസ്സ് ജി. എസ്സ്. നായർ' എന്നതാണ്. 'ഇതാണ്' പരിഷ്കാരത്തിൻെറ പോക്ക്,' ബാലൻ പറഞ്ഞു. സ്ത്രീകളും പുരുഷനാമങ്ങളും!

ഞാൻ:—എന്തിനു നാം കാര്യമില്ലാതെ ഇതുമിതും ചിന്തിക്കുന്നു. കാണുന്ന സ്ത്രീകളെക്കുറിച്ചുമിതും പറവാൻ നിനക്കു നാണമില്ലേ?

ബാലൻ:—വിഡ്ഢിത്തരം പറയാതെ ചേട്ടാ!..............വല്ലതുമുണ്ടെന്നു പറ, ഉം!... ...മനസ്സിലായി. ചേട്ടൻ പണ്ടേ ഒരു സൌന്ദര്യാരാധകൻ ആണ്. ഇപ്പോൾ പോരെങ്കിൽ സൌന്ദര്യറാണിയായ മിസ്സ് നായരുടെ ഹൃദയത്തിലെ ചക്രവർത്തിയും കൂടിയാണല്ലോ!.. ..........ഉം..........ചേട്ടൻ കളിക്കുമ്പോഴും പ്രസംഗിക്കുമ്പോഴുമെല്ലാം അവർ മറവളപതറാതെ ചേട്ടനെ പൊക്കിപ്പറയുന്നതു ഞാൻതന്നെ പലവുരു കേട്ടിട്ടുണ്ട്..........ഉം ...........നടക്കട്ടെ!

ഞാൻ:—അധികപ്രസംഗം പറയാതെ ബാലാ. അവൾക്കെൻെറനേരെ 'ഒരു എടുത്തുചാട്ട'മുണ്ടെന്നല്ലാതെ ഞാൻ അവളെയോ അവളെന്നെയോ ആത്മാർത്ഥമായി സ്നേഹിക്കു

ന്നില്ല...... ......അതെല്ലാമിരിക്കട്ടെ. എന്തായാലും ഞാനിന്ന് നടക്കാൻ വരുന്നില്ല. നീ പൊയ്ക്കോ. !

എന്റെ ഈ വിരസമായ പെരുമാറ്റം കണ്ട് നിരാശനായ ബാലൻ ഒന്നും പറയാതെ അവിടെനിന്നും പോയി. എന്നാൽ ചിന്താപരതന്ത്രനായി ഞാൻ അവിടെത്തന്നെ ഇരുന്നുപോയി. എന്റെ ചിന്തകൾ അവിടെത്തന്നെ തങ്ങി നിൽക്കുകയാണ്. ഭൂതകാലസ്മരണയിൽ ആഴ്ത്തപ്പെട്ട ഞാൻ സുന്ദരസ്വപ്നങ്ങൾക്കധീനനായി മാറി. എന്റെ ബാല്യകാലജീവിതത്തിലെ ഓരോ സംഭവവും എന്റെ മനോമുകുരത്തിലൂടെ ഞാൻ വീണ്ടും ദർശിച്ചു. അതോടെ എന്റെ ചിന്ത എന്റെ ബാല്യകാല സുഹൃത്തുക്കളെക്കുറിച്ചായി ...... സോമൻ, റോയി,......സുമ......ഇവരോരുത്തരും ഇന്നും എന്റെ കൺമുമ്പിൽ മായാത്ത രൂപങ്ങൾ തന്നെ.

ഈ ചിന്തയിൽനിന്നും പിടഞ്ഞെഴുന്നേൽക്കണമെന്ന് എനിക്കു തോന്നി. ഞാനതിനായി ശ്രമിച്ചു. അതിനൊരുപാധിയായി ആ പുസ്തകം വായിക്കാൻ ഞാനൊരുങ്ങി. ആ ബുക്കിന്റെ പേരിലേക്ക് എന്റെ കണ്ണുകൾ ഒരു സൂക്ഷ്മദൃഷ്ടിയോടെ പാഞ്ഞു.——'ബാല്യകാലസഖി' —ബുക്കിന്റെ പേരിനെക്കുറിച്ചുള്ള എന്റെ അപ്പോഴത്തെ ചിന്ത. ഞാൻ വീണ്ടും ചിന്താകുലനായി. ഞാൻ തന്നത്താൻ പറഞ്ഞു, എനിക്ക് "മുമ്പുണ്ടായിരുന്ന ഒരു ബാല്യകാലസഖി......എന്നെ ഹൃദയാഗമമായി സ്നേഹിച്ച ഒരു കളിത്തോഴി......സുമ അവളിന്നെവിടെ. ഇന്നും അവളെന്നെ സ്നേഹിക്കുന്നുണ്ടോ ?

എന്റെ മുഖത്തു പൊടിഞ്ഞ വിയർപ്പുതുള്ളി ഞാൻ തുടച്ചുനീക്കി. എന്തോ കനംപിടിച്ച ഒരു ഭാരം തലയിലിരിക്കുന്നതുപോലെ ഒരു തോന്നൽ !......എനിക്കു സുമവിനെ കാണണം, കൺകുളിർക്കെ ആസ്വദിക്കണം!... ......അവളിന്നും എന്നെ സ്നേഹിക്കുന്നുണ്ടോ എന്നറിയണം. !

ബാല്യകാലസ്മരണകൾ വീണ്ടുമെന്നെ ചുറ്റിവലയുകയാണ്......ഞാനും എന്റെ കളിത്തോഴിയുംകൂടി ചെലവഴിച്ചിട്ടുള്ള സമയങ്ങൾ, സംഭവങ്ങൾ !......ഞങ്ങളൊന്നിച്ചു കളിച്ചു. ഒരു ക്ലാസിലല്ലായിരുന്നിട്ടുപോലും ഒന്നിച്ചു പഠിച്ചു : ഒന്നിച്ചാണു സ്കൂളിൽപോയിരുന്നത്. എന്നും അവൾക്കു മാധുര്യം തുളുമ്പുന്ന ഓരോ കഥകൾ കാണും എന്നെ കേൾപ്പിക്കുവാൻ! സുമ!, സുമ! ഉറക്കെ വിളിക്കണമെന്നെനിക്കു തോന്നി. എന്തിന് ? തപ്തമായ എന്റെ ഹൃദയത്തിൽ മാധുര്യം തുളുമ്പുന്ന ആ കുളിർകാറ്റൊന്നു വീശിക്കുവാൻ!

എന്റെ ചിന്ത കാലത്തിന്റെ ഭ്രമണചക്രത്തെ വളരെ പിന്നിൽനിന്നും മുന്നോട്ടു ചട്ടിപ്പരിശോധിക്കുകയാണ്. ഇതേസ്ഥലം! ......ഇതേ സമയം! പക്ഷേ വർഷങ്ങൾപലതിനു മുമ്പ്! ഞാനിത്തോപ്പിൽ അന്നും— അവൾ ഇവിടംവിട്ടു എറണാകുളത്തേക്കു പോകുന്നതിന്റെ തലേദിവസം—ഒരു പുസ്തകം വായിച്ചുകൊണ്ടിരിക്കുകയായിരുന്നു. അവൾ വന്ന് എന്റെ പുറകിൽ നിന്നതു ഞാനറിഞ്ഞില്ല. മൃദുലകോമളമായ രണ്ടു പാണികൾ എന്റെ കണ്ണു പൊത്തിപ്പിടിച്ചു. അവളെന്നറിയാതെ ഞാനാ കൈകൾ തട്ടിമാറ്റി. സന്തോഷം ഭാവിക്കുന്ന, എന്നാൽ കനത്ത വിഷാദച്ഛായ മുഖത്തു നിഴലിച്ചിരുന്ന സുമവിനെയാണു ഞാൻ മുമ്പിൽ കണ്ടത്. അവൾക്കെന്തോ എന്നോടു പറയുവാനുണ്ട്. എന്നാൽ പറയുവാൻ ഒരു മടി. അവൾ വന്നെന്റെ അടുത്തിരുന്നു. ലോകം കണ്ടിട്ടില്ലാത്ത വെറും രണ്ടു പിഞ്ചുപൈതങ്ങളാണ് ഞങ്ങളന്ന്. അവളുടെ നിശ്വാസങ്ങൾക്ക് ഒരു ചൂടുള്ളതുപോലെ എനിക്കുതോന്നി. 'സുമ !' ഞാൻവിളിച്ചു. 'രവി' എന്നു പ്രതിവചിച്ചുകൊണ്ട് അവളെന്റെ മടിയിലേക്കു വീണു.........അവളുടെ കണ്ണുകൾ നിറഞ്ഞു. പക്ഷേ അവളുടെ ഊഷ്മളനിശ്വാസങ്ങളെ ആറിത്തണുപ്പിക്കുവാൻ അവ പര്യാപ്തമായില്ല.........അവൾ പൊട്ടിക്കരയുകയാണ്. എന്റെ ഹൃദയത്തിൽനിന്നും ഒരു കഷണം പൊട്ടിത്തെറിച്ചു വീഴാൻ പോകുന്നതുപോലെ എനിക്കു തോന്നി...... ഞാനെന്നെത്തന്നെ സൂക്ഷിച്ചുനോക്കി. ഞാനവളുടെ ആലിംഗനത്തിൽ അമർന്നിരിക്കുകയാണ്. എന്റെ കണ്ണും നിറഞ്ഞുകവിയുന്നുണ്ട്.......അവൾ എന്നോടായിപ്പറഞ്ഞു, 'അച്ഛന്' എറണാകുളത്തേക്കു സ്ഥലംമാറ്റം കിട്ടിയതുകൊണ്ട് ഞങ്ങൾ നാളെ പോകും.........നമുക്കിനി എന്നു കാണാം. ഒന്നിച്ചു കളിക്കാം, സംസാരിക്കാം!......ചേട്ടാ, ചേട്ടനെന്നെ......മറക്കല്ലേ! അവളുടെ ചൈതന്യം തുളുമ്പുന്ന കണ്ണുകൾ കണ്ണു

നിർകൊണ്ടു കതിർത്തിരുന്നെങ്കിലും രണ്ടു ചെറുമത്സ്യങ്ങളെപ്പോലെ അവ പെട്ടിത്തിളങ്ങുന്നുണ്ടായിരുന്നു. ഞാനാക്കണ്ണുകളിലേക്കുറ്റുനോക്കി. മൂകമായ ഭാഷയിൽ ആ കണ്ണുകൾ എന്റെ മുമ്പിൽ എന്തോ കാണിക്കവെച്ചു. അതു പ്രേമാർപ്പണമായിരുന്നുവെന്ന് എനിക്കിന്നാണു മനസ്സിലാകുന്നതു്. ഞാനപ്പോഴും അവളുടെ ആലിംഗനത്തിൽ അമർന്നിരിക്കയാണ്! അവളെ വാരിക്കോരിയെടുത്തു് അവളുടെ രക്തനിറം കലർന്ന കവിൾത്തടങ്ങളിൽ തെരുതെരെ ചുംബിക്കണമെന്നു എനിക്കു തോന്നി.——എന്നാൽ?......അവൾ വീണ്ടും പറഞ്ഞു "ചേട്ടാ, എന്നെ മറക്കല്ലേ!" അങ്ങനെ ഞങ്ങളന്നു പിരിഞ്ഞു.

"ചേട്ടാ എന്നെ മറക്കല്ലേ!"..............എന്തിനു്? ആ ചോദ്യചിഹ്നം എന്നെ മിഴിച്ചുനോക്കുകയാണ്. സുധ, സുധ ആ ചിന്ത എന്നെ വിട്ടുമാറുന്നില്ല. ദിവസങ്ങൾ പറന്നു നീങ്ങുന്തോറും ആ പേരിനു ഒരു ഹൃദ്യത, ഒരു ആസ്വാദ്യത കൂടിവരുന്നതായി എനിക്കനുഭവപ്പെട്ടു. ഞാനിന്നും സുധവിനെ മറന്നിട്ടില്ല. എനിക്കവളെ കാണണം. അവളോടു സംസാരിക്കണം. ആ കുറവാളിയെ പ്രതിക്കൂട്ടിൽ നിർത്തിക്കൊണ്ടു ചോദിക്കണം, 'സുധേ! നീ പന്ത്രണ്ടുവയസ്സുള്ള ഒരു ബാലികയായിരുന്നപ്പോൾ എന്തിനെന്നെ നിർലജ്ജം മാറോടണച്ചു് ആലിംഗനം ചെയ്തു? എന്തിനു മൂകമായ ഭാഷയിൽ എന്റെ മുമ്പിൽ പ്രേമാർപ്പണം നടത്തി?.........ആ രംഗം ഇന്നലെ കഴിഞ്ഞതുപോലെ തോന്നുന്നു, ചേട്ടാ എന്നെ മറക്കല്ലേ!.........'

ജസ്റ്റിസ് ഗോവിന്ദപ്പിള്ളയുടെ ഏകപുത്രിയാണു സുധ. ഇന്നുമവൾ എറണാകുളത്തുതന്നെയായിരിക്കും. ഓ, ആ രൂപം എന്റെ മുന്നിൽനിന്നും മാറുന്നില്ല. അതെന്നോട് ഒട്ടിപ്പിടിച്ചുപോയി. 'ആ ചുരുണ്ട തലമുടി; വട്ടമുഖം; വണ്ണമില്ലാത്ത നീണ്ട വെളുത്ത ശരീരം......' ഞാനെങ്ങനെ മറക്കും എന്റെ ഹൃദയത്തിലെ ആ കാമിനിയെ. അവളുടെ കിലുകിലാശബ്ദവും, പെരുക്കിപ്പെരുക്കിയുള്ള നടപ്പും, കാപട്യമേശാത്ത നോട്ടവും സംഭാഷണവും ഞാനെങ്ങനെ വിസ്മരിക്കും?

ഞാൻ നിശ്ചയിച്ചു, എറണാകുളത്തു പോയി അവളെ കാണുവാൻ. ......പക്ഷേ...... എന്തു പറഞ്ഞുകൊണ്ടു ഞാൻ വീട്ടിൽനിന്നു പോകും? ......അതേ, അതേ, ബാലന്റെ വീടു എറണാകുളത്താണല്ലോ. ബാലൻ പോകുമ്പോൾ കംബൈൻഡ് സ്റ്റഡിക്കു് എന്ന വ്യാജേന അവിടെ പോകാം.......... എന്നിട്ടു്......എന്നിട്ടു്......ഞാനെന്റെ സുധവിനെ കാണും.........???

* * *

ഇന്നു ഞാനും ബാലനും എറണാകുളത്താണു്. ഉച്ച കഴിഞ്ഞു് ഉറങ്ങാൻ കിടന്നിട്ടു എനിക്കുറക്കം വന്നില്ല. തല പുകഞ്ഞു വേവുന്നതുപോലെ എനിക്കു തോന്നി. വിവിധ ചിന്താപരമ്പരകൾ ചിറകടിച്ചു് എന്റടുത്തേക്കു് പറന്നുവരുന്നു. അതിൽ ഏറ്റവും മുന്നിൽ പറന്നുവരുന്ന ചിന്താപറവയുടെ മുകളിൽ സുധ ആസനസ്ഥയാണു്...... ഇനി കാത്തുനിൽക്കാൻ എനിക്കു സമയമില്ല. ഞാൻ ബാലനോടു ചോദിച്ചു ജസ്റ്റിസ് ഗോവിന്ദപ്പിള്ളയുടെ വീടേതെന്നു്. അവനു പൊട്ടിച്ചിരിക്കുവാൻ അതു ധാരാളം മതിയായിരുന്നു. ബാലൻ:— എന്താ, രവി! നിനക്കദ്ദേഹത്തെ കാണേണ്ട ആവശ്യം...... ഞാൻ നേരത്തെ കണ്ടതാ വരുന്നുണ്ടെന്നു്. നിനക്കിങ്ങനെയുള്ളടത്തെല്ലാം പരിചയം കാണും......അതിലത്ഭുതമില്ല........ എനിക്കറിയാം നീ ആരേക്കാണാനാ പോവുന്നതെന്നു്. വരുമ്പം വിശേഷമെല്ലാം പറയണേ! ജംഗ്ഷനിൽ കാണുന്ന ആ മാളികയാണ് അവരുടെ വീടു്.

പിറ്റേന്നു നാലുമണിയോടടുത്തു ഞാൻ തിരിച്ചു, ജസ്റ്റിസ് ഗോവിന്ദപ്പിള്ളയുടെ വീട്ടിലേക്ക്. ജസ്റ്റിസിനെ കാണാനല്ല, എന്റെ സുധവിനെക്കാണുവാൻ. ഓരോ ചുവടു വെക്കുന്തോറും കൂടുതൽ കൂടുതൽ ചിന്തയ്ക്കു ഞാൻ വിധേയനായിക്കൊണ്ടിരുന്നു. ഏഴു കൊല്ലം മുമ്പു കണ്ട ആകൃതിയിലും വലിപ്പത്തിലുമുള്ള ഒരു കോമള ബാലികയാണ് അവളെന്റെ കണ്ണിൽ ഇപ്പോഴും. എന്റെ പ്രതീക്ഷയിലെ സുധ അതിലധികമൊന്നും വളർന്നിട്ടില്ല.

ഞാനങ്ങു ചെല്ലുമ്പോൾ ഒരു സോഫായിലിരുന്നു അവൾ വല്ലതും വായിച്ചുകൊണ്ടിരിക്കുകയായിരിക്കും. എന്നെ കാണുമ്പോൾ കൊഞ്ചിക്കൊഞ്ചിക്കൊണ്ടവൾ ഓടിവരും. എന്നിട്ടു മധുരശബ്ദത്തിൽ ആ പറവ ചിലയ്ക്കും. "രവിച്ചേട്ടാ, ഇത്രനാൾ എവിടെയായിരുന്നു? ഞങ്ങളെയൊക്കെ മറന്നുകളയാ

വിചാരിച്ചു അല്ലേ!...... ഞങ്ങളുടെ സംഭാഷണരീതി കുറേക്കൂടെ ഏറ്റമാകും, സരസമാകുമെന്നു......ഹ....ഹ......

ഈ സമയംകൊണ്ട് ആനന്ദഭവൻെറ (ചീഫ് ജസ്റ്റീസ് ഗോവിന്ദപ്പിള്ളയുടെ വസതി) ഗോപുരവാതുക്കൽ ഞാനെത്തിയതു ഞാൻതന്നെ അറിഞ്ഞില്ല. വാതിൽ തുറന്നു ഞാനകത്തേക്കു പ്രവേശിച്ചു. മുൻപിലത്തെ കോലായിൽ ജസ്റ്റീസ് ഗോവിന്ദപ്പിള്ള എന്തോ വായിച്ചുകൊണ്ടിരിക്കുന്നു. എൻെറ ശരീരമാകെ വിറകൊള്ളുന്നതായി എനിക്കു തോന്നി. ഞാൻ കയറിച്ചെല്ലുമ്പോഴും "നിങ്ങളെന്തിനു വന്നു" എന്നു അദ്ദേഹം ചോദിച്ചാൽ ഞാനെന്തു പറയും? ആ തോന്നലിൽ ഞാനാകെ ഞെട്ടിപ്പോയി.

ധൈര്യമവലംബിച്ചുകൊണ്ട് ഞാനങ്ങോട്ടു കയറിച്ചെന്നു. എൻെറ പ്രതീക്ഷയിൽ കവിഞ്ഞ ഒരു സ്വാഗതമാണ് എനിക്കദ്ദേഹം തന്നതു്. ഇരിക്കാൻ ഒരു കസേര അദ്ദേഹംതന്നെ നീക്കിയിട്ടുതന്നു. എന്നോടു കുശലപ്രശ്നവുമാരംഭിച്ചു.

ജ. ഗോ. എന്തു പറ്റീ രവി, ഇപ്പോഴെങ്കിലും ഇങ്ങോട്ടൊന്നിറങ്ങാൻ. എന്തേ വഴി തെറ്റിപ്പോയതാണോ?

ഞാൻ. അല്ല, എൻെറ ഒരമ്മാവൻെറ വീടു ഇവിടടുത്തുണ്ട്. അവിടെ വന്നപ്പോൾ ഇങ്ങോട്ടൊന്നു കേറാൻ അവസരം കിട്ടി...

ഗോ. പിള്ള.........

ഞാൻ......സുമ ഇപ്പോൾ എവിടെയാണ്.

ഗോ. പിള്ള. അവളിപ്പോൾ പാർക്കിലേക്കു പോയിരിക്കുകയാണ്.

ഞാൻ. അതല്ല, എവിടെ പഠിക്കുന്നു?

ഗോ. പിള്ള. അവൾ ആലുവാകോളേജിൽ ചേർന്നിട്ടു കൊല്ലം മൂന്നു കഴിഞ്ഞു. രവിയും ജൂണിയർ ബി. ഏ. ക്കല്ലേ? നിങ്ങളിരുവരെ കണ്ടിട്ടില്ലേ? അവൾ പലപ്പോഴും രവിയെക്കുറിച്ചു പറയാറുണ്ടല്ലോ.

ഞാ. സുമ അവിടെയുണ്ടെന്നുതന്നെ ഞാനിപ്പോളാണറിയുന്നത്. അതെങ്ങനെ വരാനാണ്. ഞങ്ങളുടെ ക്ലാസ്സിൽ 'സുമതി' എന്നു പേരുള്ള കുട്ടികളേ ഇല്ലല്ലോ!

ഗോ. പിള്ള. അങ്ങനെ പറ്റിയേക്കാം. പേരുകൊണ്ട് അറിയാതെ പോയതാണ്. അവൾ പേരുതന്നെ അല്പം പരിഷ്കരിച്ചുകൊണ്ടു പറ്റിയതാണതു്. ഇപ്പഴത്തെ കാലമല്ലേ! പഴേ അമ്മിണിയും പാറുവും ഒന്നും രുചിക്കയില്ല.

ഞാൻ. അപ്പോൾ കോളേജിൽ എന്തു പേരാണ് വച്ചിരിക്കുന്നതു്.

ഗോ. പിള്ള. ജി. എസ്സ്. നായർ.

ഞാനാകപ്പാടെ ഒന്നു ഞെട്ടി. പക്ഷേ അതിനെ മറച്ചുകൊണ്ടിങ്ങനെ പറഞ്ഞു. "ഓഹോ! എന്നാൽ ഞാനറിയും. ഞങ്ങളുടെ ഗ്രൂപ്പിൽത്തന്നെയാണ്. പലതരം ചിന്തകൾ എൻെറ തലയിൽക്കൂടെ ചവുട്ടി നീങ്ങുന്നതുപോലെ എനിക്കു തോന്നി. ഒരു വിധത്തിൽ യാത്ര പറഞ്ഞു ഞാനവിടെനിന്നും പിരിഞ്ഞു. അവിടെനിന്നുമിറങ്ങിയപ്പോൾ എനിക്കാകെ ഒരലച്ചിൽ പറ്റിയതുപോലെ തോന്നി. എൻെറ ചിന്ത എന്നെ വട്ടം കറക്കി. ഇനി എന്തു പറഞ്ഞു ഞാനവിടെച്ചെല്ലും? എൻെറ സുമയെക്കാണും?...... എന്നിട്ടും എനിക്കെൻെറ സുമയെ തിരിച്ചറിയാൻ കഴിഞ്ഞില്ലല്ലോ?.......എൻെറ പ്രതീക്ഷയിൽ കവിഞ്ഞ് അവളെത്രയോ വളർന്നുപോയി! എൻെറ സുമ, അവളെന്നെ മറന്നില്ല. എന്നാൽ...ഞാനോ അവളുടെ അപേക്ഷകളെ നിരസിച്ചു. അവളുടെ സാമീപ്യത്തെ വെറുത്തു. എൻെറ സുമ, "ജി. എസ്സ്. നായർ" എന്ന മൂടുപടം കെട്ടി എന്നെ വഞ്ചിച്ച സുന്ദരി, എന്നോടു നീ ക്ഷമിക്കുമോ? ഇവ്വിധത്തിൽ എൻെറ ചിന്ത നാലുപാടും തപ്പിത്തപ്പി നീങ്ങുകയാണ്.

പെട്ടെന്നെൻെറ തോളിൽ വല്ലാത്ത ഒരു ഭാരം വന്നിടിച്ചതുപോലെ തോന്നി. എൻെറ വലത്തേതോളിൽനിന്നും രക്തമൊഴുകുന്നതു ഞാൻ കണ്ടു. പക്ഷേ മുറിവു സാരമില്ല.........വല്ലാത്ത ഒരു മരവിപ്പ്! ഒരു സംഭ്രമം! ഞാൻ കണ്ണു തുറിച്ചുനോക്കി. കാറിൽ ഒരു സ്ത്രീയും ഡ്രൈവറും മാത്രമേയുള്ളു.........അവരാരു്?

"അയ്യോ! എൻെറ രവിയോ" എന്ന ഒരു കരച്ചിൽ ആ യുവതിയിൽനിന്നും പുറപ്പെട്ടു. ഡ്രൈവറും ആ സ്ത്രീയുംകൂടെ എന്നെ ആ കാറിലേക്കു വാരിക്കോരി എടുത്തുകൊണ്ടുപോയി. അർദ്ധപ്രജ്ഞനായിരുന്ന എനിക്ക് ഇതൊന്നും അറിയാൻ സാധിച്ചില്ല........ഞാ

ൻ കണ്ണുതുറന്നു നോക്കിയപ്പോൾ സുന്ദരിയായ ഒരു യുവതിയുടെ മടിയിൽ തലയും വെച്ചു് ഞാനാ കാറിൽ കിടക്കുകയാണു്. മുമ്പിൽ കാറിന്റെ കടിഞ്ഞാൺ പിടിച്ചുകൊണ്ടിരിക്കുന്നു ഡ്രൈവർ. എനിക്കു സംഗതികൾ ഏതാണ്ടു മനസ്സിലായി. എന്റെ സ്വപ്നറാണാസ്ത്രീ! പാർക്കിൽനിന്നും വരുന്ന വഴി അവരുടെ കാർ എന്റെ തോളിലൊന്നുരസിയതിനാൽ പരിഭ്രാന്തരായ അവർ എന്നെ ആശുപത്രിയിലേക്കു കൊണ്ടുപോകയാണു്. വികാരങ്ങൾ എന്നെ ഉത്തേജിപ്പിക്കുന്നതായി തോന്നി. ഞങ്ങളുടെ മുമ്പിൽ ഇടുങ്ങിയ ഒരു ലോകം !......വളരെ വിഷമിച്ചാണെങ്കിലും ഞാൻ വിളിച്ചു, "സുമ!" കണ്ണുനീരിൽ മുങ്ങിയിരുന്ന എന്റെ സുമ പ്രതിവചിച്ചു,......"നാ...ഥാ"

ഞാൻ കൃതാർത്ഥനായി. എനിക്കൊരു പുതുജീവൻ അനുഭവപ്പെട്ടു. എന്റെ പ്രതീക്ഷകൾ സാഫല്യം പ്രാപിക്കയാണു്. ഞാൻ അവളുടെ കണ്ണുകളിലേക്കു ഉററുനോക്കി. ചാരിതാർത്ഥ്യസൂചകമായി ആ 'വെട്ടിത്തിളങ്ങുന്ന കണ്ണുകൾ' എന്റെനേരെ ക്ഷമാപണം ചെയ്യുന്നു. അങ്ങനെ അകന്ന ഞങ്ങളുടെ ഹൃദയങ്ങൾ വീണ്ടുമൊന്നിച്ചു. വല്ലാത്ത ഒരു വിധത്തിലെന്നു മാത്രം !. പുളകംകൊള്ളിച്ച വല്ലാത്ത ഒരു സമാഗമം.

